


23
ജൂലൈ 2024
ചൊവ്വ
1446 മുഹറം 17
1199 കർക്കിടകം 09
പേജ് 10
അബുദാബി
ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/
facebook.com/ @gulfchandrika
instagram.com/ @gulfchandrika
youtube/ @gulfchandrika
കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

## യുഎഇയിൽ മൂന്ന് പേർക്ക് ജീവപര്യന്തം തടവ്; പ്രവാസികൾക്ക് മുന്നറിയിപ്പ്

# പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുത്ത ബംഗ്ലാദേശികളെ നാടുകടത്തും

അബുദാബി: യുഎഇ നിയമം ലംഘിച്ച് പ്രതിഷേധ പ്രകടനങ്ങൾ നടത്തി കലാപത്തിന് ശ്രമിച്ച ബംഗ്ലാദേശികൾക്കെതിരെ കടുത്ത നടപടി. മൂന്ന് ബംഗ്ലാദേശ് പൗരന്മാരെ ജീവപര്യന്തം തടവിനും 54 പേരെ നാടുകടത്താനും വിധിച്ചു. പ്രതിഷേധ പ്രകടനത്തിൽ പങ്കെടുത്തതിന് മറ്റ് 53 പേർക്ക് 10 വർഷവും ഒരു പ്രതിക്ക് 11 വർഷവുമാണ് യുഎഇ ഫെഡറൽ കോടതി തടവ് ശിക്ഷ വിധിച്ചത്. ഇതേ തുടർന്ന് യുഎഇയിലെ ബംഗ്ലാദേശി നയതന്ത്ര കാര്യാലയങ്ങൾ പ്രവാസികളായ പൗരന്മാരോട് പ്രാദേശിക നിയമങ്ങൾ പാലിക്കണമെന്നും നിരോധിത പ്രവർത്തനങ്ങളിൽ ഏർപ്പെടരുതെന്നും അഭ്യർഥിച്ചു. നിയമം ലംഘിച്ചാൽ വീസ റദ്ദാക്കൽ, ജയിൽ ശിക്ഷ, പിഴ, യുഎഇയിൽ പ്രവേശിക്കുന്നതിനുള്ള നിരോധനം എന്നിവയ്ക്ക് കാരണമാകും. അബുദാബിയിലെ ബംഗ്ലാദേശ് എംബസിയും ദുബൈയിലെ കോൺസുലേറ്റ് ജനറലും അവരുടെ പൗരന്മാരോട്



ഇത്തരം പ്രവർത്തനങ്ങളുടെ വിഡിയോകളും ഫോട്ടോകളും എടുക്കരുതെന്നും കിംവദന്തികളും പ്രചാരണങ്ങളും പങ്കിടരുതെന്നും ആവശ്യപ്പെട്ടു. ബംഗ്ലാദേശിൽ അടുത്തിടെ നടന്ന തൊഴിൽ സംവരണത്തെച്ചൊല്ലിയുള്ള കലാപത്തെത്തുടർന്ന് ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ യുഎഇയിലും ബംഗ്ലാദേശി പൗരൻമാർ പ്രകടനങ്ങൾ നടത്തുകയായിരുന്നു. കഴിഞ്ഞ വെള്ളിയാഴ്ച വൈകുന്നേരമാണ് യുഎഇയുടെ വിവിധ സ്ഥലങ്ങളിൽ ഇവർ പ്രകടനം നടത്തിയത്. ഉടൻ തന്നെ എല്ലാവരെയും അറസ്റ്റ് ചെയ്ത് പ്രോസിക്യൂഷൻ നടപടികൾക്കായി കൈമാറി. ഇതേ തുടർന്ന് ഇവരെക്കുറിച്ച് അടിയന്തര അന്വേഷണം ആരംഭിക്കാൻ യുഎഇ അറ്റോർണി ജനറൽ ചാൻ സലർ ഡോ. ഹമദ് സെയ്ഫ് അൽ ഷംസി ഉത്തരവിട്ടിരുന്നു. പൊതു സ്ഥലത്ത് ഒത്തുകൂടി കലാപമുണ്ടാക്കുക, നിയമങ്ങളും ചട്ടങ്ങളും നടപ്പാക്കുന്നത് തടസ്സപ്പെടുത്തുക, വ്യക്തിസ്വാതന്ത്ര്യം ഹനിക്കുക എന്നീ ലക്ഷ്യങ്ങളോടെ സ്വന്തം ഗവൺമെന്റിനെതിരെ പ്രതിഷേധിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങളാണ് പ്രതികൾ ചെയ്തതെന്ന് യുഎഇ അറ്റോർണി ജനറലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തി. മറ്റുള്ളവരുടെ താൽപര്യങ്ങൾ ഹനിക്കുംവിധം ദോഷവും അപകടവും ഉണ്ടാക്കുക, അവരുടെ അവകാശങ്ങൾ ലംഘിക്കുക, ഗതാഗതം തടസ്സപ്പെടുത്തുക, പൊതുസ്വകാര്യ സ്വത്ത് നശിപ്പിക്കുക, ബോധപൂർവം ഗതാഗതം തടസ്സപ്പെടുത്തി പ്രകടനങ്ങൾക്ക് ആഹ്വാനം ചെയ്യുക എന്നിവ കൂടാതെ രാജ്യ സുരക്ഷയ്ക്കും പൊതുജീവിതത്തിനും എതിരായ കുറ്റകൃത്യങ്ങളും നടത്തിയതായി കണ്ടെത്തി. യുഎഇയുടെ താൽപര്യങ്ങൾ അപകടത്തിലാക്കുന്നതാണ് ഈ പ്രവൃത്തികളുടെ വിഡിയോ ദൃശ്യങ്ങൾ ഓൺലൈനിൽ റെക്കോർഡ് ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്തു എന്നതാണ് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയ മറ്റു കുറ്റങ്ങൾ. ഈ ശിക്ഷാനടപടി ഇന്ത്യക്കാർ അടക്കമുള്ള പ്രവാസികൾക്കുള്ള മുന്നറിയിപ്പായി നിയമവിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. രാജ്യത്ത് എന്ത് നടന്നാലും ആഹ്ലാദ പ്രകടനവും പ്രതിഷേധ പരിപാടികളും സംഘടിപ്പിക്കുന്നത് ഇവിടെ നിയമവിരുദ്ധമാണ്. ഇതൊന്നും നോക്കാതെ വിവിധ സംഘടനകൾ ഇത്തരം പരിപാടികൾ പുറത്തും അകത്തുമായി പലപ്പോഴും നടത്താറുണ്ട്. ഈയിടെ ഇന്ത്യ ക്രിക്കറ്റിൽ വിജയിച്ചതിന് പലയിടത്തും കൂറ്റൻ പ്രകടനങ്ങൾ നടത്തിയിരുന്നു. ഒപ്പം ദേശീയ പതാകയും പ്രകടനങ്ങളിൽ വീശാറുണ്ട്. ആവേശത്തിലും സന്തോഷത്തിലും ചെയ്തുവരുന്നതാണെങ്കിലും നിയമനടപടിയിലേക്ക് പോയാൽ കടുത്ത ശിക്ഷയാവും ലഭിക്കുക. നാടുകടത്തലും തടവും അനുഭവിക്കേണ്ടി വരുമെന്ന് മാത്രമല്ല, പിന്നീടൊരിക്കലും ഈ രാജ്യത്തേക്കുള്ള പ്രവേശനവും റദ്ദാക്കും.

### സമാധാനപരമായ സഹവർത്തിത്വത്തിന് ആഹ്വാനം ചെയ്ത് ശൈഖ് മുഹമ്മദ്




അബൂദബി: യുഎഇയിൽ ജീവിക്കുന്ന എല്ലാ വിഭാഗം ജനങ്ങളോടും സമാധാനപരമായ സഹവർത്തിത്വത്തിന് ആഹ്വാനം ചെയ്ത് പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ. എക്സ് അക്കൗണ്ടിലൂടെയാണ് അദ്ദേഹം ഇക്കാര്യം ആവശ്യപ്പെട്ടത്. 200ലധികം രാജ്യക്കാർ യു.എ.ഇയിൽ ഒരുമയോടെ താമസിക്കുന്നു. എല്ലാവരും ഈ രാജ്യത്തിന്റെ വികസനത്തിന് സംഭാവന ചെയ്യുന്നവരാണ്. സുരക്ഷ ഈ സമൂഹത്തിന്റെ അടിസ്ഥാനശിലയാണ്. യുഎഇയെ വീടെന്ന് വിളിക്കുന്ന എല്ലാവരും സമാധാനപരമായ സഹവർത്തിത്വത്തിന്റെയും മനസ്സിലാക്കലിന്റെയും തത്ത്വങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന് ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു അദ്ദേഹം കൂട്ടിച്ചേർത്തു. കഴിഞ്ഞ ദിവസം യുഎഇ പ്രസിഡന്റ് നടത്തിയ ഈ പ്രസ്താവന പ്രവാസികൾ ഗൗരവത്തോടെ കാണേണ്ടതാണ്. ലോകത്ത് ഏറ്റവും മികച്ച ജീവിതാന്തരീക്ഷം പ്രദാനം ചെയ്യുന്ന രാജ്യത്തിന്റെ നിയമം പാലിക്കേണ്ടത് ഇവിടെ താമസിക്കുന്നവരുടെ കടമയാണ്.

## നിരാശയുടെ ഒരു ദിനം കൂടി

- അർജുന് വേണ്ടിയുള്ള തിരച്ചിലിൽ ഇന്നലെയും നിരാശ
- ലോറി കരയിലില്ലെന്ന് ഉറപ്പിച്ച് സൈന്യവും
- ഗംഗാവലി പുഴയിൽ തിരച്ചിൽ കേന്ദ്രീകരിക്കാൻ തീരുമാനം

അങ്കോല: കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ ലോറി ഡ്രൈവർ കോഴിക്കോട് സ്വദേശി അർജുന് വേണ്ടിയുള്ള തിരച്ചിലിൽ ഇന്നലേയും നിരാശ. റഡാറിൽ സിഗ്നൽ ലഭിച്ച മൂന്നിടങ്ങളിൽ ഇന്നലെ മണ്ണു നീക്കി പരിശോധന നടത്തിയെങ്കിലും ഒന്നും കണ്ടെത്താനായില്ല. ഇതോടെ കരയിൽ ലോറിയില്ലെന്ന് സൈന്യവും ദുരന്ത നിവാരണ സേനയും സ്ഥിരീകരിച്ചു. മണ്ണിടിഞ്ഞ് ഗംഗാവലി പുഴയിൽ രൂപപ്പെട്ട കൂറ്റൻ മൺതിട്ടക്കുള്ളിൽ ലോറി അകപ്പെട്ടിരിക്കാനോ ലോറി ഒഴുകിപ്പോയിരിക്കാനോ ഉള്ള സാധ്യതയാണ് ഇനി ശേഷിക്കുന്നത്. ഈ സാഹചര്യത്തിൽ ഇന്ന് മുതൽ ഗംഗാവലി പുഴ കേന്ദ്രീകരിച്ച് തിരച്ചിൽ തുടരാനാണ് തീരുമാനം.



ഇന്നലെ രാവിലെ വലിയ ലോഹ ഭാഗം മണ്ണിനടിയിലുള്ളതായി റഡാർ പരിശോധനയിൽ കണ്ടെത്തിയെന്ന വാർത്ത പ്രതീക്ഷ വർധിപ്പിച്ചിരുന്നു. മണ്ണിനൊപ്പം കൂറ്റൻ പാറക്കല്ലുകൾ കൂടിയാണ് താഴേക്ക് പതിച്ചിരിക്കുന്നത്. ഇവ നീക്കി പരിശോധന നടത്തിയെങ്കിലും നിരാശയായിരുന്നു ഫലം. റോഡിലേക്ക് പതിച്ച 98 ശതമാനം മണ്ണും നീക്കിയതോടെയാണ് ഇവിടെ ലോറിയില്ലെന്ന് സ്ഥിരീകരിച്ചത്.

ഇതിനിടെ നാവിക സേന നടത്തിയ നിരീക്ഷണത്തിൽ പുഴയുടെ അടിത്തട്ടിൽ നിന്ന് സിഗ്നൽ ലഭിച്ചതായി റിപ്പോർട്ടുണ്ട്. കരയിൽ നിന്ന് 40 മീറ്റർ അകലെയാണ് സിഗ്നൽ ലഭിച്ചിരിക്കുന്നത്. ഈ മേഖല കേന്ദ്രീകരിച്ചായിരിക്കും ഇന്ന് പരിശോധനയെന്നാണ് വിവരം. കനത്ത മഴ ഇന്നലേയും രക്ഷാ പ്രവർത്തനത്തെ ബാധിച്ചു. കോഴിക്കോട് എം.പി എം.കെ രാഘവൻ, മഞ്ചേശ്വരം എം.എൽ.എ എ.കെ.എം അഷ്റഫ് എന്നിവർ ദുരന്ത സ്ഥലത്ത് ക്യാമ്പു ചെയ്ത് രക്ഷാ പ്രവർത്തനങ്ങൾക്ക് സഹായം നൽകി വരികയാണ്.

പുഴയിൽ രണ്ടിടത്തായി കൂറ്റൻ മൺതിട്ടകൾ രൂപപ്പെട്ടിട്ടുണ്ട്. ലോറി ഇതിൽ പുതഞ്ഞു പോയിരിക്കാനുള്ള സാധ്യതഅധികൃതർ തള്ളിക്കളയുന്നില്ല.

മൺതിട്ടയുടെ ചെറിയൊരു ഭാഗം മാത്രമാണ് ജലപ്പരപ്പിന് മുകളിലുള്ളത്. ഭീമമായ ഭാഗം വെള്ളത്തിനടിയിലാണ്. വെള്ളത്തിൽ നിന്ന് മണ്ണ് നീക്കി പരിശോധന ദുഷ്കരമാണ്. അതിനാൽ അത്യാധുനിക റഡാർ സംവിധാനങ്ങൾ ഉപയോഗിച്ച് പരിശോധന നടത്താനാണ് നീക്കം. അർജുനൊപ്പം ഓരോ തമിഴ്നാട്, കർണാടക സ്വദേശികളേയും ദുരന്തത്തിൽ കാണാതായിട്ടുണ്ട്.

ഇതിനിടെ മണ്ണിടിച്ചിലിനിടെ പുഴയിൽ വീണ എൽ.പി.ജി ബുള്ളറ്റ് ടാങ്കർ ഇന്നലെ കരക്കെത്തിച്ചു. ദുരന്ത സ്ഥലത്തു നിന്ന് ഏഴു കിലോമീറ്റർ മാറിയാണ് ടാങ്കർ കണ്ടെത്തിയത്. ടാങ്കറിലുണ്ടായിരുന്ന പാചക വാതകം കുറഞ്ഞ അളവിൽ തുറന്നുവിട്ട് ദുരന്ത സാധ്യത ഒഴിവാക്കിയ ശേഷമാണ് കരക്കടുപ്പിച്ചത്.

## 11 പേരുടെ ഫലം കൂടി നെഗറ്റീവ്

# നിപയിൽ ആശ്വാസം

മലപ്പുറം: നിപ ആശങ്കയിൽ ആശ്വാസമായി ഇന്നലെ പുറത്തുവന്ന 11 പേരുടെ സ്രവ പരിശോധനാ ഫലം കൂടി നെഗറ്റീവ്. രോഗം ബാധിച്ച് മരിച്ച കുട്ടിയുടെ രക്ഷിതാക്കളുടെയും സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട പാലക്കാട് സ്വദേശികളായ രണ്ടു പേരുടെയും പരിശോധനാ ഫലവും ഇതിൽ ഉൾപ്പെടും. നിലവിൽ 406 പേരാണ് സമ്പർക്ക പട്ടികയിൽ ഉള്ളത്. ഇതിൽ 194 പേർ ഹൈ റിസ്ക് കാറ്റഗറിയിലാണ്. ഹൈ റിസ്ക് കാറ്റഗറിയിൽ ഉൾപ്പെട്ടവരിൽ 139 പേർ ആരോഗ്യ പ്രവർത്തകരാണ്. സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട 15 പേരാണ് വിവിധ ആശുപത്രികളിലായി ചികിത്സയിലുള്ളത്. ഫലം നെഗറ്റീവാവുകയും പനി അടക്കമുള്ള ലക്ഷണങ്ങൾ സുഖപ്പെടുകയും ചെയ്തവരെ ഡിസ്ചാർജ് ചെയ്യുമെന്നും ഇവർ പ്രോട്ടോകോൾ പ്രകാരമുള്ള ഐസൊലേഷനിൽ തുടരണമെന്നും മലപ്പുറത്ത് ചേർന്ന അവലോകന യോഗത്തിനു ശേഷം ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു.

ഫീൽഡ്തല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാണ്. പാണ്ടിക്കാട്, ആനക്കയം ഗ്രാമപഞ്ചായത്തുകളിലായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്നലെ 6,642 വീടുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചു. പാണ്ടിക്കാട് 3,702 വീടുകളും ആനക്കയത്ത് 2,940 വീടുകളുമാണ് ആരോഗ്യ പ്രവർത്തകർ സന്ദർശിച്ചത്. ഇതിൽ പാണ്ടിക്കാട് 331 പനി കേസുകളും ആനക്കയത്ത് 108 പനി കേസുകളുമാണ് റിപ്പോർട്ട് ചെയ്തത്. ഇതിൽ തന്നെ പാണ്ടിക്കാട്ടെ നാലു കേസുകൾ മാത്രമാണ് പ്രാഥമിക സമ്പർക്ക പട്ടികയിൽ ഉള്ളത്. ഇവരുടെ സ്രവം പരിശോധനയ്ക്കായി ശേഖരിച്ചിട്ടുണ്ട്. മരിച്ച കുട്ടിയുടെ ക്ലാസ് പി.ടി.എ ഓൺലൈനായി ചേർന്നിരുന്നു. കുട്ടികൾക്ക് കൗൺസലിങ് ആവശ്യമെങ്കിൽ വിദഗ്ധരുടെ സഹായത്തോടെ നൽകും. അധ്യാപകർക്കും സംശയ നിവാരണം നൽകും.

### ആനക്കയത്തും പാണ്ടിക്കാടും കടകളുടെ പ്രവൃത്തി സമയം

### രാവിലെ ഏഴു മുതൽ വൈകീട്ട് അഞ്ചു വരെ

മലപ്പുറം: ജില്ലയിൽ നിപ രോഗ വ്യാപനം തടയുന്നതിന്റെയും, രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെയും ഭാഗമായി പാണ്ടിക്കാട്, ആനക്കയം ഗ്രാമപഞ്ചായത്ത് പരിധികളിൽ നേരത്തെ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് പുറമേ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും ചില നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയും ജില്ലാ കലക്ടർ വി.ആർ വിനോദ് ഉത്തരവിട്ടു. വ്യാപാര സ്ഥാപനങ്ങളുടെയും കടകളുടെയും പ്രവൃത്തി സമയം രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചുവരെ ആയി നിജപ്പെടുത്തിയ ഉത്തരവിൽ ഇളവ് വരുത്തിയിട്ടുണ്ട്. രാവിലെ ഏഴു മുതൽ വൈകുന്നേരം അഞ്ചു വരെ പുതിയ ഉത്തരവുപ്രകാരം പ്രവർത്തിക്കാം. മറ്റു നിയന്ത്രണങ്ങൾ താഴെ പറയും പ്രകാരമാണ്

പൊതുജനങ്ങൾ ആശുപത്രികളിൽ രോഗികളെ സന്ദർശിക്കുന്നത് പരമാവധി ഒഴിവാക്കണം.

ജില്ലയിൽ പൊതു പരിപാടികളിലും സമ്മേളനങ്ങളിലും വിവാഹം, മറ്റ് ആഘോഷങ്ങൾ എന്നിവയിലും, ഒത്തുചേരലുകളിലും, കലാകായിക പരിപാടികളിലും, മേളകളിലും, ഉദ്ഘാടന പരിപാടികളിലും പങ്കെടുക്കാവുന്ന ആളുകളുടെ എണ്ണം പരമാവധി കുറയ്ക്കണം. ഇപ്രകാരം സംഘടിപ്പിക്കുന്ന പരിപാടികളിൽ പങ്കെടുക്കുന്നവർ നിർബന്ധമായും എൻ95 മാസ്ക് ധരിക്കുകയും സാമൂഹിക അകലം പാലിക്കുകയും വേണം. പങ്കെടുക്കുന്ന ആളുകളുടെ മേൽവിലാസം, ഫോൺ നമ്പർ എന്നിവ സംഘാടകർ രേഖപ്പെടുത്തി സൂക്ഷിക്കുകയും ഇത് ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കുകയും വേണം

പാണ്ടിക്കാട്, ആനക്കയം പഞ്ചായത്തുകളിൽ പെൻഷൻ മസ്റ്ററിങ് നടത്തുന്നതിന് ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ അക്ഷയ കേന്ദ്രങ്ങൾ, കോമൺ സർവീസ് കേന്ദ്രങ്ങൾ തുടങ്ങിയവ സന്ദർശിക്കേണ്ടതില്ല. നിയന്ത്രണങ്ങൾ നീക്കം ചെയ്യുന്നതിനനുസരിച്ച് പഞ്ചായത്തുകളിൽ കൂടുതൽ സൗകര്യങ്ങൾ ഉറപ്പാക്കും.

ഇവ ലംഘിക്കുന്നവർക്കെതിരെ 1897 ലെ പകർച്ച വ്യാധി തടയൽ നിയമം, 2005 ലെ ദുരന്തനിവാരണ നിയമം, ഭാരതീയ ന്യായ സംഹിത സെക്ഷൻ 223 എന്നിവ പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉത്തരവിൽ പറയുന്നു



### മലപ്പുറം സി.എച്ച് സെന്ററിന് ഭൂമി വിട്ടുനൽകിയ സൈനബ ഹജ്ജുമ്മ അന്തരിച്ചു

മലപ്പുറം: സെന്റിന് ലക്ഷങ്ങൾ വിലവരുന്ന ഒരു ഏക്കർ മുപ്പത് സെന്റ് ഭൂമി മലപ്പുറം സി.എച്ച് സെന്ററിന് സൗജന്യമായി നൽകിയ മലപ്പുറം കിഴക്കേത്തലയിലെ പുതുവച്ചോല സൈനബ ഹജ്ജുമ്മ(88) നിര്യാതയായി. പരേതനായ പുൽപ്പത്തൊടി കുഞ്ഞിമുഹമ്മദ് ഹാജിയുടെ ഭാര്യയാണ്. ഖബറടക്കം ഇന്ന് രാവിലെ 10 മണിക്ക് വലിയങ്ങാടി ജുമാമസ്ജിദ് ഖബർസ്ഥാനിൽ നടക്കും. കിഡ്നി രോഗം കൊണ്ട് ഡയാലിസിസിനായി ഓടി നടന്ന സഹോദരന്റെ വേദന മനസ്സിലാക്കിയാണ് തന്റെ സമ്പത്തിന്റെ മുഖ്യ ഭാഗം വരുന്ന ഭൂമി ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ സി.എച്ച് സെന്റിന് ദാനമായി നൽകിയത്. അന്നത്തെ മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റായിരുന്ന പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾക്ക് ആധാരം കൈമാറുമ്പോൾ ഒറ്റ കണ്ടീഷൻ മാത്രമായിരുന്നു സൈനബ ഹജ്ജുമ്മക്കുണ്ടായിരുന്നത്. ഞാൻ കണ്ണടക്കുന്നതിന് മുമ്പ് ഈ ഭൂമിയിൽ ഡയാലിസിസ് കേന്ദ്രം യാഥാർത്ഥ്യമാകണം. ഇത് തങ്ങൾ ഉറപ്പ് നൽകി. 2022 ജനുവരി ഒന്നിന് പുതുവത്സരദിനത്തിൽ മലപ്പുറം സി.എച്ച് സെന്ററിന് കീഴിൽ ശിഹാബ് തങ്ങൾ ഡയാലിസിസ് കേന്ദ്രം യാഥാർത്ഥ്യമായി. ഫെബ്രവരി 10ന് ആദ്യ ഡയാലിസിസ് മെഷീൻ സ്വിച്ച് ഓൺ കർമ്മം സൈനബ ഹജ്ജുമ്മ നിർവഹിച്ചു. നിർധനരായ വേദനിക്കുന്ന രോഗികൾക്ക് ഡയാലിസിസ് നൽകുന്നത് കൺകുളിർക്കെ കണ്ടു സൈനബ ഹജ്ജുമ്മ. ലാഭേച്ഛയൊന്നുമില്ലാതെ ദൈവപ്രീതി മാത്രം കാംക്ഷിച്ച് സി.എച്ച് സെന്റർ എന്ന കാര്യണ്യസമുച്ചയത്തിന് കോടികൾ വിലവരുന്ന ഭൂമിയാണ് ഹജ്ജുമ്മ സൗജന്യമായി നൽകിയത്. മലപ്പുറം നഗരത്തോട് ചേർന്ന് കിഴക്കേത്തല എപ്പാറയിൽ നിലവിൽ ഇവിടെ ദിവസവും 22 മെഷീനിൽ മൂന്ന് ഷിഫ്റ്റുകളിലായി 132 രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്യുന്നുണ്ട്.

### പാർലമെന്റിലും ചെങ്കോട്ടയിലും ബോംബ് സ്ഫോടനം നടത്തുമെന്ന് ഭീഷണി സന്ദേശം

ന്യൂഡൽഹി: പാർലമെന്റിലും ചെങ്കോട്ടയിലും ബോംബ് സ്ഫോടനം നടത്തുമെന്ന് എം.പിമാർക്ക് ഭീഷണി സന്ദേശം. കേരളത്തിൽ നിന്നുള്ള എംപിമാരായ വി.ശിവദാസനും എ.എ.റഹീമിനും ആണ് ഫോൺകോളിലൂടെ ഭീഷണി ലഭിച്ചത്. ഖാലിസ്ഥാൻ അനുകൂല സംഘടനയായ സിക്ക് ഫോർ ജസ്റ്റിസിന്റെ പേരിലാണ് സന്ദേശം. ഖാലിസ്ഥാൻ അനുകൂലമല്ലെങ്കിൽ വീട്ടിലിരിക്കാനാണ് എം.പിമാർക്ക് മുന്നറിയിപ്പ്. ഇരുവരുടെയും പരാതിയിൽ ഡൽഹി പൊലീസ് അന്വേഷണം തുടങ്ങി.

### നീറ്റ് കസിൽ ഇന്നും വാദം തുടരും

ന്യൂഡൽഹി: നീറ്റ് യു.ജി പരീക്ഷയിലെ ചോദ്യങ്ങളിലെ പിഴവ് പരിശോധിക്കാൻ ഡൽഹി ഐ.ഐ.ടി ഡയരക്ടറെ സുപ്രീം കോടതി ചുമതലപ്പെടുത്തി. വിവിധ വിഭാഗങ്ങളിലെ വിദഗ്ധർ ചോദ്യപേപ്പർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. ഇന്ന് ഉച്ചയ്ക്ക് 12നകം വിദഗ്ധ സമിതി രൂപീകരിച്ച് റിപ്പോർട്ട് നൽകാനാണ് ഐ. ഐ.ടി ഡയരക്ടർക്ക് കോടതി നിർദേശം നൽകിയിരിക്കുന്നത്. നീറ്റ് ഹർജികളിൻ മേലുള്ള വാദം ഇന്നും തുടരും. ഉത്തരത്തിനായി നൽകിയ ഓപ്ഷനിലെ പിഴവാണ് പരിശോധിക്കുന്നത്.



**മുത്തിനൊരു മുത്തം...**

*അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് (മസ്തിഷ്ക ജ്വരം) ബാധയിൽനിന്ന് രോഗമുക്തി നേടി ജീവിതത്തിലേക്ക് തിരികെയെത്തിയ കോഴിക്കോട് മേലടി സ്വദേശിയായ 14 വയസുകാരന് ആശുപത്രി വിടുന്നതിനുമുമ്പ് മുത്തം നൽകുന്ന മാതാവ്. അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് രോഗമുക്തി നേടുന്ന ഇന്ത്യയിലെ ആദ്യ കേസാണിത്. 97 ശതമാനം മരണ നിരക്കുള്ള രോഗത്തെ ലോകത്തു തന്നെ 11 പേർ മാത്രമാണ് ഇതുവരെ അതിജീവിച്ചിട്ടുള്ളത്*

സി.കെ തൻസീർ

വാർത്ത പേജ് 10

## കാവടി യാത്രാ വിവാദം

# യു.പി സർക്കാറിന് തിരിച്ചടി

- കടയുടമ പേര് പ്രദർശിപ്പിക്കണമെന്ന ഉത്തരവിന് സുപ്രീംകോടതി സ്റ്റേ
- യു.പി, മധ്യപ്രദേശ്, ഉത്തരാഖണ്ഡ് സർക്കാറുകൾക്ക് നോട്ടീസ്

ന്യൂഡൽഹി: കാവടി യാത്ര (കൻവാഡ് യാത്ര) വിവാദത്തിൽ യു.പി സർക്കാറിന് സുപ്രീംകോടതിയിൽ തിരിച്ചടി. യാത്ര കടന്നു പോകുന്ന വഴികളിലുള്ള ഭക്ഷണ ശാലകൾ കടയുടമയുടെ പേര് പ്രദർശിപ്പക്കണമെന്ന നിർദേശം സുപ്രീംകോടതി സ്റ്റേ ചെയ്തു. യു.പി സർക്കാറാണ് വിചിത്ര ഉത്തരവ് ആദ്യം പുറത്തിറക്കിയത്. പിന്നീട് ബി.ജെ.പി ഭരിക്കുന്ന ഉത്തരാഖണ്ഡ്, മധ്യപ്രദേശ് സർക്കാറുകളും ഇത്തരമൊരു ഉത്തരവ് പുറത്തിറക്കിയിരുന്നു. മൂന്ന് സംസ്ഥാന സർക്കാറുകൾക്കും സുപ്രീം കോടതി നോട്ടീസയച്ചു. ഭക്ഷണ ശാലകളിലെ തൊഴിലാളികളുടേയും ഉടമകളുടേയും പേരുകൾ പ്രദർശിപ്പിക്കാൻ നിർബന്ധിക്കരുതെന്ന് കോടതി നിർദേശിച്ചു. ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ സർക്കാറുകളുടെ നിർദേശം ഭരണ ഘടനാ വിരുദ്ധവും മുസ്‌ലിം വിരുദ്ധവുമാണെന്നാരോപിച്ച് തൃണമൂൽ കോൺഗ്രസ് എം.പി മഹുവ മൊയ്ത്ര, വിദ്യാഭ്യാസ വിദഗ്ധൻ പ്രൊഫ. അപൂർവാനന്ദ്, അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് (എ.പി.സി.ആർ) തുടങ്ങിയവർ സമർപ്പിച്ച പൊതു താൽപര്യ ഹർജിയിലാണ് ജസ്റ്റിസുമാരായ ഋഷികേഷ് റോയ്, എസ്.വി.എൻ ഭട്ടി എന്നിവർ ഉത്തരവ് സ്റ്റേ ചെയ്തത്.

താൻ കേരളത്തിൽ മുസ്‌ലിം ഉടമസ്ഥതയിലുള്ള വെജിറ്റേറിയൻ ഹോട്ടലിൽ പോയിരുന്ന അനുഭവം പറഞ്ഞുകൊണ്ടാണ് എസ്.വി. എൻ ഭട്ടി ഭക്ഷണത്തിന് എവിടെ പോകണമെന്നത് ഓരോരുത്തരുടേയും തിരഞ്ഞെടുപ്പാണെന്ന് പറഞ്ഞത്. കേരളത്തിൽ മുസ്‌ലിം ഉടമസ്ഥതയിലുള്ള ഹോട്ടലിലെ വൃത്തിയും ഭക്ഷണവും അത്ര മികച്ചതായിരുന്നെന്നും അദ്ദേഹം പറഞ്ഞു. ഹർജി വീണ്ടും പരിഗണിക്കുന്ന വെള്ളിയാഴ്ചവരെയാണ് സർക്കാറുകളുടെ നിർദേശം സ്റ്റേ ചെയ്തത്. കടയുടമകളുടെ പേര് വിവരങ്ങൾ പ്രദർശിപ്പിക്കണമെന്ന ഉത്തരവ് ഒരു വിഭാഗത്തെ സാമ്പത്തികമായി ബഹിഷ്കരിക്കാനുള്ള ആഹ്വാനമാണെന്ന് ഹർജിക്കാർക്കു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ അഭിഷേക് മനു സിങ്‌വി വാദിച്ചു. നിർദേശത്തിന് നിയമ പിൻബലമില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ വാദം തത്വത്തിൽ അംഗീകരിച്ചാണ് കോടതി നിർദേശം സ്റ്റേ ചെയ്തത്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 23 ചൊവ്വ
ഗൾഫ് ചന്ദ്രിക

## ഖത്തർ വളരുന്നു...

വ്യവസായ രംഗത്ത് വൻ വളർച്ച കൈവരിച്ചതായി ഖത്തർ വാണിജ്യ വ്യവസായ മന്ത്രാലയം. രാജ്യത്ത് ഇതുവരെ രജിസ്റ്റർ ചെയ്തതും ലൈസൻസുള്ളതുമായ സ്ഥാപനങ്ങളുടെ എണ്ണം 1,449 ആയി ഉയർന്നു. കഴിഞ്ഞ വർഷം വരെ 966 സ്ഥാപനങ്ങളാണ് രാജ്യത്ത് വ്യാവസായിക രംഗത്ത് പ്രവർത്തിച്ചിരുന്നത്. മന്ത്രാലയത്തിന്റെ വ്യാവസായിക പോർട്ടലിലാണ് ഔദ്യോഗിക കണക്കുകൾ പ്രസിദ്ധീകരിച്ചത്.

## ഒമാൻ ചുട്ടുപൊള്ളുന്നു താപനില 47.5 ഡിഗ്രി



മസ്കത്ത്: ഒമാനിൽ താപനില വീണ്ടു മുയരുന്നു. കഴിഞ്ഞ 24 മണിക്കൂറിനിടെ ഉയർന്ന താപനില റിപ്പോർട്ട് ചെയ്ത ഹംറ അൽ ദുറു പ്രദേശത്ത് 47.5 ഡിഗ്രി സെൽഷ്യസ്. സുനൈനയിൽ 46.7 ഡിഗ്രി, ഫഹൂദിൽ 46.5 ഡിഗ്രിയും ദമാവ തൈയിനിൽ 46.4 ഡിഗ്രിയും താപനില റിപ്പോർട്ട് ചെയ്തു.

## ജാക്കിയി യിങ്ങിനും സൗദി പൗരത്വം



റിയാദ്: സൗദി പൗരത്വം നൽകിയ വിദേശികളായ പ്രതിഭകളിൽ പ്രമുഖ അമേരിക്കൻ ശാസ്ത്രജ്ഞനായ സിംഗപ്പൂരിൽ നിന്നുള്ള ജാക്കിയി യിങ്ങും. ബയോ എഞ്ചിനീയറിങ്ങിലും,വൈദ്യശാസ്ത്രത്തിലും ലോകത്ത് അറിയപ്പെട്ട ശാസ്ത്രജ്ഞയാണ് ജാക്കി യി യിങ്. ലോകത്തെ ഏറ്റവും സ്വാധീനമുള്ള 500 മുസ്‌ലിംകളിൽ ഒരാളായി 2012 മുതൽ തുടർച്ചയായി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൂടിയാണ്.



### സേനയെ സേവിക്കാൻ അവസരം ലഭിച്ചതിൽ അഭിമാനം

# പ്രതിരോധ മന്ത്രി ശൈഖ് ഹംദാൻ സായുധസേന മേധാവികളെ സന്ദർശിച്ചു

ദുബൈ: യുഎഇ പ്രതിരോധ മന്ത്രിയായി ചുമതലയേറ്റ ദുബൈ കിരീടാവകാശിയും യുഎഇ ഉപപ്രധാനമന്ത്രിയുമായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം തന്റെ പുതിയ ഫെഡറൽ റോളിൽ പ്രതിരോധ മന്ത്രാലയത്തിൽ പര്യടനം നടത്തി. സായുധ സേന കമാൻഡർമാരുമായും മുതിർന്ന ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തി. സേനയിലെ പ്രവർത്തന സംവിധാനങ്ങളെക്കുറിച്ചും വികസന പദ്ധതികളെക്കുറിച്ചും നടന്നുകൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളെക്കുറിച്ചും ഉദ്യോഗസ്ഥർ വിശദീകരിച്ചതായി ശൈഖ് ഹംദാൻ എക്സിൽ കുറിച്ചു. യുഎഇ പ്രസിഡന്റ് വികസിപ്പിച്ചതും മേൽനോട്ടം വഹിക്കുന്നതും ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽമക്തൂമിന്റെ ശക്തമായ പിന്തുണയുള്ളതുമായ യുഎഇ സൈന്യം ദേശീയ അഭിമാനത്തിന്റെയും ഐക്യത്തിന്റെയും വിളക്കുമാടമാണ്. ഇത് യൂണിയന്റെ ഒരു കോട്ടയും നമ്മുടെ എതിരാളികളെ തടയുന്നതുമാണ്. അത് സ്ഥിരതയും സമൃദ്ധിയും ഉറപ്പാക്കുന്നു. നമ്മുടെ രാജ്യത്തിന്റെ നേട്ടങ്ങൾ സംരക്ഷിക്കുക. ആഗോളതലത്തിൽ സൈനിക മികവിന് അംഗീകാരം ലഭിച്ച ഈ സ്ഥാപനത്തിന്റെ ഭാഗമാകുന്നത് അഭിമാനത്തോടെ വഹിക്കുന്ന വലിയ ബഹുമതിയും ഉത്തരവാദിത്തവുമാണെന്നും ശൈഖ് ഹംദാൻ കുറിച്ചു. യുഎഇ പ്രതിരോധ മന്ത്രിയായി നിയമിതനായ ശേഷമുള്ള സന്ദർശനമാണിത്. യുഎഇയുടെ ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായി ശൈഖ് ഹംദാന്റെ സമീപകാല നിയമനം പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അംഗീകരിക്കുകയും വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം പ്രഖ്യാപിക്കുകയും ചെയ്തു.



യുഎഇ പ്രതിരോധ മന്ത്രിയായി ചുമതലയേറ്റ ഉപപ്രധാനമന്ത്രി ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം സൈനിക ആസ്ഥാനത്ത് സന്ദർശനം നടത്തിപ്പോൾ

പ്രതിരോധ മന്ത്രാലയത്തിലേക്കുള്ള തന്റെ സന്ദർശന വേളയിൽ, മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ, പ്രധാന സംരംഭങ്ങൾ, വിവിധ വെല്ലുവിളികളെ അത് എങ്ങനെ അഭിമുഖീകരിക്കുന്നു എന്നിവയെക്കുറിച്ചുള്ള വിശദമായ വിവരണം ശൈഖ് ഹംദാന് ലഭിച്ചു. ജോയിന്റ് ഓപ്പറേഷൻസ് കമാൻഡ് റൂമിന്റെ പ്രാഥമിക ചുമതലകളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. യൂണിയനെയും അതിന്റെ ഐക്യത്തെയും സംരക്ഷിക്കുന്നത് ഒരു പവിത്രമായ കടമയാണ്, ഈ ദൗത്യത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. മാതൃരാജ്യത്തെ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്തിയ എല്ലാ സംഭാവനകൾക്കും അഗാധമായ നന്ദിയുള്ളവരാണ്ശൈഖ് ഹംദാൻ പറഞ്ഞു. ഈ ടീമിലെ അംഗമായി നിങ്ങളുടെ ഇടയിൽ നിൽക്കുന്നിൽ അഭിമാനിക്കുന്നതായും രാജ്യത്തിന്റെ സംരക്ഷണത്തിൽ ദൗത്യനിർവ്വഹണത്തിലെ പങ്കാളികളോട് ചേരുന്നതിൽ സന്തോഷമുണ്ടെന്നും ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്തു. പ്രതിരോധ കാര്യ സഹമന്ത്രി മുഹമ്മദ് ബിൻ മുബാറക് അൽ മസ്‌റൂയി പ്രതിരോധ മന്ത്രാലയത്തിൽ ശൈഖ് ഹംദാനെ സ്വാഗതം ചെയ്തു; ഒമർ സുൽത്താൻ അൽ ഒലാമ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡിജിറ്റൽ ഇക്കോണമി, റിമോട്ട് വർക്ക് ആപ്ലിക്കേഷനുകൾ എന്നിവയുടെ സഹമന്ത്രി; ലെഫ്റ്റനന്റ് ജനറൽ ഇസ ബിൻ അബ്ലാൻ അൽ മസ്‌റൂയി, യുഎഇ സായുധ സേനയുടെ ചീഫ് ഓഫ് സ്റ്റാഫ്; മേജർ ജനറൽ പൈലറ്റ് ശൈഖ് അഹമ്മദ് ബിൻ തഹ്‌നൂൻ ബിൻ മുഹമ്മദ് അൽ നഹ്യാൻ, യു.എ.ഇ സായുധ സേനയുടെ ഡെപ്യൂട്ടി ചീഫ് ഓഫ് സ്റ്റാഫ്; പ്രതിരോധ മന്ത്രാലയത്തിലെ അണ്ടർ സെക്രട്ടറി മതർ സേലം അൽ ദഹേരി, പ്രതിരോധ മന്ത്രാലയത്തിലെയും യുഎഇ സായുധ സേനയിലെയും മുതിർന്ന കമാൻഡർമാരും ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു

## സായിദ് എയർപോർട്ടിലും സ്മാർട്ട് ഗേറ്റ് സംവിധാനം

അബുദാബി: ശൈഖ് സായിദ് അന്താരാഷ്ട്ര വിമാനത്താവളത്തിലും സ്മാർട് ഗേറ്റ് സംവിധാനം നിലവിൽ വന്നു. അബുദാബി വിമാനത്താവളം വഴി യാത്ര ചെയ്യുന്നവർക്ക് സ്വയം ഇമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കാം. സെൽഫ് സർവീസ് ബാഗേജ് ഡെലിവറി, എമിഗ്രേഷൻ സ്മാർട് ഗേറ്റിലും ബോർഡിങ് ഗേറ്റിലും മുഖം തിരിച്ചറിയാനുള്ള സംവിധാനം എന്നിവയാണ് സജ്ജമാക്കിയത്. വിമാനത്താവളത്തിനുള്ളിലെ എല്ലാ ബയോമെട്രിക് സംവിധാനങ്ങളെയും ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിനായി ഫെഡറൽ അതോറിറ്റി ഫോർ ഐഡന്റിറ്റി, സിറ്റിസൺഷിപ്, കസ്റ്റംസ്, പോർട്ട് സെക്യൂരിറ്റിക്കു നൽകിയിരിക്കുന്ന വിവരങ്ങളും ഉപയോഗിക്കും. പുതിയ സംവിധാനം വഴി ടിക്കറ്റ് പരിശോധന, യാത്ര രേഖകളുടെ പരിശോധന തുടങ്ങിയവയെല്ലാം ഒറ്റ പോയിന്റിൽ ചെയ്യാനാകും. 25 സെക്കൻഡ് വേണ്ടി വരുന്ന നടപടികൾ വെറും ഏഴ് സെക്കൻഡിൽ പൂർത്തിയാകും. സ്മാർട് ഗേറ്റ് സംവിധാനത്തിന്റെ പൂർത്തീകരണത്തിന് യാത്രക്കാർക്ക് ബയോമെട്രിക് വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യാൻ വിമാനത്താവളത്തിനുള്ളിൽ ഇത്തിഹാദ് ടച്ച് പോയിന്റുകൾ സ്ഥാപിച്ചു. ഇത്തിഹാദിനു പുറമെ അഞ്ച് എയർലൈനുകളുടെ ചെക്ക് ഇൻ നടപടികളും സ്മാർട് ഗേറ്റ് സംവിധാനം നടപ്പാക്കും. എല്ലാ ബോർഡിങ് ഗേറ്റുകളിലും യാത്രക്കാരുടെ ബയോമെട്രോക് രേഖകൾ ശേഖരിക്കുന്നതിനൊപ്പം അവരുടെ മുഖം തിരിച്ചറിയുന്നതിനുള്ള സംവിധാനവും ഒരുക്കി. അടുത്ത വർഷം ആകുമ്പോഴേക്കും എല്ലാ എയർലൈനുകളുടെ ചെക്ക് ഇൻ നടപടികളും ഇ ഗേറ്റിലൂടെ പൂർത്തിയാക്കാമെന്ന് അധികൃതർ പറഞ്ഞു.



### മാനസികാരോഗ്യം സംരക്ഷിക്കാൻ

## ദുബൈയിൽ 105 ദശലക്ഷം ദിർഹം പദ്ധതി



ദുബൈ: രാജ്യാന്തര നിലവാരത്തിലേക്ക് വികാസം പ്രാപിച്ച ദുബൈ നഗരത്തിൽ മാനസികാരോഗ്യം സംരക്ഷിക്കാൻ പദ്ധതി. ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയും ദുബൈ കിരീടാവകാശിയുമായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദ്, നഗരത്തിലെ ദൈനംദിന ജീവിത വെല്ലുവിളികളെ നേരിടാൻ താമസക്കാരെയും പൗരന്മാരെയും സഹായിക്കുന്നതിന് 105 ദശലക്ഷം ദിർഹം പദ്ധതി ആരംഭിച്ചു. ഈ വർഷം ആരംഭിച്ച ദുബൈ സോഷ്യൽ അജണ്ട 33 നടപ്പാക്കുന്നതിൽ മാനസിക സമ്പത്ത് നിർണായക പങ്ക് വഹിക്കുമെന്ന് ദുബൈ ഗവൺമെന്റ് മീഡിയ ഓഫീസ് റിപ്പോർട്ട് ചെയ്തു. മാനസികാരോഗ്യ പ്രശ്നങ്ങളുമായി മല്ലിടുന്നതിന്റെ ലക്ഷണങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിപാടികൾ ഉൾപ്പെടെ നിരവധി ലക്ഷ്യങ്ങൾ പദ്ധതിയുടെ ഭാഗമായി ആരംഭിക്കും. സ്കൂളുകളിൽ മാനസികാരോഗ്യത്തിന് ഊന്നൽ നൽകുന്നതും ആവശ്യമുള്ളവർക്ക് മാനസികാരോഗ്യ സംരക്ഷണം എളുപ്പത്തിൽ ലഭ്യമാക്കുന്നതും പദ്ധതിയിൽ ഉൾപ്പെടുന്നു. മാനസിക സമ്പത്ത് ജീവിതനിലവാരത്തിന് മുൻഗണന നൽകുന്ന സ്ഥലമെന്ന നിലയിൽ ഈ പദ്ധതി ദുബൈയുടെ ആഗോള പ്രശസ്തി വർദ്ധിപ്പിക്കുമെന്ന് ദുബൈ ഹെൽത്ത് അതോറിറ്റി ഡയറക്ടർ ജനറൽ അവദ് സഗീർ അൽ കെത്ബി പറഞ്ഞു.

### ബിൻ തൂഖിന്റെ നേതൃത്വത്തിൽ

## യുഎഇ പ്രതിനിധി സംഘം ഇന്ന് ഇന്ത്യ സന്ദർശിക്കും

ദുബൈ: യുഎഇയും ഇന്ത്യയും തമ്മിലുള്ള സാമ്പത്തിക സഹകരണം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ സംരംഭകത്വ മന്ത്രി ആലിയ ബിൻത് അബ്ദുല്ല അൽ മസ്‌റൂയി ഉൾപ്പെടുന്ന സാമ്പത്തിക മന്ത്രിയും ഇൻവെസ്റ്റോപ്പിയ ചെയർമാനുമായ അബ്ദുല്ല ബിൻ തൂഖ് അൽ മാരി ഉൾപ്പെടെയുള്ള യുഎഇ സാമ്പത്തിക പ്രതിനിധി സംഘം ഇന്ന് ഇന്ത്യ സന്ദർശിക്കും. സന്ദർശന വേളയിൽ ലോജിസ്റ്റിക്സ്, അഡ്വാൻസ്ഡ് ഇൻഡസ്ട്രീസ്, എന്റർപ്രണർഷിപ്പ്, എസ്എംഇകൾ, പരിസ്ഥിതി, നിക്ഷേപം എന്നിവയിൽ സർക്കാർ, സ്വകാര്യ മേഖലാ തലങ്ങളിൽ പുതിയ പങ്കാളിത്തം ഉണ്ടാക്കുന്നതിനുള്ള അവസരങ്ങൾ പ്രതിനിധി സംഘം ചർച്ച ചെയ്യും. കഴിഞ്ഞ വർഷങ്ങളിൽ കാര്യമായ വികസനം കൈവരിച്ച ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങൾ വളരുന്നതിന്റെ ഭാഗമായാണ് സന്ദർശനം. ഇരു രാജ്യങ്ങൾക്കുമിടയിൽ വൈവിധ്യമാർന്ന സാമ്പത്തിക, നിക്ഷേപ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി യുഎഇ പ്രതിനിധി സംഘത്തിന്റെ സന്ദർശന വേളയിൽ ഇൻവെസ്റ്റോപ്പിയ ഗ്ലോബൽ ടോക്സിന്റെ പുതിയ പതിപ്പ് ചെന്നൈയിൽ നടക്കും. വ്യവസായ പ്രമുഖർ, നിക്ഷേപകർ, സംരംഭകർ, സാമ്പത്തിക വിദഗ്ധർ, എമിറാത്തി, ഇന്ത്യൻ സ്വകാര്യ മേഖലാ കമ്പനികളുടെ പ്രതിനിധികൾ തുടങ്ങി 300ലധികം പേർ പങ്കെടുക്കും. ബിൻ തൂഖ് ഇന്ത്യൻ മന്ത്രിമാരുമായും സർക്കാർ ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തും. കൂടാതെ ഇന്ത്യയിലെ പ്രമുഖ എഞ്ചിനീയറിംഗ്, ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടുകളിലൊന്നായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മദ്രാസും (ഐഐടിഎം), തമിഴ്നാട് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (ടിഡ്കോ) ആസ്ഥാനവും അതിന്റെ അത്യാധുനിക ഉൽപ്പാദന കേന്ദ്രവും അദ്ദേഹം സന്ദർശിക്കും.



### നീല ഡ്രോണുകൾ കണ്ടാൽ

## സംശയിക്കേണ്ട പൊലീസാണത്

ദുബൈ: ദുബൈ പൊലീസിന്റെ കാവൽ കണ്ണുകൾ ഡ്രോണുകളായി നമുക്ക് മുകളിൽ പറക്കും. തങ്ങളുടെ പ്രദേശങ്ങളിൽ ഡ്രോണുകൾ പറക്കുന്നത് കണ്ടേക്കാവുന്ന താമസക്കാർക്കായി ദുബൈ പൊലീസ് തിങ്കളാഴ്ച അറിയിപ്പ് പുറപ്പെടുവിച്ചു. അത്യാഹിത ഘട്ടങ്ങളിൽ വേഗത്തിൽ പ്രതികരിക്കുന്നതിന്റെ ഭാഗമായാണ് പൊലീസ് ഡ്രോണുകൾ ഉപയോഗിക്കുന്നത്. ഇനി ഡ്രോണുകൾ പൊലീസിന്റേതാണെന്ന് എങ്ങനെ തിരിച്ചറിയും, അതിനും അടയാളങ്ങളുണ്ട്അവയുടെ നിറം നീലയായിരിക്കും. ആഗോള നിലവാരത്തിലുള്ള സുരക്ഷയും അത്യാഹിതങ്ങളിൽ ദ്രുത ഗതിയിൽ പ്രതികരണവും നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ദുബൈ പൊലീസ് ഈ നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത്.

### വിനോദ സഞ്ചാരികൾക്കും

## ഇനി ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ




അബുദാബി: യുഎഇയിലേക്കുള്ള വിനോദ സഞ്ചാരികൾക്ക് വിസയ്ക്ക് അപേക്ഷിക്കുമ്പോൾ ആരോഗ്യ ഇൻഷുറൻസ് ലഭിക്കാൻ പുതിയ പദ്ധതി നടപ്പാക്കുന്നു. ഫെഡറൽ അതോറിറ്റി ഫോർ ഐഡന്റിറ്റി, സിറ്റിസൺഷിപ്പ്, കസ്റ്റംസ് ആൻഡ് പോർട്ട് സെക്യൂരിറ്റി (ഐസിപി) ആണ് ടൂറിസ്റ്റ് വിസകൾക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. ഐസിപി വെബ്സൈറ്റ് വഴിയോ ആപ്പ് വഴിയോ ഓൺലൈനായി വിസയ്ക്ക് അപേക്ഷിക്കുമ്പോൾ തന്നെ ആരോഗ്യ ഇൻഷുറൻസ് ലഭിക്കാൻ വിനോദസഞ്ചാരികളെ പദ്ധതി സഹായിക്കുമെന്ന് അതോറിറ്റി ഡയറക്ടർ ജനറൽ മേജർ ജനറൽ സുഹൈൽ സയീദ് അൽ ഖൈലി പറഞ്ഞു. വിനോദസഞ്ചാരികൾക്ക് അടിയന്തര ഘട്ടങ്ങളിൽ ആരോഗ്യ പരിരക്ഷ നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. യുഎഇയിലെ എല്ലാ പ്രമുഖ ഇൻഷുറൻസ് കമ്പനികളിൽ നിന്നുമുള്ള പാക്കേജുകളുടെ വിലനിർണ്ണയവും ഇഷ്യൂവും നിയന്ത്രിക്കുന്ന ഒരു ഇലക്ട്രോണിക് പ്ലാറ്റ്ഫോമിലൂടെ ആരോഗ്യ ഇൻഷുറൻസ് ലഭ്യമാവും. എല്ലാ യാത്രക്കാർക്കും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതിലൂടെ അപ്രതീക്ഷമായ മെഡിക്കൽ എമർജൻസി ഉണ്ടായാൽ രാജ്യത്തെ സർക്കാർസ്വകാര്യ ആശുപത്രികളിൽ അടിയന്തിര ബില്ല് നൽകേണ്ടി വരില്ല.

## നൂറുൻ അലാ നൂർ മീലാദ് കോൺഫറൻസ്: പ്രചാരണ ബ്രോഷർ പ്രകാശനം



അബുദാബി സൗത്ത് സോൺ എസ്കെഎസ്എസ്എഫ് നൂറുൻ അലാ നൂർഗ്രാന്റ് മീലാദ് കോൺഫറൻസ് ബ്രോഷർ പ്രകാശനം സുന്നി സെന്റർ പ്രസിഡന്റ് സയ്യിദ് അബ്ദുൽ റഹിമാൻ തങ്ങൾ നിർവഹിക്കുന്നു

അബുദാബി: മീലാദുന്നബിയുമായി ബന്ധപ്പെട്ട് അബുദാബി സൗത്ത് സോൺ എസ്കെഎസ്എസ്എഫ് നൂറുൻ അലാ നൂർഗ്രാന്റ് മീലാദ് കോൺഫറൻസ്സംഘടിപ്പിക്കും. സെപ്തംബർ 22ന് വൈകുന്നേരം ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ നടക്കുന്ന പരിപാടിയുടെ ബ്രോഷർ പ്രകാശനം അബുദാബി സുന്നി സെന്റർ പ്രസിഡന്റ് സയ്യിദ് അബ്ദുൽ റഹിമാൻ തങ്ങൾ നിർവഹിച്ചു. ഹുബ്ബേ റസൂൽ പ്രഭാഷകൻ റൂഹേ ബയാൻ കുമ്മനം നിസാമുദ്ധീൻ അസ്ഹരി ഗ്രാന്റ് കോൺഫറൻസിൽ പങ്കെടുക്കും. ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ, അബുദാബി സുന്നി സെന്റർ,അബുദാബി സംസ്ഥാന, സൗത്ത് സോൺ എസ്കെഎസ്എസ്എഫ് നേതാക്കൾ പങ്കെടുത്തു. മുസഫാ സുന്നി സെന്റർ ചെയർമാൻ സയ്യിദ് റഫീഖുദ്ദീൻ തങ്ങൾ, അബൂദാബി സുന്നി സെന്റർ സെക്രട്ടറി അബ്ദുൽ കബീർ ഹുദവി, അബുദാബി ഇസ്‌ലാമിക് സെന്റർ വൈസ് പ്രസിഡന്റ്ശൈഖ് ഇബ്രാഹിം മുസ്‌ലിയാർ, സയ്യിദ് ഹബീബുദ്ദീൻ തങ്ങൾ മലപ്പുറം, ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ റിലീജിയസ്സെക്രട്ടറി ഇസ്ഹാഖ് നദ്‌വി കോട്ടയം, എസ്കെഎസ്എസ്എഫ് അബുദാബി സംസ്ഥാന സെക്രട്ടറി ഹഫീള് ചാലാട്, സൗത്ത് സോൺ നേതാക്കളായ ജാബിർ ബിൻ നൂഹ് ആലുവ, അൽ ഹാജ് ഉമർ പെരുമ്പാവൂർ, മുസമ്മിൽ തിരുവനന്തപുരം, സുധീർ ഹംസ എറണാകുളം, മുനീർ എറണാകുളം, നിഷാദ് കൊല്ലം പങ്കെടുത്തു. മീലാദ് കോൺഫറൻസിന്റെ ഭാഗമായി ബുർദ മജ്‌ലിസ്, മജ്‌ലിസുന്നൂർ, മാനവിക സമ്മേളനം, ദുആ മജ്‌ലിസ്, കുടുംബ സംഗമം, പ്രവാചക പ്രകീർത്തന സദസ്സ്, അന്ന ദാനം തുടങ്ങിയ പരിപാടികൾ നടക്കും. മത,സാമൂഹിക,സാംസ്കാരിക, വിദ്യാഭ്യാസ, ബിസിനസ് രംഗത്തെ പ്രമുഖർ പരിപാടിയിൽ പങ്കെടുക്കും.

### ഒന്നിച്ചിരിക്കാം ഒരുമയോടെ മുന്നേറാം

## കെഎംസിസി പ്രവർത്തക കൺവൻഷൻ

ഫുജൈറ: 'ഒന്നിച്ചിരിക്കാം ഒരുമയോടെ മുന്നേറാം കാസർകോട് ജില്ലാ ഫുജൈറ കെഎംസിസി പ്രവർത്തക കൺവൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ബഷീർ ഉളിയിൽ ഉദ്ഘാടനം ചെയ്തു. ജില്ലാ ആക്ടിങ് പ്രസിഡന്റ് റിയാസ് ചെങ്കള അധ്യക്ഷനായി. സംസ്ഥാന ആക്ടിങ് പ്രസിഡന്റ് റാഷിദ് ജാതിയേരി മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ട്രഷറർ സി.കെ അബൂബക്കർ, ജില്ലാ നിരീക്ഷകൻ റാഷിദ് മസാഫി, മുഹമ്മദ് അലി ആയഞ്ചേരി, അൻസാരി കൊല്ലം വാടി, ഷബീർ കാവിൽ,മുഹമ്മദലി ബന്ധിച്ചൽ,ബഷീർ പെരുന്നാൾപറമ്പ്,ജുറൈജ് ചന്തേര, ശംസുദ്ദീൻ ബായാർ പ്രസംഗിച്ചു. ജനറൽ സെക്രട്ടറി ഹനീഫ കൊക്കച്ചാൽ സ്വാഗതവും സിദ്ദീഖ് കുമ്പള നന്ദിയും പറഞ്ഞു




കാസർകോട് ജില്ലാ ഫുജൈറ കെഎംസിസി പ്രവർത്തക കൺവൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ബഷീർ ഉളിയിൽ ഉദ്ഘാടനം ചെയ്യുന്നു

## ക്ഷേത്രത്തിലെ തീയണച്ച മുഹമ്മദ് ബാസിലിന് ആദരം

റാസൽഖൈമ: മലപ്പുറം തിരൂർ വേട്ടക്കൊരുമകൻ ക്ഷേത്രത്തിലെ തീയണക്കാൻ സഹായിച്ച പ്രവാസി മുഹമ്മദ്ബാസിലിന് ആദരമർപ്പിച്ച് റാക് സൗഹൃദ വേദിയും റിഡേഴ്സ് ഫോറവും. റാക് ഫിഷ് മാർക്കറ്റിലെ ജീവനക്കാരനായ ബാസിൽ അവധിക്ക് നാട്ടിലായിരുന്ന സമയത്താണ് സംഭവം. സുഹൃത്തുക്കൾക്കൊപ്പം തിരൂരിലേക്ക് പോകുമ്പോഴാണ് ക്ഷേത്രത്തിൽ തീ പിടിക്കുന്നത് കണ്ടത്. ഉടൻ വാഹനം നിർത്തിയ ബാസിലും സംഘവും തീയണക്കാനുള്ള നാട്ടുകാർക്കൊപ്പം കൂടി. ക്ഷേത്രമായതിനാൽ അകത്ത് കയറുന്നതിലുള്ള ആശങ്ക ഇവർ പൂജാരിയുമായി പങ്കുവെച്ചെങ്കിലും പൂജാരി പൂർണ്ണ പിന്തുണക്കുകയായിരുന്നു. അവസരോചിതമായ ഇടപെടലിലൂടെ അത്യാഹിതം ഒഴിവാക്കാൻ യത്നിച്ച സഹപ്രവർത്തകനായ മുഹമ്മദ് ബാസിൽ ആദരവർഹിക്കുന്നതായി റാക് റീഡേഴ്സ് ഫോറം കൺവീനർ സിദ്ദീഖ് കടവത്തും റാക് സൗഹൃദ വേദി ഭാരവാഹികളായ ഇസ്മായിൽ കൂട്ടായിയും പറഞ്ഞു. റാക് ഫിഷ് മാർക്കറ്റിൽ നടന്ന ചടങ്ങിൽ റാക് കേരള സമാജം പ്രസിഡന്റ് നാസർ അൽദാന, സിദ്ദീഖ് കടവത്ത്, ഇസ്മായിൽ കൂട്ടായി എന്നിവരിൽ നിന്ന് മുഹമ്മദ് ബാസിൽ പ്രശസ്തി ഫലകം സ്വീകരിച്ചു. കരീം ഹാജി, എം. ബി അനീസുദ്ദീൻ, ഹമീദ് കാരത്തൂർ, മാനുപ്പ,റഫീഖ് പങ്കെടുത്തു.



സിഎ പരീക്ഷയിൽ മികച്ച വിജയം നേടിയ ഹൈഫ ഷറഫുദ്ദീന് അബുദാബി കടപ്പുറം മുസ്‌ലിം വെൽഫെയർ അസോസിയേഷന്റെ ഉപഹാരം പി.സി ആല്യാമുണ്ണി സമ്മാനിച്ചപ്പോൾ

## 'ഗ്രീൻ ബുക്ക്' പഠന ക്ലാസ്

അബുദാബി: മാടായി കെഎംസിസിയുടെ 'ഗ്രീൻ ബുക്ക്' പഠന പദ്ധതിയുടെ നാലാം എഡിഷൻ കെഎംസിസി സംസ്ഥാന വൈസ് പ്രസിഡന്റ് സാബിർ പി.അഹമ്മദ് ഉദ്ഘാടനം ചെയ്തു. മാടായി കെഎംസിസി വർക്കിങ് പ്രസിഡന്റ് സുബൈർ പയങ്ങാടി അധ്യക്ഷനായി. എഴുത്തുകാരനും ഗ്രന്ഥകാരനുമായ ഷെരീഫ് സാഗർ ക്ലാസെടുത്തു. സയ്യിദ് ജാബിർ തങ്ങൾ പ്രാർത്ഥന നടത്തി. കണ്ണൂർ ജില്ലാ പ്രസിഡന്റ് സാദിഖ് മുട്ടം,വൈസ് പ്രസിഡന്റ് മുസ്തഫ കെ. പുതിയങ്ങാടി, അഷ്റഫ് അസൈനാർ, ഇസ്‌ലാമിക് സെന്റർ സെക്രട്ടറി മഷൂദ് നീർച്ചാൽ പ്രസംഗിച്ചു. മാടായി കെഎംസിസി ജനറൽ സെക്രട്ടറി ഷക്കീർ പുതിയങ്ങാടി സ്വാഗതവും ട്രഷർ സസീബ് മുട്ടം നന്ദിയും പറഞ്ഞു.




മാടായി കെഎംസിസി 'ഗ്രീൻ ബുക്ക്' പഠന പദ്ധതിയുടെ നാലാം എഡിഷനിൽ എഴുത്തുകാരൻ ഷെരീഫ് സാഗർ ക്ലാസെടുക്കുന്നു





ഗസ്സ ഇപ്പോൾ കുട്ടികളുടെ മാത്രമല്ല, അന്താരാഷ്ട്ര നിയമങ്ങളുടെയും ശ്മശാനഭൂമിയാണ്. അന്താരാഷ്ട്ര നിയമങ്ങളെ നിഷ്കരുണം കൊന്നുകുഴിച്ചുമൂടുകയാണ് ഇസ്രാഈൽ ചെയ്യുന്നത്. മുൻകൂട്ടി അനുമതി വാങ്ങിയിട്ടും യു.എൻ വാഹനങ്ങൾക്കുനേരെ ഇസ്രാഈൽ സേന വെടിവെച്ചത് ഏറെ അപലപനീയമാണ്. യുദ്ധ കുറ്റകൃത്യമായി മാത്രമേ അതിനെ കാണാൻ സാധിക്കൂ. ഇസ്രാഈൽ സേനയുടെ ആക്രമണത്തിൽനിന്നും യുദ്ധകുറ്റകൃത്യങ്ങളിൽനിന്നും ഗസ്സയിലെ യു.എൻ ഉദ്യോഗസ്ഥർക്കും അന്താരാഷ്ട്ര സന്നദ്ധ സംഘടനകൾക്കും സംരക്ഷണം നൽകണം.

**അയ്മൻ സഫാദി**
ജോർദാൻ വിദേശ മന്ത്രി

## ബൈഡനെ പ്രശംസിച്ച് കമല ഹാരിസ്

വാഷിങ്ടൺ: ജോ ബൈഡൻ യു.എസ് പ്രസിഡന്റായിരിക്കെ തുല്യതയില്ലാത്ത നേട്ടങ്ങളാണ് രാജ്യം കൈവരിച്ചതെന്ന് വൈസ് പ്രസിഡന്റും നിയുക്ത ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയുമായ കമല ഹാരിസ്. അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽനിന്ന് ബൈഡൻ പിന്മാറിയ ശേഷം നടത്തിയ ആദ്യ പ്രസ്താവനയിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ അവർ പ്രശംസിച്ചു. ആധുനിക ചരിത്രത്തിൽ തന്നെ പകരംവെക്കാനില്ലാത്ത നേട്ടങ്ങളാണ് മൂന്ന് വർഷം കൊണ്ട് യു.എസ് കൈവരിച്ചതെന്ന് കമല വ്യക്തമാക്കി. ഒറ്റത്തവണ കൊണ്ട് രണ്ട് തവണ പ്രസിഡന്റായവരെയെല്ലാം കടത്തിവെട്ടി മുന്നോട്ടുപോകാൻ ബൈഡന് സാധിച്ചതായും അവർ അഭിപ്രായപ്പെട്ടു. തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ താൻ തയാറെടുക്കുകയാണെന്നും പ്രചാരണം സജീവമാക്കു മെന്നും കമല അറിയിച്ചു.

ഗൾഫ് വാർത്തകൾ

### ഖാൻ യൂനിസിൽ പിന്തുടർന്ന് കൂട്ടക്കുരുതി

# ഗസ്സയിൽ മരണം 39,000 കവിഞ്ഞു

ഗസ്സ: വംശഹത്യ തുടരുന്ന ഗസ്സയിൽ സുരക്ഷിത മേഖലയായി പ്രഖ്യാപിച്ചിരുന്ന കിഴക്കൻ ഖാൻ യൂനിസിൽ വീണ്ടും ഇസ്രാഈൽ ആക്രമണം. തിങ്കളാഴ്ച രാവിലെ ജനങ്ങളോട് ഒഴിഞ്ഞുപോകാൻ ഉത്തരവിട്ട് മിനുട്ടുകൾക്കകം വ്യോമാക്രമണവും ഷെൽവർഷവും ആരംഭിച്ചിരുന്നു. രക്ഷപ്പെടാൻ സമയം നൽകാതെ നടത്തിയ ആക്രമണങ്ങളിൽ 50 പേർ കൊല്ലപ്പെട്ടു. അനവധി ആളുകൾക്ക് പരിക്കേറ്റു. ഇതോടെ ഒൻപത് മാസത്തിലേറെയായി തുടരുന്ന കൂട്ടക്കുരുതികളിൽ മരണനിരക്ക് 39,006 ആയി ഉയർന്നു. ഖാൻ യൂനിസിൽനിന്ന് ഒഴിഞ്ഞുപോകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ലഘുലേഖകൾ വിതറിയതിനു പിന്നാലെ ഇസ്രാഈൽ സേന ആക്രമണവും തുടങ്ങിയതായി അൽ ജസീറ പറയുന്നു.

ഖാൻ യൂനുസിൽ അവശേഷിക്കുന്ന ഏക ആശുപത്രിയായ നാസർ മെഡിക്കൽ കോംപ്ലക്സ് പരിക്കേറ്റവരെക്കൊണ്ട് വീർപ്പുമുട്ടി. ഡോക്ടർമാർ ജനങ്ങളോട് രക്തദാനം ചെയ്യാൻ ആവശ്യപ്പെടുന്നുണ്ട്. ഒഴിഞ്ഞുപോകാനുള്ള അപ്രതീക്ഷിത ഉത്തരവ് നാല് ലക്ഷത്തോളം പേരെ ബാധിച്ചതായി ഫലസ്തീനിയൻ സിവിൽ ഡിഫൻസ് പറയുന്നു.



ഗസ്സയിലെ ഖാൻ യൂനിസിൽനിന്ന് ഒഴിഞ്ഞുപോകാനുള്ള ഇസ്രാഈൽ സേനയുടെ ഉത്തരവിനെത്തുടർന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്ന ഫലസ്തീനികൾ

ഗസ്സയിൽ ഓരോ ദിവസവും സുരക്ഷിത പ്രദേശങ്ങൾ ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. ഇസ്രാഈൽ ആക്രമണം തുടരുന്ന പശ്ചാത്തലത്തിൽ ഭൂരിഭാഗം പേരും പലവട്ടം പലായനം ചെയ്തവരാണ്. ഫലസ്തീനികളെ പിന്തുടർന്ന് ആക്രമിക്കുകയെന്ന കിരാത തന്ത്രമാണ് ഇസ്രാഈൽ സേന ഇപ്പോൾ പുറത്തെടുത്തിരിക്കുന്നത്. ഭക്ഷണവും കുടിവെള്ളവും കിട്ടാതെ അവശരായ ജനങ്ങൾ ഇനിയൊരു നെട്ടോട്ടത്തിന് സാധിക്കാത്ത വിധം തളർന്നിരിക്കുകയാണ്. ചതുരംഗത്തിലെന്ന പോലെ ഇസ്രാഈലികൾ തങ്ങളെ തട്ടിക്കളിച്ച് രസിക്കുകയാണെന്ന് ഫലസ്തീനികൾ പറയുന്നു. ഹമാസിന്റെ സീനിയർ കമാൻഡർമാരെ ലക്ഷ്യമിട്ടാണെന്ന് ഇസ്രാഈൽ അവകാശപ്പെടുന്ന ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നവരെല്ലാം സ്ത്രീകളും കുട്ടികളുമാണ്. 24 മണിക്കൂറിനിടെ 74 പേരാണ് കൊല്ലപ്പെട്ടത്.

അതേസമയം ഇസ്രാഈൽ സേനയുടെ യുദ്ധടാങ്കും ബുൾഡോസറും റോക്കറ്റാക്രമണത്തിൽ തകർത്തതായി ഹമാസിന്റെ സായുധ വിഭാഗമായ ഖസ്സാം ബ്രിഗേഡ്സ് അവകാശപ്പെട്ടു. അൽ ബുറൈജ് അഭയാർത്ഥി ക്യാമ്പിനു നേരെ നീങ്ങുമ്പോഴാണ് ഇസ്രാഈൽ സേനയെ ഹമാസ് ആക്രമിച്ചത്. കരയാക്രമണം തുടങ്ങിയ ശേഷം ഇസ്രാഈൽ സേന കനത്ത തിരിച്ചടി നേരിടുന്നുണ്ട്.

## മസ്ജിദുൽ അഖ്സയിൽ കുടിയേറ്റക്കാരുടെ ആക്രമണം



ജറൂസലം: അന്താരാഷ്ട്ര നിയമം ലംഘിച്ച് മസ്ജിദുൽ അഖ്സയിൽ ഇസ്രാഈലി കുടിയേറ്റക്കാർ പൊലീസ് കാവലോടെ തൽമൂദിക് ചടങ്ങ് നടത്തിയതായി ഫലസ്തീൻ വാർത്താ ഏജൻസി. മുസ്‌ലിംകളുടെ പ്രവേശനത്തിന് നിയന്ത്രണമേർപ്പെടുത്തി ഇസ്രാഈൽ പൊലീസ് കുടിയേറ്റക്കാരെ മസ്ജിദിലേക്ക് കടത്തിവിട്ടു.

1967ല സ്റ്റാറ്റസ്കോ പ്രകാരം മുസ്‌ലിംകൾക്ക് മാത്രമേ മസ്ജിദുൽ അഖ്സയിൽ പ്രാർത്ഥനക്ക് അനുമതിയുള്ളൂ. അമുസ്‌ലിംകൾക്ക് സന്ദർശനാനുമതി ഉണ്ടെങ്കിലും പ്രാർത്ഥന പാടില്ല. ജൂത തൽമൂദിക് ചടങ്ങ് പ്രാർത്ഥനയുടെ പരിധിയിൽ വരും.

അതേസമയം അധിനിവേശ വെസ്റ്റ്ബാങ്കിൽ ഇസ്രാഈൽ സേന ആക്രമണം തുടരുകയാണ്. ഒക്ടോബർ ഏഴിനുശേഷം ഓരോ രണ്ട് ദിവസം കൂടുമ്പോഴും ശരാശരി രണ്ടു കുട്ടികളെന്ന തോതിൽ കൊല്ലപ്പെടുന്നതായി യൂനിസെഫ് പറയുന്നു. കഴിഞ്ഞ ഒൻപത് മാസത്തിനിടെ വെസ്റ്റ്ബാങ്കിൽ മാത്രം 143 കുട്ടികൾ കൊല്ലപ്പെട്ടിട്ടുണ്ട്. 440ലേറെ കുട്ടികൾക്ക് വെടിവെപ്പിൽ പരിക്കേറ്റു.

## രണ്ട് ബന്ദികൾ കൊല്ലപ്പെട്ടു

ടെൽഅവീവ്: ഗസ്സയിൽ ഹമാസിന്റെ കസ്റ്റഡിയിലുള്ള ഇസ്രാഈലി ബന്ദികളിൽ രണ്ടുപേർ കൂടി കൊല്ലപ്പെട്ടതായി ഇസ്രാഈൽ. ഒക്ടോബർ ഏഴിന് ഹമാസ് തട്ടിക്കൊണ്ടുപോയ 35 വയസുള്ള സൗണ്ട് ടെക്നീഷ്യൻ യഗേവ് ബുച്ഷാബും ചരിത്രകാരനായ അലെക്സ് ഡാൻസിഗ് എന്ന 76കാരനുമാണ് മരിച്ചതെന്ന് ബന്ദികളുടെയും കാണാതായവരുടെയും കുടുംബങ്ങൾ അറിയിച്ചു.

സമാധാന ചർച്ചകൾ നീട്ടിക്കൊണ്ടുപോകുന്നതിന്റെ ദുരന്തപൂർണമായ പ്രത്യാഘാതമാണ് ഇതെന്ന് അവർ കുറ്റപ്പെടുത്തി. ബന്ദികളുടെ മരണവാർത്തയോട് ഇസ്രാഈൽ ഭരണകൂടം ഇതുവരെ പ്രതികരിച്ചിട്ടില്ല.

## വടക്കൻ ഇസ്രാഈലിൽ ഹിസ്ബുല്ല ആക്രമണം

ബെയ്റൂത്ത്: ഗസ്സയിൽ ഫലസ്തീനികളെ കൂട്ടക്കൊല ചെയ്യുന്നതിന് മറുപടിയായി ഇസ്രാഈലിനുനേരെ ഹിസ്ബുല്ലയും ഹൂഥികളും ആക്രമണം ശക്തമാക്കി. വടക്കൻ ഇസ്രാഈലിലെ മൽകിയ കുടിയേറ്റ കേന്ദ്രത്തിൽ ഇസ്രാഈലിന്റെ സൈനിക കേന്ദ്രത്തിൽ ഡ്രോണാക്രമണം നടത്തിയതായി ലബനീസ് സായുധ ഗ്രൂപ്പായ ഹിസ്ബുല്ല അവകാശപ്പെട്ടു.

സൈനിക ബങ്കറുകളിലൊന്ന് ആക്രമണത്തിൽ തകർന്നതായും തീപിടിത്തമുണ്ടായതായും റിപ്പോർട്ടുണ്ട്. ഗസ്സ വംശഹത്യ അവസാനിപ്പിക്കാതെ ഇസ്രാഈലിനുനേരെയുള്ള ആക്രമണത്തിൽനിന്ന് പിന്മാറില്ലെന്ന് ഹിസ്ബുല്ല വ്യക്താക്കി.

# ബൈഡനു പകരം കമല...?

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ നിന്ന് ജോ ബൈഡൻ പിന്മാറിയതിനു പിന്നാലെ വൈസ് പ്രസിഡന്റ് കമല ഹാരിസിനെ സ്ഥാനാർത്ഥിയാക്കാൻ ഡെമോക്രാറ്റിക് പാർട്ടിയിൽ തിരക്കിട്ട നീക്കം. പാർട്ടിയിൽ നിന്നുള്ള വലിയ സമ്മർദ്ദത്തെ തുടർന്നാണ് ബൈഡൻ പിന്മാറ്റത്തിന് തയാറായത്. തൊട്ടു പിന്നാലെ കമലക്ക് പിന്തുണയുമായി ഡെമോക്രാറ്റിക് പാർട്ടിയുടെ ഉന്നത നേതാക്കൾ രംഗത്തെത്തി. ബൈഡനും കമലയെയാണ് സ്ഥാനാർത്ഥിയായി നിർദ്ദേശിച്ചത്. ഓഗസ്റ്റിൽ നടക്കാനിരിക്കുന്ന ഡെമോക്രാറ്റിക് കൺവെൻഷനിൽ പ്രസിഡന്റ് സ്ഥാനാർത്ഥിയായി ആരെ ഉയർത്തിക്കാട്ടണമെന്ന കാര്യത്തിൽ സംശയങ്ങളെല്ലാം നീങ്ങിയിരിക്കുകയാണ്. ബൈഡന്റെ സാമ്പത്തിക സഹായ ദാതാക്കളും കമലക്ക് പിന്തുണ അറിയിച്ചിട്ടുണ്ട്.

ഡെമോക്രാറ്റിക് പാർട്ടിയുടെ പ്രൈമറികളും കോക്കസുകളുമെല്ലാം വിജയിച്ച് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ച ബൈഡൻ തിരഞ്ഞെടുപ്പ് പ്രചാരണവുമായി ഏറെ മുന്നോട്ടുപോയിരുന്നു. അതിനിടെയാണ് റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായ ഡൊണാൾഡ് ട്രംപുമായുള്ള സംവാദത്തിൽ പ്രകടനം മോശമായതിനെത്തുടർന്ന് മത്സരത്തിൽനിന്ന് പിന്മാറണമെന്ന് ആവശ്യമുയർന്നത്. ബൈഡൻ പിന്മാറുമെന്ന് വാർത്ത വന്നപ്പോൾ തന്നെ ഇന്ത്യൻ വംശജയായ കമല ഹാരിസിന്റെ പേര് ഉയർന്നുകേട്ടിരുന്നു.



യു.എസ് വൈസ് പ്രസിഡന്റ് കമല ഹാരിസ് പ്രസിഡന്റ് ജോ ബൈഡനോടൊപ്പം

കമലയുടെ പേരും ചിത്രവും പങ്കുവെച്ചുകൊണ്ടാണ് ബൈഡന്റെ പിന്മാറ്റവിവരം എക്സിലൂടെ അറിയിച്ചത്. തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഓൺലൈനായി സംഭാവന നൽകാനുള്ള ലിങ്കും അദ്ദേഹം പങ്കുവെച്ചിട്ടുണ്ട്. തന്റെ പ്രവർത്തനങ്ങളിലെ ഏറ്റവും മികച്ച പങ്കാളിയെന്നാണ് അദ്ദേഹം കമലയെ വിശേഷിപ്പിച്ചത്. ഡെമോക്രാറ്റിക് പാർട്ടിയെ ഒന്നിപ്പിക്കാൻ കമലക്ക് സാധിക്കുമെന്ന് മുതിർന്ന സെനറ്റ് അംഗം എലിസബത്ത് ബാരൻ പറഞ്ഞു. ഹിലരി ക്ലിന്റനും പിന്തുണ അറിയിച്ച് രംഗത്തുണ്ട്. തിരഞ്ഞെടുപ്പ് പ്രചാരണത്തിന് സംഭവന നൽകാൻ അവർ ജനങ്ങളോട് ആവശ്യപ്പെട്ടു. സ്ഥാനാർത്ഥിയാകാൻ സന്നദ്ധത അറിയിച്ചുകൊണ്ട് കമല വൈകാതെ വാർത്താ സമ്മേളനം നടത്തുമെന്നാണ് റിപ്പോർട്ട്. പ്രസിഡന്റ് സ്ഥാനത്തേക്ക് ഉയർത്തിക്കാട്ടാവുന്ന ഏറ്റവും മികച്ച സ്ഥാനാർത്ഥി കമല തന്നെയാണെന്ന് ഇല്ലിനോയിസ് ഗവർണർ ജെബി പ്രിറ്റ്സകർ വ്യക്തമാക്കി.

അതേസമയം പ്രസിഡന്റ് മത്സരത്തിൽനിന്ന് പിന്മാറാനുള്ള ബൈഡന്റെ തീരുമാനത്തെ രാജ്യത്തിന് അകത്തും പുറത്തുമുള്ള നിരവധി പേർ സ്വാഗതം ചെയ്തു. രാജ്യത്തിന്റെ താൽപര്യം മുൻ നിർത്തി എടുത്ത ഏറ്റവും മികച്ച തീരുമാനമെന്നാണ് ട്രംപിനു കീഴിൽ വൈസ് പ്രസിഡന്റായിരുന്ന മൈക് പെൻസ് പിന്മാറ്റത്തെ വിശേഷിപ്പിച്ചത്.

## ഫലസ്തീൻ: ബൈഡന്റെ പാതയിൽ കമലയും

വാഷിങ്ടൺ: യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായി മത്സരിക്കാൻ തയാറെടുക്കുന്ന വൈസ് പ്രസിഡന്റ് കമല ഹാരിസും ഫലസ്തീൻ വിഷയത്തിൽ പ്രസിഡന്റ് ജോ ബൈഡന്റെ നിലപാട് മുറുകെ പിടിക്കുന്ന ആളാണ്. ഇസ്രാഈൽ അനുകൂലികളായ മാതാപിതാക്കളുടെ മകൾക്ക് ഫലസ്തീനികളോട് അലിവൊന്നുമില്ല. ഇസ്രാഈൽ ഭീഷണി നേരിടുന്ന രാജ്യമാണെന്നാണ് കമലയുടെ അഭിപ്രായം

## ട്രംപിന്റെ സുരക്ഷ: വീഴ്ച പറ്റിയെന്ന് സീക്രട്ട് സർവീസ് മേധാവി

വാഷിങ്ടൺ: മുൻ അമേരിക്കൻ പ്രസിഡന്റും റിപ്പബ്ലിക്കൻ പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർത്ഥിയുമായ ഡൊണാൾഡ് ട്രംപിനുനേരെയുണ്ടായ വധശ്രമം തടയുന്നതിൽ വീഴ്ച പറ്റിയതായി അമേരിക്കൻ സീക്രട്ട് സർവീസ് മേധാവി കിംബർലി ചീറ്റിൽ. ട്രംപിനുനേരെയുണ്ടായ വെടിവെപ്പിനെക്കുറിച്ച് അന്വേഷിക്കുന്ന യു.എസ് കോൺഗ്രസ് കമ്മിറ്റി മുമ്പാകെ നൽകിയ മൊഴിയിലാണ് അവർ പരാജയം സമ്മതിച്ചത്.



കിംബർലി ചീറ്റിൽ

യു.എസ് നേതാക്കൾക്ക് സംരക്ഷണം നൽകാൻ നിയോഗിക്കപ്പെട്ട ഏജൻസിയാണ് സീക്രട്ട് സർവീസ്. പക്ഷേ, ട്രംപിനു നേരെ വെടിവെപ്പുണ്ടായ ജൂലൈ 13ന് ഞങ്ങൾ പരാജയപ്പെട്ടു.

ഏജൻസിയുടെ ഡയറക്ടർ എന്ന നിലയിൽ സീക്രട്ട് സർവീസിനുണ്ടായ സുരക്ഷാ വീഴ്ചയുടെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതായും ഇപ്പോൾ നടക്കുന്ന അന്വേഷണവുമായി സഹകരിക്കുമെന്നും അവർ അറിയിച്ചു.

## എസ്.ടി.യു ജില്ലാ തിരഞ്ഞെടുപ്പുകൾ നാളെ മുതൽ

കോഴിക്കോട്: എസ്.ടി.യു ജില്ലാ കമ്മിറ്റി തിരഞ്ഞെടുപ്പുകൾക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാവും. 2024 വർഷത്തെ അഫിലിയേഷൻ അടിസ്ഥാനമാക്കിയാണ് ജില്ലാ കമ്മിറ്റി തിരഞ്ഞെടുപ്പുകൾ നടക്കുന്നത്.

തിരുവനന്തപുരം എം.ഇ.എസ് ഹാളിൽ നടക്കുന്ന ജില്ലാ കൗൺസിൽ യോഗം സംസ്ഥാന പ്രസിഡണ്ട് അഡ്വ. എം.റഹ്മത്തുള്ള ഉദ്ഘാടനം ചെയ്യും. ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് അഷ്റഫ്, ട്രഷറർ ജി. മാഹിൻ അബൂബക്കർ പ്രസംഗിക്കും.

റിട്ടേണിംഗ് ഓഫീസർ അഷ്റഫ് എടനീർ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകും. 25 ന് കൊല്ലത്തും 27 ന് കോട്ടയത്തും തിരഞ്ഞെടുപ്പുകൾ നടക്കും. ആഗസ്റ്റ് 1 ന് ആലപ്പുഴ 2 ന് പത്തനംതിട്ട, മൂന്നിന് എറണാകുളം, 6 ന് കണ്ണൂർ, ഒൻപതിന് കാസർകോട്, 10 ന് കോഴിക്കോട്, 11 ന് ഇടുക്കി, 13 ന് വയനാട്, 14 ന് തൃശൂർ, 15 ന് പാലക്കാട്, 22 ന് മലപ്പുറം ജില്ലയിലും തിരഞ്ഞെടുപ്പ് പൂർത്തിയാക്കാൻ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു.



അറസ്റ്റിലായ സജിതൻ, ഷിജോ, ജോമോൻ

## കൊലക്കേസ് പ്രതി വെട്ടേറ്റ് മരിച്ചു; മൂന്നു പേർ അറസ്റ്റിൽ



കൊല്ലപ്പെട്ട സതീഷ്

നടത്തറ(തൃശൂർ): കൊലക്കേസ് പ്രതിയായ യുവാവ് വെട്ടേറ്റ് മരിച്ചു. സംഭവവുമായി ബന്ധപ്പെട്ട് മൂന്നു പേർ അറസ്റ്റിൽ. നടത്തറ ഐക്യനഗർ സ്വദേശി അകത്തെപറമ്പിൽ രാമു മകൻ സതീഷ് (47) ആണ് മരിച്ചത്. ഞായറാഴ്ച രാത്രി 11.30 നാണ് സംഭവം. സതീഷിന്റെ സുഹൃത്തിന്റെ മകളുടെ പിറന്നാൾ ആഘോഷങ്ങൾക്കിടിയിൽ ചില തർക്കങ്ങൾ ഉണ്ടായെങ്കിലും പ്രശ്നങ്ങൾ ഇല്ലാതെ പിരിഞ്ഞ് പോയതായിരുന്നു. പിന്നിട് വീണ്ടും സതീഷ് നടത്തറയിൽ എത്തിയശേഷം തർക്കമുണ്ടായവരെ ഫോണിൽ വിളിച്ച് വെല്ലുവിളിച്ചതായി പറയുന്നു. ഇതോടെ ഇവർ പൂച്ചെട്ടിയിൽ എത്തി ഗ്രൗണ്ടിൽ വെച്ച് വീണ്ടും തർക്കമുണ്ടാകുകയും അത് കൊലപാതകത്തിൽ കലാശിക്കുകയുമായിരുന്നു. സംഭവവുമായി ബന്ധപ്പെട്ട് പൊന്നൂക്കര കള്ളിയത്ത് വീട്ടിൽ സജിതൻ (41), വളർക്കാവ് അറയ്ക്കൽ വീട്ടിൽ ഷിജോ (41) പൂച്ചെട്ടി കാഞ്ഞിരത്തിങ്കൽ വീട്ടിൽ ജോമോൻ (45) എന്നിവരാണ് പിടിയിലായത്.

ചാപ്ലളി ബിജു, മലങ്കര വർഗീസ്, ലാലൂർ ലാൽജി കൊലക്കേസുകളിലെ പ്രതിയാണ് കൊല്ലപ്പെട്ട സതീഷ്. കൊലപാതകത്തിന് സതീഷിന്റെ കൈയിലുണ്ടായിരുന്ന വടിവാളാണ് പ്രതികൾ ഉപയോഗിച്ചതെന്ന് പൊലീസിന് മൊഴിനൽകിയിട്ടുണ്ട്. കൊലപാതകത്തിന് ശേഷം മൃതദേഹം റോഡിൽ കിടക്കുന്നത് കണ്ട് അപകടമാണ് എന്ന് കരുതി നാട്ടുകാർ ചേർന്ന് 108 ആബുലൻസിലും പൊലീസിലും വിവരം അറിയിച്ച് തുടർന്ന് സതീഷിനെ ആശുപത്രിയിൽ എത്തിച്ചപ്പോൾ മരണം സംഭവിച്ചിരുന്നു. പോസ്റ്റ് മാർട്ടത്തിന് ശേഷം മൃതദേഹസംസ്ക്കാരം നടന്നു.

### കോടതിവിധി നടപ്പാക്കാതെ പൊലീസ് പിൻമാറി

## പുളിന്താനം പള്ളിയിൽ സംഘർഷം മൂന്നുപേർ ആശുപത്രിയിൽ

പോത്താനിക്കാട് (കോതമംഗലം): പുളിന്താനം സെന്റ് ജോൺസ് ബസ്ഫാഗെ യാക്കോബായ പള്ളിയിൽ കോടതിവിധി പ്രകാരം പ്രാർഥനക്കെത്തിയവരെ മറുവിഭാഗം തടഞ്ഞു. സംഘർഷത്തിൽ പരിക്കേറ്റ് മൂന്നുപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കോടതിവിധി നടപ്പാക്കാതെ പൊലീസ് പിൻമാറി. തങ്ങൾക്കനുകൂലമായി ലഭിച്ച കോടതി ഉത്തരവ് നടപ്പാക്കത്തതിനെതിരെ ഓർത്തഡോക്സ് വിഭാഗം സമർപ്പിച്ചിരുന്ന കോടതിയലക്ഷ്യ ഹർജിയിൽ രണ്ടാഴ്ചയ്ക്കകം പള്ളി ഏറ്റെടുത്ത് ഓർത്തഡോക്സ് വിഭാഗത്തിന് കൈമാറണമെന്ന് ജൂലൈ എട്ടിന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

കോടതി വിധി നടപ്പിലാക്കാത്തതിനാൽ പൊലീസിനെയും സർക്കാരിനെയും കോടതി രൂക്ഷമായി വിമർശിച്ചിരുന്നു.

ഇതേ തുടർന്നാണ് പൊലീസ് സംഘം പള്ളി ഏറ്റെടുക്കാനുള്ള നീക്കവുമായി ഞായർ വൈകിട്ട് പള്ളിയിലെത്തിയത്. എന്നാൽ മറുവിഭാഗം എതിർത്തതോടെ പൊലീസ് പിന്മാറുകയായിരുന്നു.



പുളിന്താനം സെന്റ് ജോൺസ് ബസ്ഫാഗെ യാക്കോബായ സുറിയാനി പള്ളിയിൽ കോടതിവിധി പ്രകാരം പ്രാർഥനക്കെത്തിയവരെയും അവർക്ക് സംരക്ഷണം ഒരുക്കാനെത്തിയ പൊലീസിനെയും മറുവിഭാഗം തടയുന്നു

ഞായറാഴ്ച രാവിലെയോടെ കൂടുതൽ പോലീസും റവന്യു അധികൃതരും പള്ളിയിലെത്തി പള്ളി ഏറ്റെടുക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നുവെങ്കിലും

മറുവിഭാഗം ഗെയ്റ്റ് പൂട്ടി അകത്ത് നിലയുറപ്പിച്ച് വിധി നടപ്പാക്കാൻ പൊലീസിനെ അനുവദിച്ചില്ല. 19 മണിക്കൂർ നീണ്ട ശ്രമം ഉപേക്ഷിച്ചാണ് പൊലീസ് പിൻവാങ്ങിയത്. സംഘർഷത്തിൽ പരിക്കേറ്റ ഏളേക്കാട്ട് ഗ്രേസി തങ്കച്ചൻ, കൊടക്കപ്പറമ്പിൽ കുഞ്ഞുമോൾ ബാബു, കൈക്ക് പരുക്കേറ്റ അള്ളുങ്കൽ ലിസി വർഗീസ് എന്നിവരെ ആംബുലൻസുകളിൽ കോതമംഗലം മാർ ബേസിൽ ആശുപത്രിയിലേക്ക് മാറ്റി.

മൂവാറ്റുപുഴ ഡിവൈ.എസ്.പി. ബൈജു പി.എം, തഹസിൽദാർ ജോസുകുട്ടി കെ.എം എന്നിവരുടെ നേതൃത്വത്തിൽ 150 ലേറെ പൊലീസുകാരാണ് പള്ളിയിലെത്തിയിരുന്നത്. കോടതിയലക്ഷ്യ ഹർജി 25 ന് ഹൈക്കോടതി വീണ്ടും പരിഗണിക്കും.

അതേ സമയം വിധിക്കെതിരെ യാക്കോബായ വിഭാഗം സുപ്രീം കോടതിയിൽ സമർപ്പിച്ചിരുന്ന അപ്പീൽ 29 ന് പരിഗണിക്കും. ഇന്നലെ കേസ് കോടതി പരിഗണനയ്ക്ക് എടുത്തെങ്കിലും 29 ലേക്ക് മാറ്റുകയാണുണ്ടായത്.

## യുക്രെയ്ൻ വിദേശ മന്ത്രി ചൈനയിലേക്ക്

കീവ്: റഷ്യയുമായുള്ള യുദ്ധത്തിൽ അന്താരാഷ്ട്ര പിന്തുണ ഉറപ്പാക്കുന്നതിന്റെ ഭാഗമായി യുക്രെയ്ൻ വിദേശകാര്യ മന്ത്രി ദിമിട്രോ കുലേബ ഇന്ന് ചൈനയിലേക്ക് പുറപ്പെടും. യുക്രെയ്ൻ അധിനിവേശത്തിൽ റഷ്യക്ക് നൽകുന്ന പിന്തുണ കുറയ്ക്കാൻ അദ്ദേഹം ചൈനീസ് നേതൃത്വത്തോട് ആവശ്യപ്പെടും. ശാശ്വത സമാധാനം ഉറപ്പാക്കാനുള്ള നയതന്ത്ര നീക്കങ്ങളുമായി സഹകരിക്കാനും അദ്ദേഹം ചൈനയെ പ്രേരിപ്പിക്കും.

റഷ്യയുടെ ഏറ്റവുമടുത്ത രാഷ്ട്രീയ, സാമ്പത്തിക പങ്കാളിയാണ് ചൈന. യുദ്ധത്തിൽ റഷ്യയെ ചൈന സഹായിക്കുന്നതായി പാശ്ചാത്യ ശക്തികൾ ആരോപിക്കുന്നുണ്ട്. റഷ്യയുടെ അധിനിവേശ പ്രവർത്തനങ്ങളിൽ തങ്ങൾക്ക് പങ്കില്ലെന്ന് ചൈന വ്യക്തമാക്കിയിട്ടുണ്ടെങ്കിലും യുദ്ധത്തെ തള്ളിപ്പറഞ്ഞിട്ടില്ല.

യുക്രെയ്ന്റെ നേതൃത്വത്തിലുള്ള അന്താരാഷ്ട്ര സമാധാന സമ്മേളനങ്ങളിൽ പങ്കെടുക്കാനും അവർ വിസമ്മതിക്കുകയാണ്. കഴിഞ്ഞ മാസം റഷ്യയെ മാറ്റിനിർത്തി സ്വിറ്റ്സർലാൻഡിൽ വിളിച്ചുകൂട്ടിയ സമാധാന ഉച്ചകോടിയിൽനിന്ന് ചൈന പിന്മാറിയിരുന്നു. ഉച്ചകോടി പരാജയപ്പെടുത്താൻ റഷ്യയും ചൈനയും ഒന്നിച്ചുനീങ്ങുന്നുവെന്ന യുക്രെയ്ൻ പ്രസിഡന്റ് വൊളോദിമിർ സെലൻസ്കിയുടെ ആരോപണമാണ് ചൈനീസ് നേതൃത്വത്തെ ചൊടിപ്പിച്ചത്.

നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ ദാസൻമാരിൽ നിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണ ചൊരിയുന്നവനുമത്രെ.

(വിശുദ്ധ ഖുർആൻ: 10: 107 )

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക
1446 മുഹറം 17 • 1199 കർക്കിടകം 09

## അർജുനെ കാത്ത് പ്രതീക്ഷയോടെ

മണ്ണിനടിയിൽ പെട്ട് ഏഴാംനാൾ പിന്നിടുമ്പോഴും ഒരു നാട് ഒന്നടങ്കം കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കുകയാണ്, അർജുന്റെ തിരിച്ചുവരവിനായി. പ്രാർത്ഥനകളും പ്രതീക്ഷകൾക്കുമൊപ്പം അവനെ തേടി കാതങ്ങൾ സഞ്ചരിച്ച്, ഒരു മലയൊന്നാകെ ഒലിച്ചുവന്ന് മൂടിക്കളഞ്ഞ പ്രദേശത്തേക്ക് അവരിൽ പലരും എത്തിച്ചേർന്നിരിക്കുകയാണ്. എത്ര കഠിനാധ്വാനം ചെയ്തിട്ടാണെങ്കിലും അവനെ പുറത്തെടുക്കുമെന്ന ആത്മവിശ്വാസത്തോടെ. പക്ഷേ, ഇന്ത്യൻ സൈന്യവും കർണാടകയുടെ ദുരന്ത നിവാരണ സേനയും കേരളത്തിൽനിന്നുള്ള എണ്ണമറ്റ സന്നദ്ധപ്രവർത്തകരും റഡാറുൾപ്പെടെയുള്ള ആധുനിക സങ്കേതങ്ങളെല്ലാം ഉപയോഗിച്ച് തിരച്ചിൽ നടത്തിയിട്ടും 40 ടൺ ഭാരമുള്ള, നാനൂറിലധികം തടിക്കഷണങ്ങൾ കയറ്റിയ ലോറിയോടൊപ്പം അർജുനും കാണാമറയത്ത് തന്നെ നിലകൊള്ളുകയാണ്. കന്യാകുമാരി പനവേൽ ദേശീയപാത 66 ൽ മംഗളൂരു ഗോവ റൂട്ടിൽ കർണാടകയിലെ അങ്കോളക്കു സമീപം ഷിരൂരിൽ കഴിഞ്ഞ ചൊവ്വാഴ്ച്ച രാവിലെ 8.30 ഓടെയുണ്ടായ മണ്ണിടിച്ചിലിലാണ് അർജുൻ ഓടിച്ചിരുന്ന ലോറി അപകടത്തിൽപെട്ടത്. ഈ പാതയിൽ സഞ്ചരിക്കുന്ന മിക്ക ലോറികളും ഭക്ഷണത്തിനും വിശ്രമത്തിനുമായി ഉപയോഗപ്പെടുത്തുന്ന സ്ഥലമായിരുന്നു പ്രസ്തുത പ്രദേശം. ഒരു ഭാഗത്ത് ചെങ്കുത്തായ മലയും മറുഭാഗത്ത് ഗംഗാവലി നദിയും നിലകൊള്ളുന്ന പ്രദേശത്ത് അപകടം നടക്കുമ്പോൾ അർജുന്റെ ലോറിയും അവിടെയുണ്ടായിരുന്നുവെന്ന് ജി.പി.ആർ.എസ് വഴി വ്യക്തമാവുകയായിരുന്നു. തലേന്ന് രാത്രിഫോണിൽ സംസാരിച്ചിരുന്നുവെങ്കിലും പിറ്റേന്ന് പകൽ വിവരങ്ങളൊന്നും ലഭിക്കാത്തതിനെ തുടർന്ന് കുടുംബം നിരന്തരം ബന്ധപ്പെട്ടുകൊണ്ടേയിരുന്നു. ഇടക്കെപ്പൊഴോ ഫോൺ റിങ് ചെയ്തുവെങ്കിലും പ്രതികരണമുണ്ടായില്ല. പിന്നീട് നിശ്ചലമായിപ്പോയ ഫോൺ വീണ്ടുമൊരിക്കൽ കൂടി ശബ്ദിച്ചത് പ്രതീക്ഷക്കുവക നൽകിയെങ്കിലും പിന്നെ പ്രതികരണമൊന്നുമുണ്ടായില്ല. ഷിരൂരിൽ മണ്ണിടിച്ചിലുണ്ടായ വിവരം പുറത്തുവന്നതോടെ അർജുൻ ഓടിച്ച ലോറിയുടെ ജി.പി.ആർ.എസ് പരിശോധിച്ചപ്പോൾ ലോറി അപകടസ്ഥലത്താണെന്ന് ബോധ്യമാവുകയുമായിരുന്നു.

കർണാടക ദുരന്ത നിവാരണസേന മൂന്നുദിവസം നടത്തിയ പരിശ്രമങ്ങളിൽ സൂചനകളൊന്നും ലഭിക്കാത്തതിനെ തുടർന്ന് ഇന്ത്യൻ സൈന്യവും തിരച്ചിലിനിറങ്ങിയെങ്കിലും ഒരുപകൽ മുഴുവൻ നടത്തിയ അന്വേഷണത്തിൽ ചില ശുഭസൂചനകൾ ലഭിച്ചുവെന്നല്ലാതെ ലക്ഷ്യത്തിലെത്തിയില്ല. 90 ശതമാനത്തോളം മണ്ണുംനീക്കിക്കഴിഞ്ഞിട്ടും ലോറി കണ്ടെത്താതായതോടെ ഇനി തിരച്ചിൽ നദിയിലേക്ക് മാറ്റാനുള്ള തീരുമാനത്തിലാണ് അധികൃതർ. എന്നാൽ ബാക്കിയുള്ള പത്തുശതമാനത്തോളം മണ്ണുംനീക്കണമെന്നും നേരത്തെ നീക്കിയ മണ്ണുകൾ കൂമ്പാരമാക്കിയിട്ട ഇവിടെ പ്രതീക്ഷിക്കുവകയുണ്ടെന്നുമാണ് കുടുംബവും ലോറി ഉടമയുൾപ്പെടെയുള്ളവരും പറയുന്നത്. ശക്തമായ മഴയും മണ്ണിടിച്ചിലും കരയിലെ തിരച്ചിൽതന്നെ അതികഠിനമാക്കിയിരുന്നു. ഇനി സജീവമാക്കാനിരിക്കുന്ന നദിയിലെ തിരച്ചിൽ ഇതിനേക്കാൾ സങ്കീർണമാണെന്ന കാര്യത്തിൽ സംശയമില്ല. ഏതാണ്ട് 12 മീറ്ററോളം താഴ്ച്ചയുള്ള ഗംഗാവലിയുടെ ആഴങ്ങളിലേക്ക് 60,000 ടണ്ണോളം മണ്ണ് ഒലിച്ചെത്തി ചെറിയ തുരുത്തുകൾ രൂപപ്പെട്ടിരിക്കുകയാണ്. ഈ തുരുത്തുകൾക്കടിയിലാണ് തിരച്ചിൽ നടത്തേണ്ടിയിരിക്കുന്നത്. കൂടുതൽ ആളും സാങ്കേതിക സൗകര്യങ്ങളുമെല്ലാം അനിവാര്യമായ ഈ ഘട്ടത്തിൽ കർണാടക സംസ്ഥാനത്തിന്റെ കൈയ്യയച്ചുള്ള സഹായം അനിവാര്യമാണ്. എത്ര അധ്വാനം ആവശ്യമാണെങ്കിലും എന്തൊക്കെ സഹായംവേണ്ടിവന്നാലും അതെല്ലാം നൽകേണ്ടത് ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്. കേന്ദ്രമെന്നോ കേരളമെന്നോ കർണാടകയെന്നോ ഉള്ള വ്യത്യാസമില്ലാതെ എല്ലാ ഭരണകൂടങ്ങളുടെയും അനിവാര്യമായ ഇടപെടലുകൾ ഇക്കാര്യത്തിലുണ്ടാവേണ്ടതുണ്ട്. കാരണം മണ്ണിനടിയിൽ ആഴ്ന്നുകിടക്കുന്നത് ഒരു മനുഷ്യനാണ്. മനുഷ്യ ജീവനോളം വരില്ല മറ്റൊന്നും.

തങ്ങളുടെ പ്രിയപ്പെട്ടവനെയും കാത്ത് ഒരു ആഴ്ച്ചയോളം കാലമായി തീതിന്നുകൊണ്ടിരിക്കുന്ന ആ കുടുംബത്തിന്റെ വേദനയെ ചേർത്തുപിടിക്കേണ്ടത് മനസാക്ഷി മരവിച്ചുപോയിട്ടില്ലാത്ത എല്ലാവരുടെയും ഉത്തരവാദിത്തമാണ്. അർജുന് വേണ്ടിയുള്ള മലയാളികളുടെ ഇടപെടൽ പ്രതീക്ഷാ നിർഭരമാണ്. ഭരണാധികാരികളെന്നോ സാധാരണക്കാരെന്നോയുള്ള വ്യത്യാസമില്ലാതെ എല്ലാവരും അവനെ തിരികെയെത്തിക്കാനുള്ള ശ്രമങ്ങളിൽ എല്ലാംമറന്നു നിലകൊള്ളുകയാണ്. കോഴിക്കോടിന്റെ പ്രിയങ്കരനായ എം.പി എം.കെ രാഘവൻ ദിവസങ്ങളായി ദുരന്ത ഭൂമിയിൽ നിലയുറപ്പിച്ചിരിക്കുകയാണ്. തിരച്ചിലിൽ പങ്കാളികളാകാൻ വിവധയിടങ്ങളിൽ നിന്ന് പുറപ്പെട്ടുകൊണ്ടിരിക്കുന്ന യുവാക്കങ്ങളും നൽകുന്ന ആശ്വാസത്തിന്റെ കണിക ചെറുതല്ല.

### അടിക്കുറിപ്പ്

ഷിരൂരിൽ തുടരുകയാണ്. മഴയും മണ്ണിടിച്ചിൽ ഭീഷണിയുമായി കാലാവസ്ഥ ഇടയ്ക്കിടെ പ്രതികൂലമാകുന്നെങ്കിലും കരയിലും വെള്ളത്തിലുമായി കണ്ടെത്താനുള്ള എല്ലാ തരത്തിലുമുള്ള തിരച്ചിൽ തുടരുന്നുണ്ട്. പ്രതീക്ഷാ നിർഭരമായ മനസ്സോടെയാണ് നമ്മൾ എല്ലാവരും മുന്നോട്ട് നീങ്ങുന്നത്.

സാധ്യതയുടെ കണികയുള്ളയിടത്തെല്ലാം പരിശോധിക്കാൻ തന്നെയാണ് രക്ഷാപ്രവർത്തകർക്ക് നിർദേശവും പിന്തുണയും നൽകുന്നത്. ഈ ദുരന്തവുമായി ബന്ധപ്പെട്ട് സുപ്രധാനമായ വിഷയങ്ങൾ വരുന്ന ദിവസങ്ങളിൽ പാർലമെന്റിലും മിനിസ്ട്രിയിലും ഉന്നയിക്കും. അർജുനെ കണ്ടെത്തുന്നത് വരെ ശുഭപ്രതീക്ഷയോടെ നീങ്ങാം.

–എം.കെ രാഘവൻ എം.പി

### ചരിത്രത്തിൽ ഇന്ന്

1793 പ്രഷ്യ, ജർമൻ നഗരമായ മൈന്റ്സ് കീഴടക്കി.
1840 ആക്ട് ഓഫ് യൂണിയൻ പ്രകാരം കാനഡ പ്രവിശ്യ രൂപവത്കരിക്കപ്പെട്ടു.
1903 ഫോർഡ് മോട്ടോർ കമ്പനി അവരുടെ ആദ്യത്തെ കാർ വിറ്റു.
1929 ഇറ്റലിയിലെ ഫാസിസ്റ്റ് സർക്കാർ രാജ്യത്ത് വിദേശി വാക്കുകളുടെ പ്രയോഗം നിരോധിച്ചു.
1942 രണ്ടാം ലോകമഹായുദ്ധം: ഹിറ്റ്ലർ ഓപ്പറേഷൻ എഡിൽവെയ്സ് ഒപ്പുവച്ചു.

# ഓപ്പൺ കലാശാലയും സമാന്തര വിദ്യാഭ്യാസവും



സുഫ്‌യാൻ അബ്ദുസ്സലാം

> ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല പേരിന് നിലവിൽ വന്നതോടെ മറ്റെല്ലാ സർവ കലാശാലകൾക്കും നിയമപ്രകാരം അവരുടെ പ്രൈവറ്റ്, ഡിസ്റ്റൻസ് സംവിധാനങ്ങൾ അവസാനിപ്പിക്കേണ്ടി വന്നു. എന്നാൽ ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഓപ്പൺ സർവകലാശാലയെ വിശ്വാസമായിട്ടുമില്ല.

ഇക്കഴിഞ്ഞ ജൂലൈ 11 നു പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സെഷന്റെ സമാപന ദിവസം അഡ്വ.എൻ.ശംസുദ്ധീൻ എം.എൽ.എ സഭക്ക് മുമ്പിൽ വളരെ സുപ്രധാനമായ ഒരു ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി. വിദൂര വിദ്യാഭ്യാസത്തിനായി രൂപംകൊണ്ട ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ ഭാവിയെക്കുറിച്ചും സമാന്തര വിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികളെ കുറിച്ചുമായിരുന്നു അത്. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ, പ്രൈവറ്റ് റജിസ്ട്രേഷൻ എന്നിവയിലൂടെ പതിറ്റാണ്ടുകളായി കേരളത്തിലെ വിദ്യാർത്ഥികൾ അനുഭവിച്ചുവരുന്ന പഠന, പരീക്ഷാ സംവിധാനങ്ങളെ ഇല്ലായ്മ ചെയ്തുകൊണ്ട് അവയെല്ലാം ശ്രാനാരായണഗുരു ഓപ്പൺ സർവകലാശാല എന്ന കുടക്കീഴിൽ കൊണ്ടുവന്നെങ്കിലും ഓപ്പൺ സർവകലാശാലക്ക് വേണ്ട നിയമങ്ങളോ ചട്ടങ്ങളോ ഉണ്ടാക്കാൻ നാലുവർഷം കഴിഞ്ഞിട്ടും സർക്കാറിന് സാധ്യമാവാത്തത് വ്യക്തമായ അവകാശ ലംഘനമാണെന്നായിരുന്നു അഡ്വ.ശംസുദ്ധീൻ സ്പീക്കറുടെ ശ്രദ്ധയിൽ പെടുത്തിയത്. 'ഇല്ലത്ത് നിന്ന് ഇറങ്ങുകയും ചെയ്തു അമ്മാത്ത് എത്തിയതുമില്ല' എന്ന അവസ്ഥയിൽ കഴിയുന്ന ഓപ്പൺ സർവകലാശാലയെ കുറിച്ച് അദ്ദേഹം ഉന്നയിച്ച ക്രമപ്രശ്നം ഇങ്ങനെയായിരുന്നു. 'എല്ലാ വിദൂര, പ്രൈവറ്റ് വിദ്യാഭ്യാസ സംവിധാനങ്ങളും ഒരൊറ്റ സർവകലാശാലക്ക് കീഴിൽ കൊണ്ടുവരുന്നതിന് വേണ്ടിയാണ് 2021 ൽ ശ്രീനാരയണഗുരു ഓപ്പൺ സർവകലാശാല നിയമം കേരള നിയമസഭ പാസാക്കിയത്.

സർവകലാശാലക്ക് ആവശ്യമായ സ്റ്റാറ്റ്യൂട്ടും റൂൾസും വളരെ പെട്ടെന്ന് തന്നെ നിയമസഭയിൽ വെക്കേണ്ടതാണെന്ന് പാസാക്കപ്പെട്ട നിയമത്തിന്റെ 50, 60 വകുപ്പുകൾ നിഷ്കർഷിക്കുന്നുണ്ട്. ഈ നിയമം നിലവിൽ വന്ന് മൂന്ന് വർഷം കഴിഞ്ഞിട്ടും നാളിതുവരെ സർവകലാശാല സംബന്ധിച്ച ഒന്നാം സ്റ്റാറ്റ്യൂട്ടും ചട്ടവും നിയമസഭയുടെ പരിഗണനക്കായി വെച്ചിട്ടില്ല. ഇവ എത്രയും പെട്ടെന്ന് നിയമസഭയിൽ വെക്കേണ്ടതാണ് എന്ന് നിയമസഭയുടെ 'നടപടി ക്രമങ്ങളും കാര്യനിർവഹണങ്ങളും' ചട്ടങ്ങളുടെ 166(1) വകുപ്പ് ശക്തമായി നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഓപ്പൺ സർവകലാശാലാ നിയമത്തിന്റെ കാര്യത്തിൽ ഇതെല്ലം ലംഘിക്കപ്പെട്ടിരിക്കുന്നു. നിയമസഭ സർക്കാരിനെ ഏൽപിച്ചിരിക്കുന്ന ചുമതലകൾ ഇതുവരെയും സർക്കാർ നിർവഹിച്ചിട്ടില്ല എന്നത് അവകാശ ലംഘനം കൂടിയാണ്. മാത്രവുമല്ല ഈ നിയമത്തിന്റെ 72ാം വകുപ്പിൽ മറ്റു സർവകലാശാലകളിൽ പ്രൈവറ്റ്, ഡിസ്റ്റൻസ് വിദ്യാഭ്യാസം പാടില്ലെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. അതോടെ കേരള, എംജി, കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകളിൽ ഡിസ്റ്റൻസ് പഠനം നിർത്തിവെച്ചു. അതേസമയം ഓപ്പൺ സർവകലാശാല നിലവിൽ വന്നിട്ട് മൂന്ന് വർഷമായെങ്കിലും ഇന്നുവരെ പൂർണമായ രൂപത്തിൽ പ്രവർത്തനമാരംഭിച്ചിട്ടില്ല. നിർബന്ധിത സാഹചര്യമെന്ന് കരുതി ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ അതേ സർവകലാശാലകളിൽ ഡിസ്റ്റൻസ് പഠനത്തിന് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി താത്കാലിക അനുമതി നൽകുകയും ചെയ്തു. ഓപ്പൺ സർവകലാശാല പൂർണമായ വിധത്തിൽ പ്രവർത്തിച്ചു തുടങ്ങുമ്പോൾ മാത്രമേ മറ്റു സർവകലാശാലകളിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രൈവറ്റ്, ഡിസ്റ്റൻസ് വിദ്യാഭ്യാസ സംവിധാനങ്ങൾ നിർത്തിവെക്കാൻ പാടുള്ളൂവെന്ന് പ്രതിപക്ഷം പലതവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇന്ന് നമ്മുടെ സംസ്ഥാനം പ്രൈവറ്റ്, ഡിസ്റ്റൻസ് വിദ്യാഭ്യാസ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ വിഷയത്തിൽ സ്പീക്കറുടെ അടിയന്തിര റൂളിംഗ് ആവശ്യപ്പെടുകയാണ്.

എൻ.ശംസുദ്ധീൻ കൊണ്ടുവന്ന ക്രമപ്രശ്നത്തിന്മേൽ ഉന്നത വിദ്യാഭ്യാസമന്ത്രി ആർ.ബിന്ദു നൽകിയ വിശദീകരണം അത്ഭുതമുളവാക്കുന്നതായിരുന്നു. ചട്ടങ്ങളുടെ ഇംഗ്ലീഷ് വേർഷൻ ആയിട്ടുണ്ടെന്നും മലയാളം തയ്യാറായിട്ടില്ലെന്നും ഉടൻ തയ്യാറാക്കാമെന്നുമുള്ള ഒഴുക്കൻ മറുപടിയാണ് മന്ത്രി നൽകിയത്. ഓപ്പൺ സർവകലാശാലയുടെ ഭാവിയിൽ മന്ത്രിക്ക് തന്നെ ആശങ്കയുണ്ടോ എന്ന് സംശയിക്കത്തക്ക വിധത്തിലായിരുന്നു മറുപടി. ചട്ടം പോലും രൂപീകരിക്കാത്ത ഒരു സർവകലാശാലയുടെ കീഴിൽ ഇരുപതിനായിരത്തിലധികം വിദ്യാർഥികൾ പഠിക്കുന്നുണ്ടെന്നായിരുന്നു മന്ത്രിയുടെ അവകാശവാദം. പ്രശ്നത്തിന്മേൽ റൂളിംഗ് നൽകിയ സ്പീക്കർ എ.എൻ.ഷംസീർ ശാസനാരൂപത്തിൽ സർക്കാരിനും മന്ത്രിക്കും നിർദ്ദേശം നൽകി എന്നത് മാത്രമാണ് അല്പം ആശ്വാസം പകർന്നത്. ഒരു നിയമം സഭ പാസാക്കിയാൽ അതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ 90 ദിവസത്തിനുള്ളിൽ നൽകണമെന്ന നിയമം എന്ന് സ്പീക്കർ മന്ത്രിയെയും സർക്കാറിനെയും ഓർമ്മിപ്പിച്ചു. ചട്ടങ്ങൾ തയ്യാറാക്കാത്ത സർക്കാർ വകുപ്പുകളുടെ അലംഭാവത്തെ ന്യായീകരിക്കാൻ സാധിക്കില്ലെന്നും സ്പീക്കർ നിരീക്ഷിച്ചു. എന്നാൽ ഇതെല്ലം നാല് വർഷമായി ആവർത്തിച്ചുകൊണ്ടിരിക്കുന്ന സഭയിലെ ചിട്ടവട്ടങ്ങൾ മാത്രമാണ്. അടുത്തവർഷവും ഇതുതന്നെ ആവർത്തിച്ചേക്കാം.

പ്ലസ് ടു കഴിഞ്ഞ കേരളത്തിലെ സാധാരണക്കാരായ വിദ്യാർത്ഥികളുടെ ഭാവിയിൽ കേരള സർക്കാരിനോ നമ്മുടെ സർവ്വകലാശാലകൾക്കോ യാതൊരു താല്പര്യവുമില്ല എന്നത് കഴിഞ്ഞ നാലഞ്ചു വർഷങ്ങളായി കണ്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. 'എലിജിബിൾ ഫോർ ഹയർ സ്റ്റഡീസ്' എന്ന് മുദ്രണം ചെയ്ത സർട്ടിഫിക്കറ്റുകൾ ലഭിച്ച വിദ്യാർത്ഥികളിൽ മഹാഭൂരിപക്ഷത്തിനും നമ്മുടെ സർവകലാശാലകൾക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളജുകളിൽ സീറ്റ് ലഭിക്കുന്നില്ല. മാനേജ്മെന്റുകൾ അവരുടെ കട്ട്ഓഫ് നിശ്ചയിക്കുന്നത് 8085 ശതമാനം മാർക്കാണ്. അതേസമയം പ്ലസ് ടു പാസാവാൻ 30 ശതമാനം മാർക്ക് മതി. ഉന്നത പഠനത്തിന് യോഗ്യരായ ഇവർക്കും അത് സാധ്യമാവേണ്ടതുണ്ട്. സെൽഫ് ഫൈനാൻസ് കോളേജുകളിൽ സീറ്റ് നേടണമെങ്കിൽ ഉയർന്ന ഫീസ് നൽകേണ്ടതുണ്ട്. അത് നൽകാൻ സാധാരണക്കാർക്ക് സാധിക്കില്ല. അതിന്റെ പേരിൽ അവർക്ക് തുടർ പഠനം ഉപേക്ഷിക്കേണ്ടി വരുന്നു. ഇതിനെല്ലാം പരിഹാരമായിരുന്നത് പ്രൈവറ്റ് റജിസ്ട്രേഷൻ, ഡിസ്റ്റൻസ് സംവിധാനങ്ങൾ ആയിരുന്നു. ഇതുവഴി പ്ലസ് ടു പാസായ ഏതൊരു വിദ്യാർത്ഥിക്കും സമാന്തരമായി പഠിച്ച് യൂണിവേഴ്സിറ്റി പരീക്ഷ എഴുതാനുള്ള അവസരം ലഭിക്കുമായിരുന്നു.

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല പേരിന് നിലവിൽ വന്നതോടെ മറ്റെല്ലാ സർവകലാശാലകൾക്കും നിയമപ്രകാരം അവരുടെ പ്രൈവറ്റ്, ഡിസ്റ്റൻസ് സംവിധാനങ്ങൾ അവസാനിപ്പിക്കേണ്ടി വന്നു. ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഓപ്പൺ സർവ്വകലാശാലയെ വിശ്വാസമായിട്ടുമില്ല. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ പ്രൈവറ്റിനെയും ഡിസ്റ്റൻസിനെയും ആശ്രയിച്ചിരുന്നുവെങ്കിൽ മന്ത്രി പറഞ്ഞ കണക്കനുസരിച്ച് കേവലം ഇരുപതിനായിരം വിദ്യാർഥികൾ മാത്രമാണ് ഓപ്പൺ സർവകലാശാലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്നത് അതിനുള്ള തെളിവാണ്. വിദ്യാർത്ഥികൾ അറച്ചുനിൽക്കാൻ മതിയായ കാരണങ്ങളുണ്ട്. മറ്റു സർവ്വകലാശാലകൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ റെഗുലർ ആണ് എന്നതാണ് പ്രധാനപ്പെട്ട കാരണം. ഓപ്പൺ സർവകലാശാലകളുടെ സർട്ടിഫിക്കറ്റുകൾക്ക് യുജിസി അംഗീകാരം ഉണ്ടെങ്കിലും അവയുടെ തലക്കെട്ടിൽ തന്നെ 'ഓപ്പൺ' എന്ന മുദ്രയുള്ളത് കൊണ്ട് വിദേശങ്ങളിലും ഇന്ത്യയിലെ തന്നെ വിവിധ സ്വകാര്യ സ്ഥാപനങ്ങളിലും അതിന് പരിഗണന ലഭിക്കുന്നില്ല. ഒരേ യോഗ്യതയനുസരിച്ച് ഒരേ യുജിസിയുടെ അംഗീകാരമുള്ള യൂണിവേഴ്സിറ്റികളിൽ പരീക്ഷ എഴുതി ഒരേ കോഴ്സ് പാസാകുന്നവർക്ക് റെഗുലർ, ഓപ്പൺ എന്നിങ്ങനെ രണ്ട് തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നത് നീതീകരിക്കാൻ സാധിക്കുന്ന കാര്യമല്ല. ഒരേ രാജ്യത്ത് രണ്ടുതരം പൗരന്മാർ എന്ന് പറയുന്നതുപോലെയുള്ള വിവേചനമാണത്. കേരളത്തിലെ മറ്റു സർവകലാശാലകളിലെ ഡിസ്റ്റൻസ് കോഴ്സുകളുടെ ഫീസ് ശരാശരി ആറായിരം രൂപ മാത്രമായിരുന്നെങ്കിൽ ഓപ്പൺ സർവകലാശാലയിൽ ഇരുപതിനായിരം രൂപയാണ് ഫീസ് നിരക്ക് എന്നതും ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിന്നും വിദ്യാർത്ഥികളെ അകറ്റി നിർത്തുന്ന കാരണമാണ്. പാവപ്പെട്ട വിദ്യാർത്ഥികൾ ചുരുങ്ങിയ ചിലവിൽ അനുഭവിച്ചു വന്നിരുന്ന ഉന്നത വിദ്യാഭ്യാസത്തെ കോടികളുടെ വരുമാന മാർഗമാക്കി മാറ്റുക മാത്രമാണ് സർക്കാർ ലക്ഷ്യം. എന്നാൽ അതുവഴി നഷ്ടമാവുന്നത് സാധാരണക്കാരന്റെ ബിരുദ സങ്കല്പങ്ങളാണ്.

അഫിലിയേറ്റഡ് കോളജുകളിൽ അഡ്മിഷൻ ലഭിക്കാതെ പുറത്ത് നിൽക്കുന്ന വിദ്യാർഥികൾ അവരുടെ പഠനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ്. പാരലൽ കോളജുകൾ എന്ന് പറഞ്ഞു അവയെ എഴുതിത്തള്ളുകയല്ല വേണ്ടത്. കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിലും സാധാരണക്കാരന്റെ പഠന പ്രക്രിയയിലും പാരലൽ കോളേജുകൾ വഹിച്ചു വന്ന പങ്കിനെ ആർക്കും നിഷേധിക്കാൻ കഴിയില്ല. പ്ലസ് ടു സീറ്റ് പ്രതിസന്ധി രൂക്ഷമായി നിലനിൽക്കുമ്പോഴും സാധാരണക്കാരുടെ മക്കൾ ആശ്രയിക്കുന്നത് പാരലൽ കോളേജുകളെയാണ്. എസ്എസ്എൽസി കഴിഞ്ഞ് ഹയർ സെക്കണ്ടറിക്കായി 'സ്കോൾ കേരള'യിൽ റജിസ്റ്റർ ചെയ്തു പഠിക്കുന്ന പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ ആശ്രയിക്കുന്നതും പാരലൽ സ്ഥാപനങ്ങളെയാണ്. ബിരുദാനന്തബിരുദവും നെറ്റും പിഎച്ച്ഡിയുമെല്ലാം കഴിഞ്ഞിട്ടും സർക്കാർ ജോലി ലഭിക്കാതെ അലയുന്ന ആയിരങ്ങൾ അവരുടെ ഉപജീവനത്തിനായി അവലംബമാക്കുന്നതും സമാന്തര വിദ്യാഭ്യാസ മേഖലയെയാണ് എന്ന വസ്തുതയും ഭരണകൂടവും പൊതുസമൂഹവും ഒരു പോലെ മനസ്സിലാക്കേണ്ടതുണ്ട്.

പ്രൈവറ്റ് റജിസ്ട്രേഷനും ഡിസ്റ്റൻസ് പഠനവും പഴയത് പോലെ പോലെ എല്ലാ സർവകലാശാലകളിലും നിലനിർത്തിയാൽ മാത്രമേ സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് അവരുടെ പഠനം അനായാസം തുടരാൻ സാധിക്കുകയുള്ളൂ. എല്ലാ ഡിസ്റ്റൻസ് പഠനങ്ങളും ഒരു സർവകലാശാലക്ക് കീഴിലേക്ക് കൊണ്ടുവരികയും വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് 'ഓപ്പൺ' സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നത് വിദ്യാർത്ഥികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. മാത്രവുമല്ല, കേരളത്തിലെ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടി വരികയും ആയിരക്കണക്കിന് വിദ്യാസമ്പന്നരായ ചെറുപ്പക്കാർ വഴിയാധാരമായി തീരുകയും ചെയ്യുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംജാതമാവുകയും ചെയ്യും. സമാന്തര പഠനം നടത്തുന്ന വിദ്യാർത്ഥികളെയും അധ്യാപകരെയും ഒരുപോലെ തെരുവിലിറക്കുകയും സംസ്ഥാനത്തെ വിദ്യാഭ്യാസ തൊഴിൽ മേഖലകളെ വലിയ പ്രതിസന്ധികളിലേക്ക് കൊണ്ടുപോവുകയുമായിരിക്കും സംസ്ഥാന സർക്കാരിന്റെ നയം വരുത്തിത്തീർക്കുക.

# ഹബീബിയൻ കാലം



അഡ്വ. എം.ടി.പി അബ്ദുൽ കരീം

> കാമ്പസുകളിൽ തന്റെ ധിഷണകൊണ്ട് എം.എസ്.എഫിന് അഭിമാനകരമായ ഇടം നേടിക്കൊടുത്ത അഡ്വ. പി ഹബീബ്റഹ്മാന്റെ മറ്റൊരു ഓർമദിനത്തിൽ ആ കാലത്തെ ഓർത്തെടുക്കുകയാണ് ലേഖകൻ

വിടപറഞ്ഞ് മുപ്പത്തിനാല് വർഷങ്ങൾ പിന്നിടുമ്പോഴും തലമുറകളുടെ ഹബീബായി, സുഗന്ധവാഹിയായ ഒരനുഭവമായി അഡ്വ. ഹബീബ്റഹ്മാന്റെ അമരസ്മരണ തുടികൊട്ടി നിൽകുകയാണ്. കേരളത്തിലെ വിദ്യാർത്ഥി രാഷ്ട്രീയം ആ അക്ഷരത്രയങ്ങൾക്ക് ചുറ്റും കറങ്ങിയ കാലഘട്ടത്തിന്റെ ജ്വലിക്കുന്ന ഓർമകളാണത്. അനന്യസാധാരണമായ സംഘാടകവൈഭവം തെളിയിച്ച്, മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷനെ ഉത്തുംഗതയിലെത്തിച്ച കർമശേഷിയുടെ ഓർമകളാണത്. സർവരാലും അകറ്റിനിർത്തപ്പെട്ട വിദ്യാർത്ഥി പ്രസ്ഥാനത്തെ ഏവരാലും പ്രശംസിക്ക പ്പെട്ടതാക്കി മാറ്റിയ ഒരത്ഭുതസിദ്ധിയുടെ സ്മരണകളാണത്. ഒരുകാലത്ത് എം.എസ്.എഫുകാരന് മുൻപിൽ കൊട്ടിയടക്കപ്പെട്ട സർവകലാശാലകളുടെ വാതിലുകൾ തുറന്നിട്ട ധിഷണാശാലിയുടെ കെടാത്തഓർമകളാണത്. എംഎസ്എഫുകാരൻ ഇന്നും ഹബീബിയൻ ഇറ എന്ന് അഭിമാനപൂർവം കൊണ്ടുനടക്കുന്ന സംഘടനയിൽ കാതലായ മാറ്റങ്ങൾ ദൃശ്യമായ സുവർണകാലത്തെ അടയാളപ്പെടുത്തലാണത്. ഒഴുക്കിനെതിരെ നീന്തിയ നിർഭയനായ പോരാളിയുടെ സ്മരണയാണത്.

സാധാരണമായൊരു കുടുംബ പഞ്ചാത്തലത്തിൽ നിന്നും അകളങ്കമായ ആത്മാർത്ഥതയും ത്യാഗമനോഭാവവും നിലാപുഞ്ചിരി തൂകിയ പെരുമാറ്റവുംകൊണ്ട് പ്രവർത്തകർക്കിടയിൽ നിറഞ്ഞ ഹബീബ്, അവരുടെ സർവസ്വവുമായിമാറാൻ അധികനാളുകൾ വേണ്ടിവന്നില്ല. 1978ൽ സംസ്ഥാന ജനറൽസെക്രട്ടറിയായ ഹബീബ് പിന്നീട് രണ്ടു തവണ സംസ്ഥാനപ്രസിഡണ്ടായി. മുന്നണി ബന്ധങ്ങൾ രൂപപ്പെടുത്തുന്നതിനും വിവിധ സർവകാലാശാല യൂണിയനുകളിലും സെനറ്റ്, സിന്റിക്കേറ്റ് തുടങ്ങിയ അക്കാദമിക് സമിതികളിലും എം.എസ്.എഫിന് ഉയർന്ന അംഗീകാരം ലഭിച്ചതിലും തന്റെ ബുദ്ധികൂർമതയോടൊപ്പം, ഇതര വിദ്യാർത്ഥി സംഘടനാ നേതാക്കളുമായുള്ള ഉറ്റ സൗഹൃദവും സഹായിച്ചു. വേണ്ടത്ര അംഗബലമില്ലാഞ്ഞിട്ടും എം.എസ്.എഫ് പാനലിൽ രണ്ടുപേരെ കോഴിക്കോട് സർവകലാശാല സെനറ്റർമാരായി തിരഞ്ഞെടുത്തതിന് പിന്നിലെ ഹബീബിന്റെ അപാരമായ തന്ത്രജ്ഞതയും പിഴക്കാത്ത ചുവടുകളും കണ്ട് രാഷ്ട്രീയ എതിരാളികൾപോലും അത്ഭുതംകൂറി.

മുസ്‌ലിം വിദ്യാർത്ഥി ശക്തിയുടെ അനന്ത വിശാല സാധ്യതകളെ അദ്ദേഹം ദീർഘദർശിത്വം ചെയ്തു. എം.എസ്.എഫുകാരനാവുക എന്നത് ഒരു സ്റ്റാറ്റസ് സിംബലായി മാറ്റാൻ ഹബീബിന്റെ നേതൃത്വത്തിന് കഴിഞ്ഞു. അപകർഷതാബോധത്തിന്റെ വേരറുക്കാൻ അദ്ദേഹത്തിന്റെ പ്രവർത്തനശൈലി കൊണ്ട് സാധിച്ചു. സംഘടനാ സംവിധാനത്തിന്റെ അലകുംപിടിയും മാറ്റിയ ആ കാലയളവിലാണ് വിദ്യാർത്ഥിരാഷ്ട്രീയത്തിന് രജതരേഖയായി മാറിയ 1981ലെ എം.എസ്.എഫ് സംസ്ഥാനസമ്മേളനം അരങ്ങേറുന്നത്. ചരിത്രത്തിൽ ഇടംനേടിയ സി.എച്ചിന്റെപ്രസംഗം കൊണ്ട് ശ്രദ്ധേയമായ 1983ലെ നെയ്യാർഡാം കേമ്പിന്റെ മുഖ്യശിൽപിയും ഹബീബായിരുന്നു.

സംഘടനാ നേതൃത്വത്തിന്റെ നേരമൊഴിയാത്ത തിരക്കിനിടയിലും പഠന ത്തിൽ മിടുക്ക് കാണിച്ചു ഹബീബ്. കോഴിക്കോട് സർവകലാശാലയിൽ നിന്നും റാങ്കോടുകൂടി നിയമ ബിരുദധാരിയായ ശേഷം എൽ.എൽ.എം ക്ലാസിലും മികച്ച വിദ്യാർത്ഥിയായി. അക്കാദമിഷ്യന്റേയോ ബുദ്ധിജീവിയുടെയോ മേലങ്കി എടുത്തണിയാൻ അദ്ദേഹം ഒരുക്കമല്ലായിരുന്നു. വിദ്യാർത്ഥിരാഷ്ട്രീയം വിട്ട് അഭിഭാഷകനായ ഹബീബ് പിന്നീട് യുവജന തൊഴിലാളി നേതാവായും തന്റെ വ്യക്തിമുദ്രപതിപ്പിച്ചു. തീരുമാനങ്ങൾ എടുക്കുന്നതിൽ മാത്രമല്ല; അവ പ്രാവർത്തികമാക്കുന്നതിലും അദ്ദേഹം കണിശതകാണിച്ചു. തിരക്കിട്ട പ്രവർത്തനങ്ങൾക്കിടയിൽ സ്വയംജീവിക്കാൻ മറന്നുപോയ നേതാവായിരുന്നു ഹബീബ്. സംഘടനയുടെ ആസ്ഥാനമായി, ടി.വി ഇബ്രാഹിം പ്രസിഡണ്ടായകാലത്ത് കോഴിക്കോട് സ്ഥാപിച്ച ഹബീബ് സ്റ്റുഡൻസ് സെന്ററും തുടർന്ന് അങ്ങിങ്ങായി ഉയർന്നുവന്ന സ്ഥാപനങ്ങളും പുതിയ തലമുറ അദ്ദേഹത്തിന്റെ സ്മരണയോട് കാണിക്കുന്ന ആഹ്ലാദകരമായ അടുപ്പമാണ്.

ഹബീബിയൻ ഇറയുടെ ആവേശകരമായ തിരിച്ചുപിടിക്കലാണ് പുതിയകാലത്തെ എം.എസ്.എഫിന്റെ കാമ്പസ് മുന്നേറ്റം വിളംബരപ്പെടുത്തുന്നത്. നീണ്ടകാല ഇടവേളകൾക്ക്ശേഷം സിഎച്ചിന്റെ സ്വന്തം സർവ്വകലാശാലയായ കോഴിക്കോട് യൂണിവേഴ്സിറ്റി യൂണിയൻ തിരിച്ചുപിടിക്കാനായതും, പരിയാരം മെഡി.കോളജ്, കൽപ്പറ്റ നേഴ്സിംങ് കോളജ് തുടങ്ങി നിരവധി കലാലയങ്ങളിൽ എസ്എഫ്ഐ ആധിപത്യത്തിന് അറുതിവരുത്തി എം.എസ്.എഫ് മുന്നണി വിജയവൈജയന്തി പറത്തിയതും മുന്നേറ്റങ്ങളെ അടയാളപ്പെടുത്തുന്നവയാണ്.

ഹബീബിന്റെകാലത്ത് വിദ്യാർത്ഥി സംഘടനാ നേതാക്കൾക്കിടയിൽ നിലനിന്നിരുന്ന ഊഷ്മള ബന്ധം കൈയ്യൂക്ക് രാഷ്ട്രീയത്തിന്റെ പിൻബലത്തിൽ പിന്നീട് എസ്എഫ്ഐ കളഞ്ഞ് കുളിക്കുന്നതാണ്കണ്ടത്. കോഴിക്കോട് ബാങ്ക്റോഡിലെ പഴയ എം.ഇ.എസ് ഹോസ്റ്റലിലെ ഹബീബ് താമസിച്ചിരുന്ന 102 ാം നമ്പർ മുറി എതിർചേരിയിലെ വിദ്യാർത്ഥി സംഘടനാനേതാക്കളുടെയും ആശയവിനിമയകേന്ദ്രമായിരുന്നു. എന്നാലിപ്പോൾ ഭീഷണിയിലൂടെ അടക്കിഭരിക്കുകയെന്ന പ്രാകൃതരീതി അവലംബിച്ച് മറ്റ് വിദ്യാർത്ഥി സംഘടനകളുമായുള്ള ഡയലോഗ്പോലും എസ്.എഫ്.ഐക്ക് വേണ്ടന്നായി. ഹബീബിന്റെകാലത്ത് നിലനിന്നിരുന്ന കാമ്പസുകളിലെ സംവാദാത്മക ജനാധിപത്യത്തെ ഹനിച്ചും ഇതരവിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനങ്ങൾ നിഷേധിച്ചും, അക്രമരാഷ്ട്രീയം നടപ്പിലാക്കികൊണ്ടിരിക്കുകയാണിവർ. വയനാട് പൂക്കോട് വെറ്ററിനറി കോളജിലെ സിദ്ധാർഥ് എന്ന വിദ്യാർത്ഥിയുടെ മരണം ആൾകൂട്ട സദാചാര ഗുണ്ടായിസമാണെന്നാണ് കഴിഞ്ഞദിവസം പുറത്തുവന്ന അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിലെ പരാമർശം.



കർമപഥത്തിൽ ഹബീബ് അവശേഷിപ്പിച്ച നിഷ്കാമസേവനത്തിന്റെ കാലടിപ്പാടുകൾ നമുക്കിന്നും മാതൃകയാണ്. ഭാവികാലം പ്രതീക്ഷയർപ്പിച്ചിരുന്ന കർമധീരതയുടെ വക്താക്കളിലൊരാളായിരുന്ന അദ്ദേഹത്തെ വിലയിരുത്തി ആദരണീയനായ സയ്യിദ് മുഹമ്മദലി ശിഹാബ്തങ്ങൾ കുറിച്ചു: ഒരു യൗവനംകൊണ്ട് ഒരു പുരുഷായുസ്സിന്റെ കർമങ്ങൾ ധൃതിയിൽചെയ്ത് തീർക്കുകയാണോ ഹബീബ്?.

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 101 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com



## മോദി ഏറെ മുന്നോട്ടുപോകില്ല

കൊൽക്കത്ത: മൂന്നാം മോദി സർക്കാർ ഏറെക്കാലം മുന്നോട്ടുപോകില്ലെന്ന് സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്. ജനങ്ങളെക്കുറിച്ച് ചിന്തിക്കാത്ത കേന്ദ്രസർക്കാർ നിലംപൊത്തും. രാജ്യത്തെ വിഭജിക്കാൻ ആഗ്രഹിക്കുന്ന വിഘടന ശക്തികളാണ് അധികാരത്തിലുള്ളത്. ഒരു മാറ്റത്തിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. ഭിന്നിപ്പിലും വർഗീയ രാഷ്ട്രീയത്തിലുമാണ് ബി.ജെ.പി വിശ്വസിക്കുന്നത്. പക്ഷേ അവർ വിജയിക്കില്ല. അവർ ഉടൻ പരാജയപ്പെടും. തിരഞ്ഞെടുപ്പിൽ വർഗീയ ശക്തികൾക്ക് ബംഗാളിലും യു.പിയിലും അടക്കം തിരിച്ചടിയുണ്ടായി. ഭരണഘടനയെയും രാജ്യത്തെയും രക്ഷിക്കാൻ നാം ഒന്നിക്കണം.



## കേന്ദ്രസർക്കാരിന് സ്ഥിരതയില്ല

കൊൽക്കത്ത: ലോക്‌സഭാ തിരഞ്ഞെടുപ്പിൽ യു.പിയിൽ ബിജെപിയെ തറപറ്റിച്ച സമാജ്‌വാദി പാർട്ടിയെ അഭിനന്ദിക്കുന്നതായി പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി. 'യു.പിയിലെ സമാജ്‌വാദി പാർട്ടി വിജയത്തിനെ തുടർന്ന് ബി.ജെ.പി സർക്കാർ രാജിവയ്ക്കേണ്ടതായിരുന്നു. എന്നാൽ അവർക്ക് ഒരു നാണവുമില്ല. അതുകൊണ്ടാണ് അധികാരത്തിൽ തുടരുന്നത്. കേന്ദ്ര അന്വേഷണ ഏജൻസികളെയും തിരഞ്ഞെടുപ്പ് കമ്മിഷനെയും ഉപയോഗിച്ച് അധികാരം നേടിയ കേന്ദ്രസർക്കാരിന് സ്ഥിരതയില്ല. ഏത് ദിവസവും സർക്കാർ നിലം പതിക്കും. വർഗീയ ശക്തികൾ ഗൂഢാലോചന നടത്തി രാജ്യത്തെ അസ്ഥിരപ്പെടുത്താൻ ശ്രമിക്കുകയാണ്.

# ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

### രജൗരിയിൽ ഭീകരാക്രമണം; ജവാന് പരിക്ക്

ശ്രീനഗർ: ജമ്മു കശ്മീരിലെ രജൗരിയിൽ സൈനിക ക്യാമ്പിന് നേരെ ഭീകരാക്രമണം. ആക്രമണത്തിൽ ഒരു സൈനികന് പരിക്കേറ്റു. ആർമി ചീഫ് ജനറൽ ഉപേന്ദ്ര ദ്വിവേദി ജമ്മു സന്ദർശിച്ച് 24 മണിക്കൂറിനുള്ളിലാണ് ആക്രമണം നടന്നത്. ഇന്നലെ പുലർച്ചെ നാല് മണിയോടെ ആരംഭിച്ച വെടിവയ്പ്പ് ഒരു മണിക്കൂറിലധികം നീണ്ടുനിന്നു. ശക്തമായ തിരിച്ചടി നടത്തിയതായി സൈനിക വൃത്തങ്ങൾ അറിയിച്ചു. ഗുണ്ട ഗ്രാമത്തിലെ ശൗര്യ ചക്ര അവാർഡ് ജേതാവ് പർഷോതം കുമാറിന്റെ വീടിന് നേരെയും ഭീകരർ ആക്രമണം നടത്തി. കഴിഞ്ഞ വർഷം ഓഗസ്റ്റിൽ ഇതേ പ്രദേശത്ത് രണ്ട് ഭീകരരെ വധിച്ചതിൽ വില്ലേജ് ഡിഫൻസ് ഗാർഡായ പർഷോതം കുമാർ നിർണായക പങ്കുവഹിച്ചിരുന്നു. തുടർന്നാണ് രാജ്യം അദ്ദേഹത്തിന് ശൗര്യ ചക്ര നൽകി ആദരിച്ചത്. രക്ഷപ്പെട്ട ഭീകരരെ കണ്ടെത്തുന്നതിനായുള്ള സുരക്ഷാ സേന തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്. വെള്ളിയാഴ്ച, ദോഡ ജില്ലയിൽ സ്കൂളിൽ സ്ഥാപിച്ചിരുന്ന താൽക്കാലിക സൈനിക ക്യാമ്പിന് നേരെ ആക്രമണം ഉണ്ടായിരുന്നു. കത്വയിലെ ആക്രമണത്തിൽ അഞ്ച് സൈനികർ കൊല്ലപ്പെട്ടതിന് ശേഷം കഴിഞ്ഞയാഴ്ച ഇതേ പ്രദേശത്ത് ഒരു ക്യാപ്റ്റൻ ഉൾപ്പെടെ നാല് സൈനികർ കൊല്ലപ്പെട്ടിരുന്നു. ഭീകരരെ നേരിടാൻ സൈന്യം പ്രത്യേക സേന കമാൻഡോകൾ ഉൾപ്പെടെയുള്ള കൂടുതൽ സൈനികരെ ജമ്മു മേഖലയിൽ വിന്യസിച്ചിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ 32 മാസത്തിനിടെ ജമ്മുവിൽ നടന്ന ഭീകരാക്രമണത്തിൽ 48 സൈനികരാണ് കൊല്ലപ്പെട്ടത്.

### ഐ.എൻ.എസ് ബ്രഹ്മപുത്രയിൽ തീപിടുത്തം; നാവികനെ കാണാതായി

മുംബൈ: മുംബൈയിൽ അറ്റകുറ്റപണിക്കായി എത്തിച്ച ഇന്ത്യയുടെ യുദ്ധക്കപ്പൽ ഐ.എൻ.എസ് ബ്രഹ്മപുത്രയിൽ തീപിടുത്തം. ഒരു ജൂനിയർ നാവികനെ കാണാതായതായി നാവികസേന അറിയിച്ചു. തീപിടുത്തം നിയന്ത്രണ വിധേയമാക്കിയിട്ടുണ്ടെന്നും നേവി വ്യക്തമാക്കി. എല്ലാ ശ്രമങ്ങൾ നടത്തിയിട്ടും കപ്പലിനെ ശരിയായി നിർത്താനായിട്ടില്ലെന്നും നിലവിൽ ഒരു വശത്തേക്ക് കപ്പൽ ചരിഞ്ഞിരിക്കുകയാണെന്നും നേവി അറിയിച്ചു. മിസൈൽ വഹിക്കാൻ ശേഷിയുള്ള ആദ്യ തദ്ദേശീയ ബ്രഹ്മപുത്ര ക്ലാസ് യുദ്ധക്കപ്പലാണ് ഐ.എൻ.എസ് ബ്രഹ്മപുത്ര. 2000ൽ കമ്മീഷൻ ചെയ്ത കപ്പലിൽ 40 ഉദ്യോഗസ്ഥരും 330 നാവികരുമാണുള്ളത്.

### കാർ യാത്രികരെ ആക്രമിച്ച് കൻവാർ തീർത്ഥാടകർ

മുസഫർനഗർ: യു.പിയിൽ കൻവാർ തീർത്ഥാടകരുടെ അതിക്രമം വീണ്ടും. കാർ ദേഹത്ത് മുട്ടിയെന്നാരോപിച്ച് ഒരു സംഘം തീർത്ഥാടകർ കാർ അടിച്ച് തകർക്കുകയും യാത്രക്കാരെ മർദിക്കുകയും ചെയ്തു. ഹരിദ്വാർ-ഡൽഹി ദേശീയപാതയിലായിരുന്നു സംഭവം. എന്നാൽ അക്രമികൾക്കെതിരെ നടപടിയെടുക്കാതെ തകർന്ന കാർ കസ്റ്റഡിയിലെടുക്കുകയാണ് പൊലീസ് ചെയ്തത്. ആരു പരാതി നൽകിയിട്ടില്ലെന്നും പ്രദേശത്തെ സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ വ്യക്തത വരുത്തുമെന്നും പൊലീസ് അറിയിച്ചു. കഴിഞ്ഞദിവസം ഭക്ഷണത്തിൽ നിന്ന് ഉള്ളി ലഭിച്ചെന്നാരോപിച്ച് തീർത്ഥാടകർ മുസഫർനഗറിലെ ദേശീയപാതയോരത്തെ ഹോട്ടൽ തകർത്തിരുന്നു. കൻവാർ യാത്ര കടന്നുപോകുന്ന പാതയിലെ റെസ്റ്റൊറന്റുകൾ, ഹോട്ടലുകൾ, പഴക്കടകൾ തുടങ്ങിയവയുടെ ഉടമകളുടെ പേരുകൾ കടക്കുമുന്നിൽ പ്രദർശിപ്പിക്കണമെന്ന ഉത്തരവ് വിവാദമായിരുന്നു.

## സർക്കാർ ജീവനക്കാർ ആർ.എസ്.എസിൽ

# വിലക്ക് നീക്കി കേന്ദ്രം; വ്യാപക പ്രതിഷേധം

- റദ്ദാക്കിയത് 58 വർഷം പഴക്കമുള്ള ഉത്തരവ്
- രൂക്ഷ വിമർശനവുമായി കോൺഗ്രസ്
- നീക്കം ബന്ധത്തിലെ ഉലച്ചിൽ തീർക്കാൻ
- ഇനി ഓഫീസിൽ കാക്കി നിക്കറിട്ട് വരാം

ന്യൂഡൽഹി: ആർഎസ്എസിന്റെ പ്രവർത്തനങ്ങളിൽ സർക്കാർ ജീവനക്കാർ പങ്കെടുക്കുന്നതിന് ദീർഘകാലമായി ഏർപ്പെടുത്തിയ വിലക്ക് കേന്ദ്രം പിൻവലിച്ചു. 1966 നവംബർ 30, 1970 ജൂലൈ 25, 1980 ഒക്ടോബർ 28 തീയതികളിൽ പുറപ്പെടുവിച്ചിരുന്ന ഉത്തരവ് റദ്ദാക്കിയ തീരുമാനം സർക്കാർ ജീവനക്കാർക്ക് ആർഎസ്എസ്സിന്റെ പ്രവർത്തനങ്ങളിൽ തടസങ്ങളില്ലാതെ പ്രവർത്തിക്കുന്നതിന് വഴിയൊരുക്കും.

1948ൽ മഹാത്മാ ഗാന്ധിയുടെ വധത്തോടെ അന്നത്തെ ആഭ്യന്തര മന്ത്രി സർദാർ വല്ലഭായ് പട്ടേലാണ് ആർഎസ്എസിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നും സർക്കാർ ഉദ്യോഗസ്ഥരെ വിലക്കി ആദ്യ ഉത്തരവ് പുറപ്പെടുവിച്ചത്. പിന്നീട് ഈ ഉത്തരവ് പിൻവലിച്ചെങ്കിലും 1966ഓടെ കൂടി സംഘടനയുടെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും തരത്തിൽ ഭാഗമാകുന്നതിൽ നിന്നും സർക്കാർ ജീവനക്കാരെ ഔദ്യോഗികമായി വിലക്കിക്കൊണ്ടുള്ള ഉത്തരവ് അന്നത്തെ ഇന്ദിര ഗാന്ധി സർക്കാർ പുറപ്പെടുവിക്കുകയായിരുന്നു. 58 വർഷത്തോളം പഴക്കമുള്ള ഈ ഉത്തരവ് പിൻവലിക്കുന്നതിൽ കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. 2024 ജൂൺ 4ന് ശേഷം വഷളായ ആർഎസ്എസ്- മോദി ബന്ധം ബലപ്പെടുത്താനാണ് ഈ നീക്കമെന്നു മുതിർന്ന കോൺഗ്രസ് നേതാവ് ജയറാം രമേശ് ചൂണ്ടിക്കാട്ടി. അടൽ ബിഹാരി വാജ്പേയിയുടെ ഭരണകാലത്തു പോലും നിലനിന്നിരുന്ന വിലക്ക് പിൻവലിക്കുന്നതിലൂടെ ഉദ്യോഗസ്ഥവൃന്ദത്തിനു ഇനി കാക്കി നിക്കർ ധരിച്ച് ജോലിക്കെത്താൻ കഴിയുമെന്നും അദ്ദേഹം പരിഹസിച്ചു. ആറ് പതിറ്റാണ്ടായി തുടരുന്ന ഉത്തരവ് കേന്ദ്രസർക്കാർ റദ്ദാക്കിയതിനെ കോൺഗ്രസ് നേതാവ് പവൻ ഖേദയും വിമർശിച്ചു. വിവിധ വിഭാഗങ്ങളിലെ സർക്കാർ ഉദ്യോഗസ്ഥർക്ക് ആർഎസ്എസ് പ്രത്യയശാസ്ത്രത്തോടുള്ള കൂറ് പരസ്യമായി പ്രകടിപ്പിക്കാൻ ഈ ഉത്തരവ് കാരണമായേക്കുമെന്നു ശിവസേന ഉദ്ധവ് വിഭാഗം നേതാവ് പ്രിയങ്ക ചതുർവേദി പറഞ്ഞു. ഇന്ത്യൻ രാഷ്ട്രീയത്തിൽ നിരവധി തവണ തർക്കവിഷയമായിട്ടുള്ള സംഘടനയാണ് ആർഎസ്എസ്.

പല കാരണങ്ങളാൽ പല തവണ നിരോധിക്കപ്പെട്ട ഈ സംഘടനയുമായി ബന്ധപ്പെട്ട് കേന്ദ്രം പുറപ്പെടുവിച്ച ഉത്തരവ് വരും ദിവസങ്ങളിൽ ചർച്ചകൾക്ക് വഴിവെക്കും. കേന്ദ്ര നീക്കം ഇന്ത്യയുടെ ഐക്യത്തിന് എതിരാണെന്നും ആർ.എസ്.എസിൽ പ്രവർത്തിക്കാൻ തുടങ്ങിയാൽ ഒരു സർക്കാർ ഉദ്യോഗസ്ഥനും രാജ്യത്തോട് വിധേയത്വമുണ്ടാവില്ലെന്നും അസദുദ്ദീൻ ഉവൈസി പ്രതികരിച്ചു.



## ബിഹാറിന് പ്രത്യേക പദവിയില്ല; നിതീഷ് കുമാറിന് വൻ തിരിച്ചടി

ന്യൂഡൽഹി: ബിഹാറിന് പ്രത്യേക പദവി വേണമെന്ന ആവശ്യം കേന്ദ്ര സർക്കാർ തള്ളി. ലോക്‌സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് കേന്ദ്ര ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി ഇക്കാര്യം വ്യക്തമാക്കിയത്.

മുൻകാലങ്ങളിൽ ചില പ്രത്യേകഘടകങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങൾക്ക് ദേശീയ വികസന കൗൺസിൽ (എൻ.ഡി.സി.) പ്രത്യേക പദവി അനുവദിച്ചിരുന്നതെന്നും എന്നാൽ ബിഹാറിനുള്ള പ്രത്യേക പദവി സംബന്ധിച്ച ആവശ്യം നിലവിലുള്ള ഘടകങ്ങളെ അടിസ്ഥാനമാക്കിയല്ല ഉന്നയിച്ചിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു. 'പണ്ട് ദേശീയ വികസന കൗൺസിൽ ചില സംസ്ഥാനങ്ങൾക്ക് പദ്ധതികൾ എളുപ്പത്തിൽ ലഭിക്കാൻ പ്രത്യേക പദവി നൽകിയിരുന്നു. ആ വിഭാഗത്തിൽ ഉൾപ്പെടാൻ സംസ്ഥാനങ്ങൾക്ക് പ്രത്യേക സവിശേഷതകൾ വേണം. ആ സംസ്ഥാനം മലയോരവും ദുഷ്കരവുമായ ഭൂപ്രദേശമായിരിക്കണം. ജനസാന്ദ്രത കുറവായിരിക്കണം. അതല്ലെങ്കിൽ ആദിവാസി ജനസംഖ്യ കൂടുതലായിരിക്കണം. അയൽ രാജ്യങ്ങളുമായുള്ള അതിർത്തിയിലെ തന്ത്രപ്രധാന സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമാകണം. സാമ്പത്തികമായി പിന്നാക്കാവസ്ഥയിലായിരിക്കണം. ഈ പട്ടിക പരിഗണിച്ചാണ് ബിഹാറിന് പ്രത്യേക പദവി നൽകേണ്ട എന്ന് തീരുമാനിച്ചത്- കേന്ദ്രമന്ത്രി വിശദീകരിച്ചു.

ജെ.ഡിയു നേതാവും ബിഹാർ മുഖ്യമന്ത്രിയുമായ നിതീഷ് കുമാറിന് ശക്തമായ തിരിച്ചടിയാണ് കേന്ദ്രത്തിന്റെ തീരുമാനം. ബിഹാറിന് പ്രത്യേക പദവി വേണമെന്ന് ദീർഘകാലമായി നിതീഷ് ആവശ്യപ്പെടുന്നുണ്ട്. ഞായറാഴ്ച പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായി നടന്ന വിവിധ പാർട്ടികളുടെ യോഗത്തിലും ജെ.ഡി.യു ഈ ആവശ്യം ആവർത്തിച്ചിരുന്നു. ബിഹാർ, ആന്ധ്രപ്രദേശ്, ഒഡിഷ സംസ്ഥാനങ്ങൾക്ക് പ്രത്യേക പദവി വേണമെന്ന് ജെ.ഡി.യു, വൈ.എസ്.ആർ.സി.പി, ബിജെ.ഡി പാർട്ടികളും യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ബിഹാറിന് പ്രത്യേക പദവിയോ പ്രത്യേക സാമ്പത്തിക പാക്കേജോ അനുവദിക്കണമെന്നാവശ്യപ്പെട്ട് ജെ.ഡി.യു ദേശീയ എക്സിക്യൂട്ടീവ് യോഗം പ്രമേയം പാസാക്കുകയും ചെയ്തിരുന്നു. പ്രത്യേക പദവിയുള്ള സംസ്ഥാനത്തിന് കൂടുതൽ കേന്ദ്ര സഹായവും നിരവധി നികുതി ഇളവുകളും ലഭിക്കും.

### നിതീഷ് ബി.ജെ.പിയുമായി ഒത്തുകളിച്ചു: ആർ.ജെ.ഡി

പറ്റ്ന: ബിഹാറിന് പ്രത്യേക പദവി വിഷയത്തിൽ ബി.ജെ.പിയും കേന്ദ്ര സർക്കാരും ഒത്തുകളിക്കുകയാണെന്ന് പ്രതിപക്ഷ കക്ഷിയായ ആർ.ജെ.ഡി. കേന്ദ്രത്തിലെ എൻ.ഡി.എ. സർക്കാരിന്റെ ഭാഗമായിരിക്കേ പ്രത്യേക പദവിയെന്ന ആവശ്യം അംഗീകരിക്കപ്പെടാത്തത് ചൂണ്ടിക്കാട്ടിയാണ് വിമർശനം. നിതീഷ് കുമാർ ബിഹാറിലെ ജനങ്ങളെ കബളിപ്പിക്കുകയാണ്. കേന്ദ്ര ഭരണത്തിന്റെ ഫലം അനുഭവിക്കാനാണ് ജെഡിയു നേതാക്കൾ ഈ നാടകം കളിക്കുന്നത്. ബിഹാറിന് പ്രത്യേക പദവി നൽകില്ലെന്ന് വ്യക്തമാക്കിയതോടെ ബിഹാർ ജനത ഇത് തിരിച്ചറഞ്ഞു- ആർ.ജെ.ഡി ഔദ്യോഗിക എക്സിൽ ഹാന്റിലിൽ കുറിച്ചു.

## കമാൽ മൗല മസ്ജിദ്-ഭോജ്ശാല കേസിൽ വിചാരണ മാറ്റി

### വിചാരണ സുപ്രീം കോടതി ഉത്തരവിന് ശേഷമെന്ന് മധ്യപ്രദേശ് ഹൈക്കോടതി

ഇൻഡോർ: മധ്യപ്രദേശിലെ ധാറിലുള്ള കമാൽ മൗല മസ്ജിദ്-ഭോജ്ശാല തർക്ക കേസിലെ വിചാരണ മധ്യപ്രദേശ് ഹൈക്കോടതി മാറ്റി വെച്ചു. ആർക്കയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (എ.എസ്.ഐ)യുടെ ശാസ്ത്രീയ സർവേ റിപ്പോർട്ട് സമർപ്പിച്ച് ഒരാഴ്ചക്ക് ശേഷമാണ് ഹർജി പരിഗണിക്കുന്നത് ഹൈക്കോടതി മാറ്റിവെച്ചത്.

സുപ്രീം കോടതി വിധിക്ക് അനുസൃതമായാവും ഇനി ഹർജിയിൽ വിചാരണ തുടരുകയെന്ന് ജസ്റ്റിസ് എസ്.എ ധർമാധികാരി, ഡി.വി രമണ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് അറിയിച്ചു. മസ്ജിദ് കോമ്പൗണ്ടിൽ എ.എസ്.ഐക്ക് പരിശോധനക്ക് അനുമതി നൽകിയ മാർച്ച് 11ലെ മധ്യപ്രദേശ് ഹൈക്കോടതി നിർദേശം ചോദ്യം ചെയ്ത് മൗലാന കമാലുദ്ദീൻ വെൽഫയർ സൊസൈറ്റി സമർപ്പിച്ച ഹർജിയിൽ വാദം കേൾക്കാമെന്ന് ഈ മാസം 15ന് സുപ്രീം കോടതി അറിയിച്ചിരുന്നു.

എ.എസ്.ഐയുടെ സർവേ നിർത്തണമെന്നാവശ്യപ്പെട്ടുള്ള ഹർജി ഏപ്രിൽ ഒന്നിന് സുപ്രീം കോടതി തള്ളിയിരുന്നു. സർവേയുടെ ഫലത്തിന്റെ പുറത്ത് ഒരു തീരുമാനവും എടുക്കരുതെന്നും സുപ്രീം കോടതി നിർദേശിച്ചു. 2000ൽ അധികം പേജുകളുള്ള സർവേ റിപ്പോർട്ട് കഴിഞ്ഞ ആഴ്ച എ.എസ്.ഐ കോടതിയിൽ സമർപ്പിച്ചിരുന്നു. ഹിന്ദു ഫ്രന്റ് ഫോർ ജസ്റ്റിസ് എന്ന തീവ്ര ഹിന്ദുത്വ സംഘടന സമർപ്പിച്ച ഹർജിയിലാണ് ഹൈക്കോടതി എ.എസ്.ഐ സർവേക്ക് അനുമതി നൽകിയത്. മാർച്ച് 22ന് ആരംഭിച്ച സർവേ പൂർത്തിയാക്കുന്നതിനായി രണ്ട് തവണ എ.എസ്.ഐ കോടതിയിൽ നിന്നും അനുമതി വാങ്ങി. കമാൽ മൗല മസ്ജിദ് നിൽക്കുന്ന സ്ഥലം സരസ്വതി ദേവിയുടെ പേരിലുള്ള ക്ഷേത്രമായിരുന്നെന്നാണ് (ഭോജ്ശാല) ഹിന്ദു വിഭാഗത്തിന്റെ വാദം. വിവാദത്തെ തുടർന്ന് 2003 ഏപ്രിൽ ഏഴിന് എ.എസ്.ഐ മസ്ജിദ് കോംപ്ലക്സ് ഏറ്റെടുത്തിരുന്നു.

എ.എസ്.ഐയുടെ നിർദേശം അനുസരിച്ച് ഹിന്ദു വിഭാഗത്തിന് ആരാധനക്കായി ചൊവ്വാഴ്ച ദിവസങ്ങളിലും മുസ്‌ലിംകൾക്ക് ജുമുഅ നമസ്കാരത്തിനായി വെള്ളിയാഴ്ചയും മസ്ജിദ് കോംപ്ലക്സ് തുറന്ന് നൽകുന്നത്. ഇത് ചോദ്യം ചെയ്താണ് ഹിന്ദു വിഭാഗം കോടതിയെ സമീപിച്ചത്.

## നീറ്റ് ക്രമക്കേട്

# പാർലമെന്റിൽ കേന്ദ്രത്തെ കടന്നാക്രമിച്ച് പ്രതിപക്ഷം

- ഗുരുതര പ്രശ്നങ്ങളെന്ന് രാഹുൽ ഗാന്ധി
- പാർലമെന്ററി സമിതി അന്വേഷിക്കണം
- എല്ലാം ഭദ്രമെന്ന് ന്യായീകരിച്ച് കേന്ദ്രം
- പ്രതിപക്ഷം സഭയിൽ നിന്നും ഇറങ്ങിപ്പോയി

ന്യൂഡൽഹി: പാർലമെന്റിന്റെ വർഷ കാല സമ്മേളനത്തിന്റെ ആദ്യ ദിനം തന്നെ നീറ്റ് പരീക്ഷാ ക്രമക്കേടിൽ കേന്ദ്ര സർക്കാറിനെ കടന്നാക്രമിച്ച് പ്രതിപക്ഷം. രാജ്യത്തെ പരീക്ഷാ സംവിധാനങ്ങളിൽ ഗുരുതര പ്രശ്നങ്ങളുണ്ടെന്നും കേന്ദ്ര സർക്കാർ ഇതിനെ ഗൗരവത്തോടെ കാണുന്നില്ലെന്നും ലോക്‌സഭയിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ആരോപിച്ചു.

നീറ്റ് ക്രമക്കേടിൽ ഉന്നതതല ഗൂഢാലോചനയുണ്ടെന്നും സംയുക്ത പാർലമെന്ററി സമിതി(ജെ.പി.സി) അന്വേഷണം വേണമെന്നും പ്രതിപക്ഷ അംഗങ്ങൾ ആവശ്യപ്പെട്ടു. അതേസമയം കഴിഞ്ഞ ഏഴു വർഷത്തിനിടെ ഒറ്റ ചോദ്യപേപ്പർ ചോർച്ചയുമുണ്ടായിട്ടില്ലെന്നായിരുന്നു കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാന്റെ വിശദീകരണം. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം പാർലമെന്റിൽ നിന്നും ഇറങ്ങിപ്പോയി. നീറ്റ് വിഷയത്തിൽ സർക്കാറിന്റെ അലംഭാവത്തെ രാഹുൽ ഗാന്ധിയും സമാജ് വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവും ഡി.എം.കെ അംഗം കലാനിധി വീരസ്വാമിയും ചോദ്യം ചെയ്തു. രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ആശങ്കയും വേദനയുമാണ് സഭയിൽ പങ്കുവെക്കുന്നതെന്ന് പറഞ്ഞ രാഹുൽ ഗാന്ധി, നീറ്റ് വിഷയത്തിൽ സർക്കാറിനു മേൽ സമ്മർദ്ദം തുടരുമെന്നും വ്യക്തമാക്കി. രാജ്യം കണ്ട ഏറ്റവും വലിയ കുംഭകോണമാണ് നീറ്റ് ക്രമക്കേടെന്ന് കേരളത്തിൽ നിന്നുള്ള കോൺഗ്രസ് അംഗം ഹൈബി ഈഡൻ ആരോപിച്ചു.



ഇതേക്കുറിച്ച് ഉന്നതതല വസ്തുതാന്വേഷണം അനിവാര്യമാണ്. നീറ്റ് മാത്രമല്ല, രാജ്യത്തെ എല്ലാ മത്സര പരീക്ഷകളുടേയും സ്ഥിതി ദയനീയമാണ്. കഴിഞ്ഞ ഏഴു വർഷത്തിനിടെ 15 സംസ്ഥാനങ്ങളിലായി ചോദ്യപ്പേപർ ചോർച്ചയുമായി ബന്ധപ്പെട്ട 70 സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് സർക്കാർ രേഖകൾ തന്നെ വ്യക്തമാക്കുന്നതായി ഹൈബി ഈഡൻ ആരോപിച്ചു.

നീറ്റ് ക്രമക്കേടിൽ ജെ.പി.സി അന്വേഷണം പ്രഖ്യാപിക്കണമെന്ന് ആർ.എസ്.പി അംഗം എൻ.കെ പ്രേമചന്ദ്രൻ ആവശ്യപ്പെട്ടു. നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ വിശ്വാസ്യത പ്രതിപക്ഷം സഭയിൽ ചോദ്യം ചെയ്തു. അതേസമയം വിഷയത്തിൽ ഒന്നും മറച്ചുവെക്കാനില്ലെന്നും ഇതിനകം തന്നെ അന്വേഷണം തുടങ്ങിയിട്ടുണ്ടെന്നും ഇതുവരെ കണ്ടെത്തിയ എല്ലാ വിവരങ്ങളും സുപ്രീംകോടതിയുമായി പങ്കുവച്ചിട്ടുണ്ടെന്നും വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ വിശദീകരിച്ചു. നീറ്റ് ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് കേസ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് കേസ് പരിഗണിച്ചു കൊണ്ടിരിക്കുകയാണ്. കോടതി നിർദേശങ്ങൾക്കായി കാത്തിരിക്കുകയാണ് സർക്കാറെന്നും മന്ത്രി പറഞ്ഞു. അതേസമയം നീറ്റ് ചോദ്യപേപ്പർ ചോർച്ചയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് ധർമ്മേന്ദ്ര പ്രധാൻ രാജിവെക്കണമെന്ന് കോൺഗ്രസ് അംഗം മാണിക്കം ടാഗോർ ആവശ്യപ്പെട്ടു. രാജ്യസഭയിലും നീറ്റ് ക്രമക്കേട് ഉന്നയിച്ച് പ്രതിപക്ഷം കേന്ദ്രത്തിനെതിരെ ആഞ്ഞടിച്ചു.

പ്രതിപക്ഷ പ്രതിഷേധത്തിൽ ഒന്നിലധികം തവണ സഭ സ്തംഭിച്ചു. കൻവാർ യാത്രയുമായി ബന്ധപ്പെട്ട ഉത്തർപ്രദേശ് സർക്കാറിന്റെ വിവാദ ഉത്തരവ് ചട്ടം 267 പ്രകാരം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം നോട്ടീസ് നൽകിയിരുന്നെങ്കിലും ചെയർമാൻ ജഗദീപ് ധൻകർ അനുമതി നിഷേധിച്ചു.

## ലഖിംപൂർ ഖേരി കർഷക കൂട്ടക്കൊല; ആശിഷ് മിശ്രക്ക് സ്ഥിര ജാമ്യം

ന്യൂഡൽഹി: എട്ട് കർഷകരുടെ മരണത്തിന് ഇടയാക്കിയ ലഖിംപൂർ ഖേരി അക്രമത്തിൽ പ്രതി ആശിഷ് മിശ്രക്ക് സുപ്രീം കോടതി സ്ഥിര ജാമ്യം അനുവദിച്ചു. കേസിൽ നടപടികൾ വേഗത്തിലാക്കാൻ വിചാരണകോടതിക്ക് ജസ്റ്റിസ് സൂര്യകാന്തിന്റെ നേതൃത്വത്തിലുള്ള ബെഞ്ച് നിർദേശം നൽകി.

കഴിഞ്ഞ വർഷം ജനുവരിയിൽ ആശിഷ് മിശ്രയ്ക്ക് കോടതി ഇടക്കാല ജാമ്യം നൽകിയിരുന്നു. ഇത് സ്ഥിര ജാമ്യമാക്കി മാറ്റുകയാണെന്ന് സുപ്രീം കോടതി അറിയിച്ചു. അതേസമയം കേസിലെ 117 സാക്ഷികളിൽ ഏഴു പേരെ മാത്രമാണ് ഇതുവരെ വിസ്തരിച്ചത്. വിചാരണകോടതി നടപടികൾ വേഗത്തിലാക്കേണ്ടതുണ്ട്. ഇതിനായി സമയക്രമം നിശ്ചയിക്കാൻ വിചാരണകോടതിക്ക് സുപ്രീം കോടതി നിർദേശം നൽകി. കർഷക പ്രക്ഷോഭത്തിനിടെ യു.പി ഉപമുഖ്യമന്ത്രി കേശവ പ്രസാദ് മൗര്യ പങ്കെടുക്കുന്ന പരിപാടിയിൽ പ്രതിഷേധിക്കാനെത്തിയ ആളുകൾക്കിടയിലേക്ക് മുൻ കേന്ദ്രമന്ത്രി അജയ് മിശ്രയുടെ മകനായ ആശിഷ് മിശ്ര വാഹനം ഓടിച്ചു കയറ്റുകയായിരുന്നു. സംഭവത്തിൽ നാലു കർഷകരാണ് കൊല്ലപ്പെട്ടത്.

തുടർന്ന് രോഷാകുലരായ ജനക്കൂട്ടത്തിന്റെ മർദനത്തിൽ ഡ്രൈവറും രണ്ടു ബി.ജെ.പി പ്രവർത്തകരും കൊല്ലപ്പെട്ടു. ഒരു മാധ്യമ പ്രവർത്തകനും അക്രമത്തിനിടെ മരിച്ചിരുന്നു.

### പൂജ ഖേദ്കറുടെ അമ്മക്ക് ജാമ്യമില്ല

പൂനെ: തോക്ക് ചൂണ്ടി കർഷകനെ ഭീഷണിപ്പെടുത്തിയെന്ന കേസിൽ വിവാദ ഐ.എ.എസ് ഉദ്യോഗസ്ഥ പൂജ ഖേദ്കറുടെ അമ്മ മനോരമയെ 14 ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. റായ്ഗഡിലെ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടേതാണ് ഉത്തരവ്. വധശ്രമം അടക്കമുള്ള കുറ്റം ചുമത്തിയാണ് മനോരമ ഖേദ്കറിനെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2023 ജൂണിൽ ഭൂമി തർക്കവുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിനിടെയാണ് മനോരമ കർഷകർക്കുനേരെ തോക്കു ചൂണ്ടിയത്. ബൗൺസർമാരുടെ അകമ്പടിയിലെത്തി, അതിക്രമം കാണിക്കുന്ന വിഡിയോ അടുത്തിടെ പുറത്തുവന്നിരുന്നു.

## ധന്യ രാജേന്ദ്രനെതിരായ വ്യാജവാർത്ത

# സംഘ്പരിവാർ മാധ്യമങ്ങൾ പിൻവലിക്കണം: ഹൈക്കോടതി

ന്യൂഡൽഹി: മാധ്യമപ്രവർത്തകയും ദ ന്യൂസ് മിനിറ്റ് എഡിറ്റർ ഇൻ ചീഫുമായ ധന്യ രാജേന്ദ്രനെതിരായ വ്യാജവാർത്ത നീക്കം ചെയ്യാൻ ജന്മഭൂമിയും ജനം ടിവിയും ഉൾപ്പെടെയുള്ള നാല് മാധ്യമങ്ങളോട് ഡൽഹി ഹൈക്കോടതി.

ഹങ്കേറിയൻ അമേരിക്കൻ പൗരനായ ശതകോടീശ്വരൻ ജോർജ് സോറോസിന്റെ ഏജന്റാണ് ധന്യ എന്നായിരുന്നു വാർത്ത. ജനം ടിവി, ജന്മഭൂമി, കർമ ന്യൂസ്, ന്യൂസ് ഇന്ത്യ മലയാളം എന്നിവയ്ക്കും ഉത്തരവ് ബാധകമാണ്. യൂട്യൂബിലും വെബ്സൈറ്റിലുമായി പ്രസിദ്ധീകരിച്ച എല്ലാ വ്യാജവാർത്തകളും 10 ദിവസത്തിനുള്ളിൽ പിൻവലിക്കണം. ധന്യരാജേന്ദ്രന് പുറമെ നൂറിലധികം ഡിജിറ്റൽ മീഡിയ ഓർഗനൈസേഷനുകളുടെയും സ്വതന്ത്ര പത്രപ്രവർത്തകരുടെയും കൂട്ടായ്മയായ ഡിജിപബ്ബിനെതിരെയും ഈ നാല് മാധ്യമങ്ങൾ ആരോപണം ഉന്നയിച്ചിരുന്നു.

സ്വതന്ത്ര മാധ്യമപ്രവർത്തകരായ ബർഖ ദത്ത്, രവീഷ് കുമാർ എന്നിവരും വാർത്താ പ്രസിദ്ധീകരണങ്ങളായ ആൾട്ട് ന്യൂസ്, ദി വയർ, ദി ക്വിന്റ്, സ്ക്രോൾ, ദി ന്യൂസ് മിനിറ്റ്, ന്യൂസ് ലോൺഡ്രി എന്നിവ അടങ്ങിയ കൂട്ടായ്മയാണ് ഡിജിപബ്. ധന്യ ചെയർപേഴ്സണായ ഈ കൂട്ടായ്മ വഴിയാണ് അന്താരാഷ്ട്ര ശൃംഖലയുടെ പണമെത്തുന്നതെന്നും ചില ലേഖനങ്ങൾ ആരോപിച്ചിരുന്നു.

ആരോപണങ്ങൾ അപകീർത്തികരമാണെന്ന് ജൂലൈ 15ന് ഡൽഹി ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ ചൂണ്ടിക്കാട്ടിയിരുന്നു. സംഘടനയുടെയും ധന്യ രാജേന്ദ്രന്റേയും സൽപ്പേരിന് കളങ്കം വരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് അവരുടെ നീക്കമെന്നും കോടതി പറഞ്ഞു.

## വളർച്ച ഏഴ് ശതമാനമാകും: സാമ്പത്തിക സർവേ

ന്യൂഡൽഹി: നടപ്പു സാമ്പത്തിക വർഷം രാജ്യത്തിന്റെ ആഭ്യന്തര ഉത്പാദന വളർച്ച(ജി.ഡി.പി) ഏഴു ശതമാനമാകുമെന്ന് പാർലമെന്റിൽ വച്ച സാമ്പത്തിക സർവേ റിപ്പോർട്ട്. 2024 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷം 8.2 ശതമാനമായിരുന്നു വളർച്ച. കോവിഡ് മഹാമാരിക്കു മുമ്പുള്ള നിലയിലേക്ക് സാമ്പത്തിക വളർച്ച തിരിച്ചെത്തുന്നതിന്റെ സൂചനയായി ഇതിനെ കണക്കാക്കിയിരുന്നു.

നടപ്പു സാമ്പത്തിക വർഷം 6.5 മുതൽ ഏഴു ശതമാനം വരെയായിരിക്കും വളർച്ചയെന്നാണ് സാമ്പത്തിക സർവേ പറയുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ ഏഴു ശതമാനം വളർച്ച പ്രവചിച്ചിരുന്ന ആർ.ബി.ഐ പിന്നീട് 7.2 ശതമാനമായി നിരക്ക് പുതുക്കി നിശ്ചയിച്ചിരുന്നു. ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക്(എ.ഡി.ബി) വിലയിരുത്തൽ പ്രകാരം ഏഴു ശതമാനമാണ് വളർച്ച പ്രതീക്ഷിക്കുന്നത്. സ്വകാര്യ മൂലധന രൂപീകരണത്തിൽ കഴിഞ്ഞ മൂന്നു വർഷം പ്രകടമായ വളർച്ച ഇത്തവണ ഉണ്ടാവില്ലെന്നാണ് വിലയിരുത്തൽ. ഇറക്കുമതി വർധിക്കും എന്നതാണ് ഇതിനു പറയുന്ന കാരണം. സേവന മേഖലയിലെ കയറ്റുമതിയിലും കുറവുണ്ടാകുമെന്ന് സർവേ വിലയിരുത്തുന്നു. തെക്കുപടിഞ്ഞാറൻ കാലവർഷം സാധാരണ പോലെ ലഭിക്കുമെന്ന കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ പ്രവചനം ശരിയായാൽ കാർഷിക മേഖലയിൽ മെച്ചപ്പെട്ട വളർച്ച കൈവരിക്കാൻ കഴിയുമെന്നും സർവേ റിപ്പോർട്ട് സൂചിപ്പിക്കുന്നു.

കാർഷിക മേഖലയിൽ തൊഴിൽ അവസരങ്ങൾ കുറഞ്ഞു കൊണ്ടിരിക്കുകയാണെന്നും ഇതിനെ മറികടക്കാൻ മറ്റു മേഖലകളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടണമെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് രാജ്യത്തെ മൊത്തം തൊഴിൽ അവസരങ്ങളുടെ 45.8 ശതമാനവും നൽകുന്നത് കാർഷിക മേഖലയാണ്.

എന്നാൽ 2047 ആകുമ്പോഴേക്ക് ഇത് 25 ശതമനമായി കുറയും. ഈ പ്രതിസന്ധി മറികടക്കണമെങ്കിൽ മറ്റു മേഖലകളിൽ പ്രതിവർഷം 78.5 ലക്ഷം വീതം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ടെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

### മറ്റു പ്രധാന വിലയിരുത്തലുകൾ

- ഇന്ത്യയിലേക്ക് എത്തുന്ന വിദേശ നാണ്യം 3.7% വർധിച്ച് 2024ൽ 124 ബില്യൺ ഡോളറായും 4% വർധിച്ച് 2025ൽ 129 ബില്യൺ ഡോളറായും എത്തുമെന്ന് പ്രതീക്ഷിക്കുന്നു.
- രാജ്യത്തുണ്ടാകുന്ന രോഗങ്ങളുടെ 54 ശതമാനവും അനാരോഗ്യകരമായ ഭക്ഷണരീതികളാണ്, സമീകൃതവും വൈവിധ്യപൂർണ്ണവുമായ ഭക്ഷണക്രമത്തിലേക്കുള്ള പരിവർത്തനത്തിന്റെ ആവശ്യകത സർവേ ഉയർത്തിക്കാട്ടുന്നു.
- ചൈനയിൽ നിന്നുള്ള വിദേശ നേരിട്ടുള്ള നിക്ഷേപം (എഫ്ഡിഐ) വർദ്ധിക്കുന്നത് ആഗോള വിതരണ ശൃംഖലയിൽ ഇന്ത്യയുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനും കയറ്റുമതി വർദ്ധിപ്പിക്കാനും കഴിയും.

### വാഗ്ദാനങ്ങൾ പാലിക്കുമെന്ന് പ്രധാനമന്ത്രി



ന്യൂഡൽഹി: കേന്ദ്ര ബജറ്റിൽ രാജ്യത്തിന്റെ വികസനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ അവതരിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വാഗ്ദാനങ്ങൾ ജനങ്ങളിലെത്തുമെന്ന് ഉറപ്പാക്കും. 2047ലേക്കുള്ള റോഡ് മാപ്പാകും ബജറ്റ്. ജനങ്ങളുടെ ആഗ്രഹങ്ങൾ നിറവേറ്റുന്ന ബജറ്റായിരിക്കും അവതരിപ്പിക്കുക. ജനങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ എല്ലാവരും ഒന്നിച്ച് നീങ്ങണം. വിദ്വേഷമെല്ലാം മാറ്റിവച്ച് പ്രതിപക്ഷം സഹകരിക്കണം. രാജ്യത്തിന്റെ വികസനം കൂട്ടുത്തരവാദിത്തമാണെന്നും പ്രധാനമന്ത്രി പാർലമെന്റിന് മുന്നിൽ മാധ്യമങ്ങളോട് പ്രതികരിച്ചു. രാജ്യം വികസിത രാജ്യങ്ങളുടെ കൂട്ടത്തിലേക്ക് കുതിക്കുകയാണ്. സാമ്പത്തിക രംഗത്ത് എട്ട് ശതമാനം വളർച്ച നേടി. ഇനിയുള്ള അഞ്ച് വർഷം രാജ്യത്തിനായി ജനപ്രതിനിധികൾ ഒരേമനസ്സോടെ പ്രവർത്തിക്കണമെന്നും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. ഇന്നാണ് ധനമന്ത്രി നിർമ്മലാ സീതാരാമൻ കേന്ദ്ര ബജറ്റ് അവതരിപ്പിക്കുക.



## ബിരുദ പ്രവേശം: ഇന്ന് കൂടി അപേക്ഷ പൂർത്തീകരിക്കാം

തേഞ്ഞിപ്പലം: 2024 –25 അധ്യായന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിന്റെ മൂന്നാം അല്ലോട്മെന്റിനെ തുടർന്നുള്ള പ്രവേശനത്തിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള സപ്ലിമെന്ററി അലോട്മെന്റ് / റാങ്ക് ലിസ്റ്റ് എന്നിവയിലേക്ക് പരിഗണിക്കപ്പെടുന്നതിനായി ജൂലൈ 15 മുതൽ 18ന് വൈകിട്ട് അഞ്ചു മണിവരെ വിദ്യാർഥികൾക്ക് എഡിറ്റിങ് സൗകര്യം അനുവദിച്ചിരുന്നു. ആയത് പ്രകാരം എഡിറ്റിങ് സൗകര്യം ഉപയോഗിക്കുകയും എന്നാൽ അപേക്ഷ പൂർത്തീകരിക്കാത്തതുമായ വിദ്യാർഥികൾക്ക് അപേക്ഷ പൂർത്തീകരിക്കുന്നതിനുള്ള സൗകര്യം ജൂലൈ 23ന് ഉച്ചയ്ക്ക് രണ്ടു മണി വരെ ലഭ്യമാകും. ഇവർ പൂർത്തീകരിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കേണ്ടതുമാണ്. അപേക്ഷ പൂർത്തീകരിക്കാത്ത പക്ഷം പ്രസ്തുത വിദ്യാർഥികളെ സപ്ലിമെന്ററി അലോട്മെന്റുകളിലേക്കോ റാങ്ക് ലിസ്റ്റുകളിലേക്കോ പരിഗണിക്കില്ല. കൂടുതൽ വിവരങ്ങൾ പ്രവേശന വിഭാഗം വെബ്സൈറ്റിൽ https://admission.uoc.ac.in/ .

## ഉഴവൂർ വിജയൻ സ്മാരക പുരസ്കാരം അപേക്ഷ ക്ഷണിച്ചു

കണ്ണൂർ: എൻസിപി സംസ്ഥാന പ്രസിഡന്റും സിനിമ താരവും സാംസ്കാരിക പ്രവർത്തകനുമായിരുന്ന ഉഴവൂർ വിജയന്റെ ചരമ വാർഷികത്തോടനുബന്ധിച്ച് ഉഴവൂർ വിജയൻ സൗഹൃദ വേദി സംസ്ഥാനത്തെ മികച്ച പൊതു പ്രവർത്തകന് ഉഴവൂർ വിജയൻ സ്മാരക മാനവ സേവ പുരസ്കാരം നൽകുന്നു. രാഷ്ട്രീയ, സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അപേക്ഷിക്കാം.താൽപര്യമുള്ളവർ ബയോഡാറ്റ 7593887151 എന്ന വാട്സ്ആപ് നമ്പറിലേക്ക് 30നകം അയക്കണം.

# കേരള വാർത്തകൾ

# പാഠമുദ്ര



ജൂലൈ 23 ദേശീയ പ്രക്ഷേപണ ദിനം

# നിങ്ങൾ കേട്ടുകൊണ്ടിരിക്കുന്നത്...

ആകാശവാണി, പ്രാദേശിക വാർത്തകൾ വായിക്കുന്നത്... ഇത്തരത്തിൽ കൂട്ടുകാർ റേഡിയോ വാർത്തകൾ ശ്രവിച്ചിട്ടുണ്ടോ? അധിവേഗം വളരുന്ന ഇന്നത്തെ സാങ്കേതിക യുഗത്തിൽ ടെക്നോളജികൾ മാറുന്നുണ്ടെങ്കിലും റേഡിയോയെന്ന മാധ്യമത്തെ നമ്മൾ മനസ്സറിഞ്ഞ് സ്നേഹിക്കുന്നത് അവ എപ്പോഴും ജനപക്ഷത്ത് നിൽക്കുന്നുവെന്നതു കൊണ്ടു മാത്രമാണ്. ഒരു കാലത്ത് ജനങ്ങളെ ബോധവൽക്കരിപ്പിക്കാനും വിനോദങ്ങൾ പകർന്നു നൽകാനും ആകാശവാണി നടത്തിയ ശ്രമങ്ങൾ ഒരിക്കലും വിസ്മരിക്കാനാവില്ല. ടെലിവിഷൻ മാധ്യമം നിലവിൽ വരുന്നതിന് മുമ്പ് റേഡിയോ മാത്രമായിരുന്നു പ്രക്ഷേപണ മാധ്യമമായി ഉണ്ടായിരുന്നത്. നിത്യ ജീവിതത്തിൽ റേഡിയോ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ഓർമിപ്പിക്കാൻ എല്ലാവർഷവും ജൂലൈ 23 രാജ്യത്തുടനീളം പ്രക്ഷേപണ ദിനമായി ആചരിക്കുന്നു.

### ഐ.ബി.സിയിൽ നിന്ന് ആകാശവാണിയിലേക്ക്

ലോകത്തിലെ തന്നെ ഏറ്റവും വലിയ പ്രക്ഷേപണ സ്ഥാപനങ്ങളിലൊന്നായി വളർന്ന ആകാശവാണി റേഡിയോ ക്ലബ് ഓഫ് ബോംബെയുടെ നേതൃത്വത്തിൽ 1923 ജൂണിൽ ബ്രിട്ടീഷ് ഭരണകാലയളവിലാണ് ഇന്ത്യയിൽ ആദ്യമായി റേഡിയോ പ്രക്ഷേപണം ആരംഭിക്കുന്നത്. തുടർന്ന് 1927 ജൂലൈ 23നാണ് ബോംബെ സ്റ്റേഷനിൽ നിന്ന് ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ് കമ്പനി (ഐ.ബി.സി) റേഡിയോ പ്രക്ഷേപണം ആരംഭിക്കുന്നത്. ഈ ദിനം അടയാളപ്പെടുത്താനായാണ് എല്ലാ വർഷവും ഇതേ ദിവസം ദേശീയ പ്രക്ഷേപണ ദിനമായി ആചരിക്കുന്നത്. സ്വകാര്യ റേഡിയോ സ്റ്റേഷനായിരുന്ന ഐ.ബി.സിയെ 1930–ൽ ബ്രിട്ടീഷ് ഭരണകൂടം ഏറ്റെടുക്കുകയും ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ്കാസ്റ്റിങ് സർവീസ് (ഐ.എസ്.ബി.എസ്) ആരംഭിക്കുകയും ചെയ്തു. പരീക്ഷണാടിസ്ഥാനത്തിലായിരുന്നു ഈ നീക്കം. രണ്ടു വർഷത്തെ പരീക്ഷണ പ്രക്ഷേപണത്തിൽ വിജയം കണ്ട ഗവൺമെന്റ് 1932ൽ ഐ.ബി. സിയെ സ്ഥിരമായി ഐ.എസ്.ബി.എസ് എന്ന് പുനർനാമകരണം ചെയ്തു. 1936–ൽ ഐ.എസ്.ബി.എസിനെ ഓൾ ഇന്ത്യ റോഡിയോ (എ.ഐ.ആർ) എന്നാക്കി. 1956–ൽ ആകാശവാണിയായും പുനർനാമകരണം ചെയ്തു.




### ദൂരദർശൻ

ഓൾ ഇന്ത്യ റേഡിയോയുടെ ഭാഗമായി 1959 സെപ്തംബർ 15ന് ഡൽഹിയിൽ നിന്നാണ് ദൂരദർശൻ സംപ്രേക്ഷണം ആരംഭിച്ചത്. ദിവസേന സംപ്രേക്ഷണം ആരംഭിച്ചതാവട്ടെ 1965–ലും.

1976–ൽ ഓൾ ഇന്ത്യ റേഡിയോയിൽ നിന്ന് ദൂരദർശനെ വേർപ്പെടുത്തി. നിലവിൽ 24 ചാനലുകളാണ് ദൂരദർശനുള്ളത്. വിവിധ വിഷയങ്ങൾക്കായി ഡി.ഡി ഭാരതി, ഡി.ഡി സ്പോർട്സ്, ഡി.ഡി ന്യൂസ്, എന്നിങ്ങനെയും ചാനലുകളുണ്ട്. 1986 മുതൽ വാണിജ്യാടിസ്ഥാനത്തിൽ സംപ്രേക്ഷണം ആരംഭിച്ച ദൂരദർശന്റെ ആപ്തവാക്യം സത്യം ശിവം സുന്ദരം എന്നതാണ്.

### പ്രസാർ ഭാരതി

1990 സെപ്തംബർ ആറിന് ഇന്ത്യൻ പാർലമെന്റ് പ്രസാർ ഭാരതി നിയമം പാസാക്കി. ഈ നിയമം വഴി പ്രസാർ ഭാരതി എന്ന പേരിൽ പബ്ലിക് ബ്രോഡ്കാസ്റ്റിങ് കോർപ്പറേഷൻ രൂപീകരിച്ചു. ഇന്ത്യൻ ഭരണഘടനയിൽ പറയുന്നതുപോലെ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്തുന്നതിനു വേണ്ടിയാണ് ഇത് പ്രവർത്തിക്കുന്നത്. പ്രസാർ ഭാരതി നിയമം പാസാക്കുന്നതിനു മുമ്പ് ആകാശവാണിയും ദൂരദർശനും ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിങ് മന്ത്രാലയത്തിനു കീഴിലാണ് കേന്ദ്ര സർക്കാർ കൈകാര്യം ചെയ്തിരുന്നത്. മറ്റു രാജ്യങ്ങളിലെ പോലെ ബ്രോഡ്കാസ്റ്റ് ചെയ്യുന്നവർക്ക് കൂടുതൽ സ്വയം ഭരണാവകാശം നൽകുകയെന്നതായിരുന്നു നിയമത്തിനു പിന്നിലെ ഉദ്ദേശം. ഒരു ചെയർമാൻ ഒരു എക്സിക്യൂട്ടീവ് അംഗം ധനകാര്യ വിഷയങ്ങൾക്ക് ഒരു അംഗം, ഉദ്യോഗസ്ഥർക്ക് ഒരു അംഗം, ആറു പാർട്ട് ടൈം അംഗങ്ങൾ, ഡയറക്ടർ ജനറൽ (ആകാശവാണി)–എക്സ് ഒഫീഷ്യോ, ഡയറക്ടർ ജനറൽ (ദൂരദർശൻ)–എക്സ് ഒഫീഷ്യോ, ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിങ് മന്ത്രാലയത്തിന്റെ ഒരു പ്രതിനിധി, കോർപ്പറേഷൻ ജീവനക്കാരുടെ രണ്ട് പ്രതിനിധികൾ എന്നിവയാണ് പ്രസാർഭാരതിയുടെ ബോർഡിൽ ഉൾപ്പെടുന്നത്. ഇതിൽ എക്സ് ഒഫീഷ്യോ അംഗങ്ങൾ ഒഴികെ ചെയർമാനും മറ്റ് അംഗങ്ങളും തിരഞ്ഞെടുക്കപ്പെട്ടവരും നോമിനേറ്റഡ് അംഗങ്ങളും രാഷ്ട്രപതിയാണ് നിയമിക്കുന്നത്. നിലവിൽ നവനീത് കുമാർ സെഹ്വാളാണ് പ്രസാർ ഭാരതിയുടെ ചെയർമാൻ.

### പ്രക്ഷേപണ ദിനാചരണവുമായി ബന്ധപ്പെട്ട് സ്കൂളിൽ നടത്താവുന്ന ക്വിസ്

- ഇന്ത്യയിൽ ആദ്യമായി റേഡിയോ പ്രക്ഷേണം നടത്തിയത് ആരാണ്?
  –രവീന്ദ്രനാഥ ടാഗോർ
- ഇന്ത്യൻ ടെലിവിഷന്റെ പിതാവായി അറിയപ്പെടുന്നത് ആരാണ്?
  –സത്യജിത്ത് റേ
- ദൂരദർശനിലെ ആദ്യ ഇന്ത്യൻ ന്യൂസ് റീഡർ ആരാണ്
  – സൽമ സുൽത്താൻ.
- ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ റേഡിയോ സ്റ്റേഷൻ ഏതാണ്
  –റേഡിയോ സിലോൺ
- ഇന്ത്യ ആദ്യമായി ഉപഗ്രഹ അധിഷ്ഠിത ടെലിവിഷൻ ചാനൽ ആരംഭിച്ചത് ഏത് വർഷമാണ്?
  – 1982



# പി.ജി ഡെന്റൽ കോഴ്സ് പ്രവേശനം: സ്റ്റേറ്റ് മെറിറ്റ് ലിസ്റ്റായി

തിരുവനന്തപുരം: കേരളത്തിലെ വിവിധ സർക്കാർ ഡെന്റൽ കോളജുകളിലെ സ്റ്റേറ്റ് ക്വാട്ട സീറ്റുകളിലേക്കും സ്വാശ്രയ ഡെന്റൽ കോളജുകളിലെ ന്യൂനപക്ഷ ക്വാട്ട/എൻ.ആർ.ഐ ക്വാട്ട ഉൾപ്പെടെ മുഴുവൻ സീറ്റുകളിലേക്കുമുള്ള 2024–25 അധ്യയന വർഷത്തെ പി.ജി ഡെന്റൽ കോഴ്സ് പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികളുടെ അന്തിമ കാറ്റഗറി ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധികരിച്ചു. ജൂലൈ 18ന് പ്രസിദ്ധീകരിച്ച താത്കാലിക കാറ്റഗറി ലിസ്റ്റ് സംബന്ധിച്ച് ജൂലൈ 19ന് വൈകിട്ട് വരെ വിദ്യാർഥികളിൽ നിന്നും ലഭിച്ച സാധുവായ പരാതികൾ പരിശോധിച്ച ശേഷമാണ് കാറ്റഗറി ലിസ്റ്റ് പ്രസിദ്ധികരിച്ചത്. സർവീസ് ക്വാട്ട വിഭാഗം കാറ്റഗറി ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കും. ഇതിനൊപ്പം 2024–25 അധ്യയന വർഷത്തെ പി.ജി ഡെന്റൽ കോഴ്സ് പ്രവേശനത്തിന് അപേക്ഷിച്ചവരുടെ നീറ്റ് എം.ഡി.എസ് 2024 റാങ്ക് അടിസ്ഥാനമാക്കിയുള്ള അന്തിമ സ്റ്റേറ്റ് മെറിറ്റ് ലിസ്റ്റും പ്രസിദ്ധീകരിച്ചു. ജൂലൈ 18ന് പ്രസിദ്ധീകരിച്ച താത്കാലിക സ്റ്റേറ്റ് മെറിറ്റ് ലിസ്റ്റ് സംബന്ധിച്ച് ജൂലൈ 19ന് വൈകിട്ട് വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ–മെയിൽ (ceekinfo. cee@kerala.gov.in) മുഖേന ലഭിച്ച പരാതികൾ പരിശോധിച്ച ശേഷമാണ് അന്തിമ സ്റ്റേറ്റ് മെറിറ്റ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് സന്ദർശിക്കുക. ഹെൽപ് ലൈൻ നമ്പർ: 0471– 2525300.

## മെഡിക്കൽ, എഞ്ചിനീയറിംഗ് അപാകതകൾ പരിഹരിക്കാൻ അവസരം

തിരുവനന്തപുരം: 2024– 25 അധ്യയന വർഷത്തെ കേരള എൻജിനിയറിങ്/ ആർക്കിടെക്ചർ/ ഫാർമസി/ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്ക് അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനുമുള്ള അവസാന തീയതി ജൂലൈ 23 വരെയായി ദീർഘിപ്പിച്ചു. വിശദ വിവരങ്ങൾക്ക് ജൂലൈ ഒമ്പതാം തീയതിയിലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.



ഷിരൂരിൽ മണ്ണിടിച്ചിൽ ദുരന്തമുണ്ടായ സ്ഥലത്ത് ക്യാമ്പു ചെയ്ത് രക്ഷാ പ്രവർത്തനത്തിന് സഹായം നൽകുന്ന കോഴിക്കോട് എം.പി എം.കെ രാഘവൻ, മഞ്ചേശ്വരം എം.എൽ.എ എ.കെ.എം അഷ്റഫ്, കെ.എസ്.യു മുൻ സംസ്ഥാന അധ്യക്ഷൻ കെ.എം അഭിജിത്ത് എന്നിവർ സ്ഥലം എം.എൽ.എ സതീഷ് സൈലിനൊപ്പം

## പ്രാക്ടിക്കൽ

കോട്ടയം: എം.ജി വാഴ്സിറ്റി ബി.എഫ്.ടി ഓഫ്കാമ്പസ്(സപ്ലിമെന്ററി,മെഴ്സി ചാൻസ് ഏപ്രിൽ 2023)പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 24 ന് ചങ്ങനാശ്ശേരി, അസംപ്ഷൻ കോളേജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. രണ്ടാം സെമസ്റ്റർ ബയോ ഇൻഫോർമാറ്റിക്സ് (സിബിസിഎസ് 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെൻററി മേയ് 2024)പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 30 ന് എടത്തല എം.ഇ.എസ് കോളേജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ ബി.എസ്.സി ഫിസിക്സ് എം 1, എം 2, (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി ഏപ്രിൽ 2024)പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 29 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ ബി.വോക്ക് ബ്രോഡ്കാസ്റ്റിംഗ് ആൻറ് ജേർണലിസം (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീയപ്പിയറൻസ് പുതിയ സ്കീം മെയ് 2024)പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 25 ന് കളമശ്ശേരി സെൻറ് പോൾസ് കോളേജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

## സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്: അപേക്ഷ നൽകാം

തിരുവനന്തപുരം: കേന്ദ്ര മാനവശേഷി മന്ത്രാലയം കോളജ്/ സർവകലാശാല വിദ്യാർഥികൾക്ക് അനുവദിക്കുന്ന 2024–25 അധ്യയന വർഷത്തിലെ സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് (പുതിയത്/ പുതുക്കൽ) https://scholarships.gov.in വഴി ഓൺലൈൻ അപേക്ഷ സമർപ്പിക്കാം. അപേക്ഷകർ കേരള ഹയർസെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി ബോർഡുകൾ നടത്തിയ 2024ലെ പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ 80 ശതമാനത്തിൽ കൂടുതൽ മാർക്ക് വാങ്ങി വിജയിച്ചവരും ഏതെങ്കിലും റെഗുലർ ബിരുദ കോഴ്സിന് ഒന്നാം വർഷം ചേർന്നവരും ആയിരിക്കണം. കറസ്പോണ്ടൻസ് കോഴ്സ്, വിദൂര വിദ്യാഭ്യാസ കോഴ്സുകൾ, ഡിപ്ലോമ കോഴ്സ് എന്നിവയ്ക്ക് ചേർന്ന് പഠിക്കുന്നവർക്ക് സ്കോളർഷിപ്പിന് അർഹതയില്ല. പ്രായം 18നും 25നും മധ്യേ. കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപ കവിയരുത്. അപേക്ഷ ഒക്ടോബർ 31നകം നൽകണം. വിശദവിവരങ്ങൾക്ക്: https://scholarships.gov.in, https://dcescholarship.kerala.gov.in

## ബി.ഫാം കോഴ്സ് പ്രവേശന റാങ്ക് പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: 2024 ലെ ബി.ഫാം കോഴ്സ് പ്രവേശനത്തിനുള്ള റാങ്ക്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ കീം 2024 കാൻഡിഡേറ്റ് പോർട്ടലിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## കാലിക്കറ്റ് സർവ്വകലാശാല
www.universityofcalicut.info

### പരീക്ഷാ അപേക്ഷാ

നാലാം സെമസ്റ്റർ എം.പി എഡ്. ( 2019 പ്രവേശനം മുതൽ ) ഏപ്രിൽ 2024 റഗുലർ / സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ ആഗസ്റ്റ് 12 വരെയും 190/ രൂപ പിഴയോടെ 17 വരെയും അപേക്ഷിക്കാം. ലിങ്ക് ജൂലൈ 29 മുതൽ ലഭ്യമാകും.

### പുനർമൂല്യനിർണയഫലം

ഒന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് നവംബർ 2023, വിദൂര വിഭാഗം ഒന്ന്, മൂന്ന്സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് നവംബർ 2022 / 2023, മൂന്നാം സെമസ്റ്റർ എം.എ. സോഷ്യോളജി, എം.എ. ഇക്കണോമിക്സ് നവംബർ 2022 / 2023, ഒന്നാം സെമസ്റ്റർ എം.എ. അറബിക് നവംബർ 2022 / 2023 പരീക്ഷകളുടെയും ഒന്നാം വർഷ എം.എ. അറബിക് ഏപ്രിൽ 2022 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷയുടെയും പുനർമൂല്യനിർണയ ഫലം പ്രസിദ്ധീകരിച്ചു.

വിദൂര വിദ്യാഭ്യാസ വിഭാഗം ഒന്നാം സെമസ്റ്റർ എം.കോം. നവംബർ 2023 പരീക്ഷയുടെ സൂക്ഷ്മപരിശോധനാ, പുനർമൂല്യനിർണയ ഫലം പ്രസിദ്ധീകരിച്ചു.

## ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ്: സ്കോറും ഓൺലൈനായി സമർപ്പിക്കണം

തിരുവനന്തപുരം: ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് നാറ്റാ സ്കോറും, യോഗ്യത പരീക്ഷയിൽ (പ്ലസ്ടു/ ഡിപ്ലോമ അഥവാ തത്തുല്യം) ലഭിച്ച മാർക്കും ഓൺലൈനായി സമർപ്പിക്കുന്നതിനും അനുബന്ധരേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനും ജൂലൈ 25 വൈകുന്നേരം 5 മണി വരെ വെബ്സൈറ്റിൽ സൗകര്യം ലഭിക്കും. വിശദമായ വിജ്ഞാപനത്തിന് www.cee.kerala.gov.in സന്ദർശിക്കുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## വീണ്ടും വേൾഡ് റാങ്ക്; ഹാട്രിക് വിജയഗാഥയുമായി 'ഇലാൻസ്'

കോഴിക്കോട്: കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന, തെക്കേ ഇന്ത്യയിലെതന്നെ പ്രമുഖ കോമേഴ്സ് പരിശീലനകേന്ദ്രമായ 'ഇലാൻസി'ന് വീണ്ടും വേൾഡ് റാങ്ക്. ACCA (അസോസിയേഷൻ ഓഫ് ചാർട്ടേഡ് സർട്ടിഫൈഡ് അക്കൗണ്ട്സ്) കോഴ്സിലെ Financial Reporting (FR) വിഭാഗത്തിലാണ് ഇവിടത്തെ വിദ്യാർത്ഥിയായ മുഹമ്മദ് നാഫിക്ക് ആഗോളതലത്തിൽ ഒന്നാം റാങ്ക് ലഭിച്ചത്. 30–ാം തവണയാണ് സ്ഥാപനം ആഗോളതലത്തിൽ ഒന്നാം റാങ്കിന് അർഹമാകുന്നത്. മൂന്ന് വർഷം തുടർച്ചയായി 1000 ലധികം വിദ്യാർത്ഥികളെ പാസാക്കുക വഴി ഹാട്രിക് വിജയവും ഇത്തവണ 'ഇലാൻസ്' കരസ്ഥമാക്കി.

അബ്ദുൽ റസാഖിന്റെയും സഫിയയുടെ മകനും കോഴിക്കോട് സ്വദേശിയുമായ മുഹമ്മദ് നാഫിക്ക് ഡൽഹി യൂണിവേഴ്സിറ്റിക്ക് കീഴിലെ രാംജാസ് കോളജിൽ ബി.കോം ബിരുദം കരസ്ഥമാക്കിയതിന് ശേഷമാണ് 2024 മാർച്ചിൽ 'ഇലാൻസി'ലെത്തുന്നത്.



ആഗോളതലത്തിൽ ഒന്നാം റാങ്ക് ലഭിച്ച മുഹമ്മദ് നാഫിയെ ഇലാൻസ് ആദരിക്കുന്നു

ഇത്തവണത്തെ പരീക്ഷയിൽ Performance Management (PM) പേപ്പറിൽ 130 ലധികവും Financial Reporting ൽ 165 ലധികവും Audit and Assurance (AA) 100 ലധികവും Financial Management (FM) ൽ 150 ലധികവും വിദ്യാർത്ഥികളാണ് വിജയം വരിച്ചിരിക്കുന്നത്. 2024 ജൂൺ സെഷനിലാണ് 'ഇലാൻസ്' ഈ കുതിച്ചുചാട്ടം നടത്തിയിരിക്കുന്നത്.

2024 മാർച്ചിലും 2023 ഡിസംബറിലും നടന്ന പരീക്ഷകളിലും ഇവിടത്തെ വിദ്യാർത്ഥികൾ 1000 പ്ലസ് പാസ് വിജയത്തിന് അർഹരായിരുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ നടന്ന ACCA പരീക്ഷകളിൽ 29 വേൾഡ് റാങ്കുകളും 56 നാഷണൽ റാങ്കുകളും നേടിയ 'ഇലാൻസ്' നേരത്തെതന്നെ ഒമ്പത് വിഷയങ്ങളിൽ അഞ്ചിലും അഖിലേന്ത്യാതലത്തിൽ റാങ്കുകൾ കരസ്ഥമാക്കിയിരുന്നു.



എം.ടി വാസുദേവൻ നായരുടെ ചെറുകഥകളെ അടിസ്ഥാനമാക്കിയുള്ള ചലച്ചിത്രങ്ങളുടെ ട്രെയിലർ പുറത്തിറക്കുന്ന ചടങ്ങിൽ പങ്കെടുത്തിരുന്നു. ചടങ്ങിനിടയിൽ പിറന്നാൾ കേക്ക് മുറിച്ച് മമ്മൂട്ടി ഒരു നുള്ള് മധുരമെടുത്ത് സാറിന്റെ നാവിൽ വെച്ചുകൊടുത്തു. അത് നുണയുന്നതിനൊപ്പം എം.ടി സാർ മമ്മൂട്ടിയുടെ രണ്ട് കയ്യിലും മുറുകെപ്പിടിച്ചു. പിന്നെ ഒന്നുലഞ്ഞു. അടുത്ത നിമിഷം മലയാളത്തിന്റെ മഹാനായ എഴുത്തുകാരൻ മമ്മൂട്ടിയുടെ മാറിലേക്ക് ചാഞ്ഞു. ഒരച്ഛൻ മകന്റെ നെഞ്ചിലേക്ക് തലചേർക്കുന്നതുപോലെയായിരുന്നു അത്. നീയെനിക്ക് എല്ലാം തന്നു; തൃപ്തിയായി എന്ന് പറയാതെ പറയുന്ന ഒരച്ഛനെപ്പോലെ.

–പ്രിയദർശൻ



അങ്കോളയിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തിരച്ചിൽ അടുത്ത ഘട്ടത്തിലേക്ക് നീങ്ങുകയാണ്. സെർച്ച് ആന്റ് റെസ്ക്യൂ ഓപ്പറേഷനിൽ എന്തെങ്കിലും ഇല്ലെന്ന് പറയുന്നത് പോസിറ്റീവായ കാര്യമാണ്. വാഹനം കരയിൽ ഇല്ലെന്ന് കണ്ടെത്തിയതോടെ അടുത്ത സ്റ്റെപ്പിലേക്ക് എത്രയും വേഗം നീങ്ങാൻ കഴിയും. കരയിൽ ഇത്രയും ഭാഗത്ത് ഇല്ലെന്ന് ഉറപ്പ് വരുത്തിയതോടെ വാഹനം ഒഴുകി പോയിട്ടുണ്ടോ എന്ന അടുത്ത സ്റ്റേജിലേക്ക് തിരച്ചിൽ കടക്കും. അതാണ് നിലവിലെ പുരോഗതി.

–ലെഫ്. കേണൽ ഹേമന്ദ് രാജ്

## കേരള വാർത്തകൾ

# ചെങ്ങളായിലെ നിധിശേഖരം പുരാവസ്തുവകുപ്പ് എടുക്കും

## സ്ഥലം ഉടമയ്ക്ക് വിപണി വിലയുടെ 20 ശതമാനം ലഭിക്കും

ശ്രീകണ്ഠപുരം: ചെങ്ങളായി പരിപ്പായിൽ നിന്ന് തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിച്ച നിധിശേഖരം പുരാവസ്തുക്കളെന്ന് പുരാവസ്തു വകുപ്പ്. ശാസ്ത്രീയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവ ഏറ്റെടുക്കാനുള്ള നടപടി ആരംഭിച്ചതായി പുരാവസ്തു വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.ഭൂ ഉടമയ്ക്ക് വസ്തുക്കളുടെ വിപണി വിലയുടെ 20 ശതമാനം നൽകിയാകും ഏറ്റെടുക്കുക.

കോഴിക്കോട് പഴശ്ശിരാജാ ആർക്കിയോളജിക്കൽ മ്യൂസിയം ഓഫീസ് ഇൻ ചാർജ് കെ കൃഷ്ണരാജ്, മ്യൂസിയം ഗൈഡ് വിമൽ കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് തളിപ്പറമ്പ ആർ ഡി ഓഫീസിൽ സൂക്ഷിച്ച നിധി ശേഖരം പരിശോധിച്ചത്.

1968 ലെ കേരള ട്രഷർ ട്രോവ് നിയമപ്രകാരമാണ് നടപടി. നിധി ശേഖരം 1659 മുതൽ 1826 വരെയുള്ള കാലഘട്ടത്തിലേതെന്നു പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. കാശുമാലകൾ, സ്വർണ മുത്തുകൾ, ചെറിയ കർണാഭരണങ്ങൾ, കമ്മലുകൾ, വെള്ളി നാണയങ്ങൾ എന്നിവയാണ് ശേഖരത്തിലുള്ളത്. ഏറ്റവും പ്രധാനപ്പെട്ടത് കാശുമാലകളാണ്. വ്യാപാര നാണയങ്ങളായതിനാൽ ഏതെങ്കിലും കച്ചവടസംഘങ്ങൾ കുഴിച്ചിട്ടതാവാനാണ് സാധ്യത. വെനീഷ്യൻ ഡക്കറ്റ് ആഭരണമായി കേരളത്തിലെ സമ്പന്ന കുടുംബങ്ങളിലെ സ്ത്രീകൾ അണിഞ്ഞിരുന്നു. കവർച്ചക്കാരെ പേടിച്ചോ കുടുംബത്തിലെ സ്വത്ത് തർക്കത്തെ തുടർന്നോ കുഴിച്ചിട്ടതാകാമെന്ന് കരുതുന്നു. നിധിയിലെ നാണയങ്ങളിൽ വർഷം രേഖപ്പെടുത്തിയിട്ടില്ല. നിധി ഏറ്റെടുത്ത ശേഷം പുരാവസ്തുക്കൾ മ്യൂസിയത്തിൽ പ്രദർശിപ്പിക്കുമെന്ന് ആർക്കിയോളജി വകുപ്പ് ഡയറക്ടർ ഇ. ദിനേശൻ പറഞ്ഞു. പരിപ്പായി യുപി സ്കൂളിനു സമീപത്തെ താജുദ്ദീന്റെ ഉടമസ്തയിലുള്ള സ്ഥലത്ത് തൊഴിലുറപ്പ് തൊഴിലാളികൾമഴക്കുഴി എടുക്കുന്നതിനിടയിലാണ് നിധിശേഖരം കണ്ടെത്തിയത്. ശ്രീകണ്ഠപുരം പൊലീസ് സ്ഥലത്തെത്തി കസ്റ്റഡിയിലെടുത്ത് തളിപ്പറമ്പ് ആർ.ഡി.ഒയെ ഏൽപ്പിക്കുകയായിരുന്നു.

### വെനീഷ്യൻ ഡക്കറ്റ് കാശുമാല, വീരരായൻ–കണ്ണൂർ, പുതുച്ചേരി പണങ്ങൾ

ശ്രീകണ്ഠപുരം: നിധിശേഖരം 1659 മുതൽ 1826 വരെയുള്ള കാലഘട്ടത്തിൽ ഉള്ളതാണെന്നാണ് കണ്ടെത്തൽ. കാശുമാലകൾ,സ്വർണ മുത്തുകൾ, ചെറിയ കർണാഭരണങ്ങൾ, കമ്മലുകൾ,നാണയങ്ങൾ എന്നിവയാണ് ശേഖരത്തിൽ ഉള്ളത്.ഇതിൽ കൂടുതലുള്ള സ്വർണ ലോക്കറ്റുകൾ വെനീഷ്യൻ ഡക്കറ്റ്കാശുമാലയാണ്.വെനീഷ്യയിലെ മൂന്ന് ഭരണാധികാരികളായ ഡ്യൂക്കുകളുടെ കാലത്ത് നിർമ്മിച്ചവയാണ് ഇതെന്ന് കോഴിക്കോട് പഴശ്ശിരാജാ ആർക്കിയോളജിക്കൽ മ്യൂസിയം ഓഫീസ് ഇൻ ചാർജ് കെ കൃഷ്ണരാജ് പറഞ്ഞു.

1659 മുതൽ 1674 വരെ ഭരിച്ച ഡൊമനിക്കോ കൊണ്ടാരിന, 1752 മുതൽ 1762 വരെ ഭരിച്ച ഫ്രാൻസിസ്കോ കോർഡാൻ തുടങ്ങിയവരുടെ കാലഘട്ടത്തിലെ ഡക്കറ്റുകളാണിവ.ഇത്തരത്തിലുള്ള 13 കാശുമാലകളാണ് ലഭിച്ചത്.ഫ്രാൻസിസ്കോ കോർഡാന്റെ കാലത്ത് നിർമ്മിച്ച 4 സ്വർണനാണയങ്ങളും ഇതിലുണ്ട്. സാമൂതിരിയുടെ വീരരായൻ പണം എന്നറിയപ്പെടുന്ന രണ്ട് വെള്ളിനാണയങ്ങളുമുണ്ട്. 1826 ലെ ആലി രാജയുടെ കാലത്തുള്ള കണ്ണൂർ പണം എന്നറിയപ്പെടുന്ന രണ്ട് വെള്ളിനാണയങ്ങളും പുതുച്ചേരിയിൽ നിന്ന് ഫ്രഞ്ചുകാർ നിർമ്മിച്ച ഇൻഡോ- ഫ്രഞ്ച് നാണയങ്ങളും ഇതിലുണ്ട്.

# ഡാലിയ ടീച്ചറുടെ ഹൃദയം വിദ്യാർഥിനിക്ക്

### ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ ഹൃദയമാറ്റ ശസ്ത്രക്രിയ വിജയകരം

തിരുവനന്തപുരം: ഒരുപാട് വിദ്യാർഥികൾക്ക് അറിവും സ്നേഹവും കരുതലും പകർന്ന കൊല്ലം കുഴിത്തുറ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപികയായ ബി ഡാലിയ ടീച്ചറുടെ (47) ഹൃദയം മറ്റൊരു വിദ്യാർത്ഥിയിൽ മിടിക്കും. ഹൃദയ സംബന്ധമായ രോഗത്തെ തുടർന്ന് തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിൽ ചികിത്സയിലുള്ള തൃശൂർ ചാവക്കാട് സ്വദേശിനി 14 വയസുകാരിയ്ക്കാണ് ഹൃദയം മാറ്റിവച്ചത്. ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിലെ ആദ്യത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസത്രക്രിയയ്ക്കാണ് സാക്ഷ്യം വഹിച്ചത്. സർക്കാർ മേഖലയിൽ കോട്ടയം മെഡിക്കൽ കോളജിൽ മാത്രമാണ് ഇതുവരെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തിയിരുന്നത്.

കൊല്ലം കരുനാഗപ്പള്ളി ആലുംകടവ് സ്വദേശിയായ ഡാലിയ ടീച്ചർ മസ്തിഷ്ക മരണമടഞ്ഞതിനെ തുടർന്ന് ബന്ധുക്കൾ അവയവദാനത്തിന് സന്നദ്ധത അറിയിക്കുകയായിരുന്നു. ഹൃദയവും രണ്ട് വൃക്കകളും കരളും രണ്ട് കണ്ണുകളും ഉൾപ്പെടെ 6 അവയവങ്ങളാണ് ദാനം ചെയ്തത്. സർക്കാരിന്റെ അവയവദാന പദ്ധതിയായ കെ-സോട്ടോ (കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ) വഴിയാണ് അവയവ വിന്യാസം നടത്തിയത്. കേരളത്തിൽ മരണാനന്തര അവയവദാനത്തിന് നേതൃത്വം നൽകുന്ന കെ-സോട്ടോ നേതൃത്വത്തിലാണ് അവയവ കൈമാറ്റ നടപടിക്രമങ്ങളും സ്വീകർത്താക്കളെ കണ്ടെത്താനുള്ള നടപടികളും കാര്യക്ഷമമായി നടന്നത്.

തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ നിന്ന് ഇന്നലെ രാവിലെ 11.30നാണ് അവയവം ശ്രീചിത്രയിൽ എത്തിച്ചത്. ആഭ്യന്തര വകുപ്പ് ഗ്രീൻ കോറിഡോർ ഒരുക്കിയാണ് ഹൃദയം ശ്രീചിത്രയിലെത്തിച്ചത്. ഒരു വൃക്ക തിരുവനന്തപുരം മെഡിക്കൽ കോളജിലെ രോഗിയ്ക്കും ഒരു വൃക്കയും കരളും ഡാലിയ ടീച്ചർ ചികിത്സയിലിരുന്ന ആശുപത്രിയിലെ രോഗികൾക്കും നേത്രപടലങ്ങൾ തിരുവനന്തപുരം സർക്കാർ കണ്ണാശുപത്രിയിലെ രോഗികൾക്കുമാണ് നൽകിയത്. ജൂലൈ 19ന് വെള്ളിയാഴ്ചയാണ് തലച്ചോറിലെ രക്തസ്രാവത്തെ തുടർന്ന് ഡാലിയ ടീച്ചറെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഞായറാഴ്ച വൈകിട്ടോടെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുകയായിരുന്നു. തുടർന്ന് ജലസേചന വകുപ്പിൽ സീനിയർ ക്ലർക്കായ ഭർത്താവ് ജെ ശ്രീകുമാറും മക്കളായ ശ്രീദേവൻ, ശ്രീദത്തൻ എന്നിവരും ചേർന്ന് അവയവദാനത്തിന് സമ്മതം നൽകി.

## കരാർ ലംഘിച്ചു, ആർ.ഡി.എക്സ് സംവിധായകനെതിരെ നിർമാതാക്കൾ

കൊച്ചി: കഴിഞ്ഞ വർഷം പുറത്തിറങ്ങിയ ഹിറ്റ് ചിത്രമായ ആർ.ഡി.എക്സിന്റെ സംവിധായകനോട് ഒരു കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് നിർമാതാക്കൾ. സോഫിയ പോളിന്റെ നേതൃത്വത്തിലുള്ള നിർമാണക്കമ്പനിയാണ് സംവിധായകൻ നഹാസ് ഹിദായത്തിൽനിന്ന് വൻതുക ആവശ്യപ്പെട്ട് കോടതിയെ സമീപിച്ചിരിക്കുന്നത്. കമ്പനിയുടെ ഹർജിയിൽ നഹാസിന് കോടതി സമൻസ് അയച്ചിട്ടുണ്ട്. സംവിധായകനെന്ന നിലയിൽ നഹാസിന്റെ ആദ്യത്തെ സിനിമയായിരുന്നു ആർ.ഡി.എക്സ്. ചിത്രം ബോക്സോഫീസിൽ വൻ വിജയമാവുകയും ചെയ്തു. രണ്ടാമത്തെ ചിത്രവും ഇതേ നിർമാണക്കമ്പനിക്ക് വേണ്ടി ചെയ്യാമെന്ന കരാർ നഹാസ് ലംഘിച്ചെന്നാണ് ഹർജിയിലുള്ളത്. ഇതിനായി 40 ലക്ഷം രൂപ നൽകിയെന്നും കമ്പനി പറയുന്നു. 40 ലക്ഷം രൂപ അഡ്വാൻസ് നൽകിയെന്നും നിർമാതാവിനെ അപകീർത്തിപ്പെടുത്തിയെും സമൻസിൽ പറയുന്നു. ആർ.ഡി.എക്സിന്റെ കരാറിൽ അടുത്ത ചിത്രവും ഈ നിർമാണക്കമ്പനിയുടെ അനുവാദത്തോടെയേ ചെയ്യാവൂ എന്ന് കരാറിൽ ഉണ്ടായിരുന്നെന്നാണ് ഹർജിക്കാരുടെ വാദം. എന്നാൽ അങ്ങനെയൊരു ക്ലോസ് കരാർ ഒപ്പിട്ടപ്പോൾ കണ്ടിട്ടില്ലെന്നും, കരാറിന്റെ കോപ്പി പോലും നൽകിയിട്ടില്ലെന്നും നഹാസ് ഹിദായത്ത് പറഞ്ഞു. അടുത്ത ചിത്രം ചെയ്യാമെന്ന് വാക്കാൽ പറഞ്ഞിരുന്നു. അതിനു വേണ്ടി പത്തു മാസത്തോളം കാത്തിരിക്കുകയും ചെയ്തു. ഓഗസ്റ്റിൽ ആർ.ഡി.എക്സ് ചെയ്തിട്ട് ഒരു വർഷമാകും. ഇതിനിടെ അവർ മറ്റു ചിത്രങ്ങൾ ചെയ്യുന്നുമുണ്ട്. ഇപ്പോഴും അവർക്കായി ചിത്രം ചെയ്യാൻ ഞാൻ തയ്യാറാണ്. എന്റെ ചിത്രത്തിന്റെ കാര്യമൊന്നും മുന്നോട്ടുപോകാത്തതിനാൽ അവരെ അറിയിച്ച ശേഷമാണ് ഞാൻ മറ്റൊരു പ്രൊഡ്യൂസർക്കായി ചിത്രം ചെയ്യാൻ തീരുമാനിച്ചത്. ഇപ്പോൾ അതും തടയുമെന്ന നിലയിലാണ് കാര്യങ്ങൾ പോകുന്നതെന്നും നഹാസ് കൂട്ടിച്ചേർത്തു.

# പുഴയിലേക്ക് ചാടിയ നാലുപേർ രക്ഷപ്പെട്ടു ചാലക്കുടിയിൽ എത്തിയത് സ്വർണ ഇടപാടിന്

ചാലക്കുടി: ചാലക്കുടി പുഴയ്ക്ക് കുറുകെയുള്ള റെയിൽവെ പാലത്തിലൂടെ നടന്നുപോകുകയായിരുന്ന നാലു പേർക്ക് അപകടം സംഭവിച്ചതായി ലോക്കോ പൈലറ്റിന്റെ മൊഴി ശരിവച്ച് പൊലീസ് അന്വേഷണത്തിലെ കണ്ടെത്തൽ. നാലംഗ സംഘം സ്വർണ്ണ ഇടപാടിന് എത്തിയതെന്നാണ് വിവരം. മുക്കു പണ്ടം കാണിച്ച് പണം തട്ടിയെടുത്ത് നാലംഗ സംഘം ഓടിരക്ഷപ്പെട്ടെന്നാണ് പരാതിക്കാർ പൊലീസിന് മൊഴി നൽകിയത്.

ഏഴ് ലക്ഷം രൂപയുടെ സ്വർണ ഇടപാടിനായാണ് സംഘം എത്തിയത്. എന്നാൽ സ്വർണം നൽകണമെങ്കിൽ ആദ്യം അഡ്വാൻസ് നൽകണമെന്ന് വന്നവർ നിലപാടെടുത്തു. റെയിൽവെ ട്രാക്കിലായിരുന്നു സംഘം ഉണ്ടായിരുന്നത്. പണം ലഭിച്ചയുടനെ ഇവർ മുക്കുപണ്ടം കാട്ടി. അപ്പോഴേക്കും ട്രെയിൻ വന്നു. നാല് ലക്ഷം രൂപയുടെ ബാഗുമായി പ്രതികൾ ട്രാക്കിലൂടെ ഓടി. ട്രെയിൻ അടുത്തെത്തിയപ്പോൾ പുഴയിലേക്ക് ചാടി. കോഴിക്കോട് സ്വദേശിയുടെ പേര് പറഞ്ഞ് പരിചയപ്പെടുത്തിയാണ് ഇവർ ചാലക്കുടിയിലെത്തിയതെന്നും എന്നാൽ ഈ നാലംഗ സംഘത്തെ പണം നഷ്ടപ്പെട്ടവർക്ക് അറിയില്ലെന്നുമാണ് പൊലീസിന് ലഭിച്ച മൊഴി.

ഞായറാഴ്ച പുലർച്ചെ ഒരു മണിയോടെയാണ് സംഭവങ്ങൾക്ക് തുടക്കം. ചാലക്കുടി റെയിൽവേ സ്റ്റേഷൻ പരിസരത്ത് മലപ്പുറത്തു നിന്നുള്ള രണ്ടുപേർ എത്തി. 7 ലക്ഷം രൂപയ്ക്ക് സ്വർണ്ണം നൽകാമെന്ന് പറഞ്ഞാണ് ഇവിടേക്ക് ഇവരെ വിളിച്ചു വരുത്തിയത്. അഡ്വാൻസ് നൽകാതെ സ്വർണ്ണം കാണിക്കില്ലെന്നായി നാലംഗ സംഘം. നാല് ലക്ഷം അഡ്വാൻസ് നൽകി. പരിശോധിക്കുന്നതിനിടെ നാലംഗ സംഘം പണം അടങ്ങിയ ബാഗുമായി ട്രാക്കിലൂടെ ചാലക്കുടിപ്പുഴയുടെ ഭാഗത്തേക്ക് ഓടി. ആ സമയത്ത് അതുവഴി വന്ന ചെന്നൈ തിരുവനന്തപുരം ട്രെയിനിലെ ലോക്കോ പൈലറ്റാണ് ഒരാൾക്ക് ട്രെയിൻ തട്ടി പരിക്കുപറ്റി എന്നും മറ്റു മൂന്നു പേർ പുഴയിൽ ചാടിയെന്നും വിവരം റെയിൽവേ സ്റ്റേഷനിൽ അറിയിച്ചത്. പിന്നാലെ പണം നഷ്ടപ്പെട്ടവരും പൊലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തി.

പൊലീസും ഫയർഫോഴ്സും റെയിൽവേ ജീവനക്കാരും പുലർച്ചെ മൂന്നുമണിവരെ പുഴയിൽ തിരച്ചിൽ നടത്തി. പിന്നീട് പകൽ സമയത്തും തെരച്ചിൽ തുടർന്നു. സ്കൂബ ടീമും പുഴയിലെത്തി. സമീപ പ്രദേശങ്ങളിലേക്ക് വിവരം കൈമാറിയെങ്കിലും കാണാതായത് ആരെന്നോ എന്തെന്നോ ഉള്ള സൂചനകൾ ഒന്നും കിട്ടിയില്ല. സമീപ പ്രദേശങ്ങളിൽ അന്വേഷിക്കുന്നതിനിടെയാണ് മുരിങ്ങൂരിലെ ഓട്ടോ ഡ്രൈവർ നാല് പേരെ കൊരട്ടിയിൽ കൊണ്ടുവിട്ടത് പങ്കുവെച്ചത്. അതിൽ ഒരാൾക്ക് പരിക്ക് ഉണ്ടായിരുന്നെന്ന് സംശയവും അയാൾ പൊലീസിനെ അറിയിച്ചു. അങ്കമാലി ഭാഗത്തേക്ക് നാല് പേരും കടന്നുകളഞ്ഞു എന്ന സൂചനയാണ് പൊലീസിന് ലഭിക്കുന്നത്. ഇത് തുടർന്ന് അങ്കമാലിയിലും പരിസര പ്രദേശങ്ങളിലുമുള്ള ആശുപത്രികൾ കേന്ദ്രീകരിച്ച് അന്വേഷണം ഊർജ്ജിതമാക്കി. നാല് പേരും ഉത്തരേന്ത്യൻ സ്വദേശികൾ എന്നാണ് പൊലീസ് പറയുന്നത്. സ്വർണ്ണം വാങ്ങാൻ എത്തിയവരെ ഇവർക്ക് പരിചയപ്പെടുത്തിയ കോഴിക്കോട് സ്വദേശിയെയും വിശദമായി ചോദ്യം ചെയ്തു വരുന്നു. പ്രതികൾ വൈകാതെ വലയിലാകുമെന്ന പ്രതീക്ഷയിലാണ് ചാലക്കുടി പൊലീസ്.

## എയ്ഡഡ് സ്കൂൾ ഭിന്നശേഷി നിയമനം: സർക്കാർ സംവിധാനം നോക്കുകുത്തിയാവുന്നു

കൊച്ചി: എയ്ഡഡ് സ്ഥാപനങ്ങളിൽ നാല് ശതമാനം ഭിന്നശേഷി സംവരണം നടപ്പാക്കണമെന്ന സുപ്രീം കോടതി ഉത്തരവ് അട്ടിമറിക്കപ്പെടുന്നതായി പരാതി. സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്ഥാപനങ്ങളിലും 1996 മുതലുള്ള ഒഴിവിലേക്ക് മൂന്നു ശതമാനവും 2018 മുതലുള്ള ഒഴിവുകളിൽ 4 ശതമാനവും സംവരണം നടപ്പാക്കണമെന്ന് 2021ൽ സുപ്രീം കോടതിയും, കോടതി ഉത്തരവിനെ തുടർന്ന് സംസ്ഥാന സർക്കാരും ഉത്തരവിട്ടിരുന്നു.

എന്നാൽ പ്രതിസന്ധികളോട് പോരാടി ഉന്നത വിജയം നേടിയ ഭിന്നശേഷിക്കാരിൽ ഏറിയ പങ്കിനും ഇതിന്റെ ഗുണം ലഭിക്കാത്ത അവസ്ഥയാണുള്ളത്. നിയമന പ്രക്രിയ എളുപ്പമാക്കുന്നതിനായി ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികളെ മാനേജ്മെന്റുകൾക്ക് നൽകുന്നതിനായി സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയാണ് ചുമതല ഏൽപ്പിച്ചിരുന്നത്.

നിലവിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനായി എക്സ്ചേഞ്ചുകൾ റോട്ടേഷൻ അടിസ്ഥാനത്തിലാണ് ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നത്. ഒന്നാമതായി കാഴ്ചപരിമിതരെയും, രണ്ടാമത് കേൾവി പരിമിതരെയും, മൂന്നാമത് ചലന വൈകല്യമുള്ളവരെയും, തുടർന്ന് മാനസിക വെല്ലുവിളി നേരിടുന്നവരെയുമാണ് തിരഞ്ഞെടുക്കുന്നത്.

എന്നാൽ സിംഗിൾ മാനേജ്മെന്റിനെയും കോർപ്പറേറ്റ് മാനേജ്മെന്റുകളെയും ഒരേ പോലെ ഓരോ യൂണിറ്റുകളായാണ് പരിഗണിക്കുന്നത്. ഇതിനാൽ തന്നെ ഒന്നിൽ അധികം ഒഴിവുകൾ വരുന്ന കോർപറേറ്റ് മാനേജ്മെന്റിൽ മാത്രമാണ് സംവരണ അടിസ്ഥാനത്തിൽ നേരിയ തോതിലെങ്കിലും ഭിന്നശേഷി സംവരണം നടപ്പിലാകുന്നുള്ളൂ. മാനേജ്മെന്റുകൾ ഭിന്നശേഷി നിയമനം അട്ടിമറിക്കുന്നത് തടയുന്നതിനും നിയമനത്തിലെ പക്ഷപാതിത്വം അവസാനിപ്പിക്കുന്നതിനുമായി സർക്കാർ ഒരു സെലക്ഷൻ കമ്മിറ്റിയെ നിയോഗിച്ചിരുന്നെങ്കിലും സംസ്ഥാനത്ത് അവയുടെ പ്രവർത്തനവും നിശ്ചലാവസ്ഥയിലാണെന്ന് ഇതുമായി ബന്ധപ്പെട്ടവർ പറയുന്നു.

സംസ്ഥാനത്താകമാനം ആയിരക്കണക്കിന് ഭിന്നശേഷി ഒഴിവുകൾ ഉണ്ടെങ്കിലും നാമമാത്രമായ ആൾക്കാരാണ് അധ്യാപക യോഗ്യത നേടിയിട്ടുള്ളവർ. ഇവർക്ക് പോലും സമയബന്ധിതമായി അവരുടെ അവകാശം നൽകാനാവാതെ മൗനം പാലിക്കുകയാണ് സർക്കാർ സംവിധാനങ്ങളെന്നും പരാതി ഉയരുന്നുണ്ട്.

# ഗൾഫ് വിമാനങ്ങളുടെ നിരക്ക് കൊള്ളക്കെതിരെ ഹാരിസ് ബീരാൻ

ന്യൂഡൽഹി: വിമാന യാത്രാ നിരക്കിലെ ക്രമാതീതമായ വർധനവും അകാരണമായുള്ള റദ്ദാക്കലുകളും പരിശോധിക്കാൻ ആവശ്യപ്പെട്ട് ഹാരിസ് ബീരാൻ എം.പി. പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ദിവസം അവതരിപ്പിച്ച സ്പെഷ്യൽ മെൻഷനിലാണ് എം.പി ഗൾഫ് മേഖലയെ പ്രത്യേകമായി പരാമർശിച്ച് എയർലൈൻ കമ്പനികൾ ഈടാക്കുന്ന അധിക ചാർജ്ജിനെതിരെ സംസാരിച്ചത്. കേരളത്തിൽനിന്നും ഏതൊരു ഗൾഫ് സെക്ടറിലേക്കുള്ള വിമാന ചാർജ്ജ് പരിശോധിച്ചാലും ഒരുമാസം കഴിഞ്ഞുള്ള ചാർജ്ജിന്റെ വളരെ കൂടിയ മടങ്ങ് തുകയാണ് നിലവിൽ കമ്പനികൾ ഈടാക്കുന്നത്. ഇത് ചട്ടം 134 പ്രകാരം പാടില്ലാത്തതാണ്. ഈ നിയമം വിമാന ക്കമ്പനികളുടെ ഏകപക്ഷീയമായ കുത്തകാവകാശത്തെ ചോദ്യംചെയ്യുന്നു.

ഗൾഫ് മേഖലയിലെ ഭൂരിപക്ഷം പ്രവാസികളും ബ്ലൂകോളർ ജോലികളിൽ ഏർപ്പെട്ടവരാണ്. അമിതമായ വിമാന യാത്രാ നിരക്കും അകാരണമായ റദ്ദാക്കലുകളും അവരെയാണ് ബാധിക്കുന്നത്. അതിൽ എടുത്തുപറയേണ്ടത് എയർഇന്ത്യ എക്സ്പ്രസിന്റെ തുടർച്ചയായ വിമാനം റദ്ദാക്കലുകളാണെന്നും സ്പെഷ്യൽ മെൻഷനിൽ ചൂണ്ടിക്കാട്ടി. എയർ ഇന്ത്യയ്ക്കെതിരെ നിരവധി പരാതികളുണ്ടെന്നതും ശ്രദ്ധേയമാണ്. ക്രമരഹിതമായ നിരക്ക്വർധനവ്, പൊരുത്തമില്ലാത്ത ഫ്ലൈറ്റ് ഷെഡ്യൂളുകൾ, പെട്ടെന്നുള്ള റദ്ദാക്കലുകൾ എന്നിവക്ക്പുറമെ ഇതുസമ്പന്ധിച്ച സ്ഥിതിവിവരക്കണക്കുകളും അദ്ദേഹം അവതരിപ്പിച്ചു. 2024 മെയ് 9ന് ആകെയുള്ള 380 സർവീസിൽ 85 എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങൾ റദ്ദാക്കിയെന്നും മെയ് 12ന് 52 എണ്ണവും മെയ് മാസത്തിൽ മാത്രം രണ്ടാഴ്ചയ്ക്കുള്ളിൽ 400ലധികം വിമാനങ്ങൾ റദ്ദാക്കിയെന്നും എം.പി പറഞ്ഞു. തിരുവനന്തപുരത്തെ ഉപയോക്തൃ ഫീസിനെ കുറിച്ചും പരാമർശിച്ചു.

എയർപോർട്ട് ഇക്കണോമിക് റെഗുലേറ്ററി അതോറിറ്റി 50 ശതമാനം യൂസർ ഫീ വർധിപ്പിച്ചിരുന്നു. ഇത് കേരളത്തിലെ വിമാനയാത്ര, ടൂറിസം മേഖലകളെ സാരമായി ബാധിക്കും. ഈ പശ്ചാലത്തിലാണ് സിവിൽ എവിയേഷൻ മന്ത്രി നേരിട്ട് ഡി.ജി.സി.എയോട് നിർദ്ദേശം നൽകണമെന്നും ചട്ടലംഘനം നടത്തിയ എയർലൈനുകൾക്ക് പിഴ ചുമത്തണമെന്നും ഹാരിസ് ബീരാൻ ആവശ്യപ്പെട്ടു.

### മുസഫർ നഗർ വിവാദം: സഭ നിർത്തിവച്ച് ചർച്ച ചെയ്യണം

ന്യൂഡൽഹി: കാവഡ് യാത്രയോടാനുബന്ധിച്ച് യു.പിയിലെ മുസഫർ നഗർ ഭരണകൂടം പുറപ്പെടുവിച്ച ഉത്തരവ് പ്രതിഷേധാർഹമാണെന്നും സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ഹാരിസ് ബീരാൻ ആവശ്യപ്പെട്ടു. കടകൾക്ക് മുമ്പിൽ വ്യക്തികളുടെ പേര് വിവരങ്ങൾ പ്രദർശിപ്പിക്കുന്നത് മാതാടിസ്ഥാനത്തിൽ വേർതിരിവുണ്ടാക്കനാണെന്നും അതിനാൽ രാജ്യസഭയിൽ ചട്ടം 267 പ്രകാരം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ഹാരിസ് ബീരാൻ എം.പി ആവശ്യപ്പെട്ടു. കഴിഞ്ഞ 19നാണ് വിവാദ ഉത്തരവ് പുറപ്പെടുവിച്ചത്. കാവഡ് യാത്ര കടന്നുപോകുന്ന പാതയിലെ റസ്റ്റാറന്റുകൾ, ഹോട്ടലുകൾ, പഴക്കടകൾ തുടങ്ങിയവയുടെ ഉടമകളുടെ പേരുകൾ കടക്കുമുന്നിൽ പ്രദർശിപ്പിക്കണമെന്നായിരുന്നു ഉത്തരവ്. ആദ്യഘട്ടത്തിൽ മുസഫർനഗർ പൊലീസ് പുറപ്പെടുവിച്ച ഉത്തരവ് പിന്നാലെ യു.പി സർക്കാർ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുകയായിരുന്നു.

## തിരുവനന്തപുരം സി.എച്ച് സെന്റർ അനക്സ്: ഫണ്ട് ശേഖരണത്തിനായി സ്പെഷ്യൽ ക്യാമ്പയിൻ

തിരുവനന്തപുരം: തലസ്ഥാന നഗരിയിലെത്തുന്ന നിരാലംബരായ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആശ്വാസമായി പ്രവർത്തിക്കുന്ന തിരുവനന്തപുരം സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ ചാരിറ്റബിൾ സെന്റർ പ്രവർത്തന വിപുലീകരണാർത്ഥം നിർമ്മിക്കുന്ന പുതിയ അനക്സ് കെട്ടിടത്തിന്റെ നിർമ്മാണത്തിന് സ്പെഷ്യൽ ക്യാമ്പയിനിലൂടെ ഫണ്ട് കണ്ടെത്താൻ തീരുമാനം. കാമ്പയിൻ പ്രഖ്യാപനം ഈ മാസം അവസാനം നടക്കും. ഇതുമായി ബന്ധപ്പെട്ട് ചേർന്ന ചേർന്ന സി.എച്ച് സെന്റർ ഭാരവാഹികളുടെ യോഗത്തിൽ പ്രസിഡന്റ് ഇ.ടി മുഹമ്മദ് ബഷീർ എം.പി അധ്യക്ഷ്യത വഹിച്ചു.

സി.എച്ച്സെന്റർ ഭാരവാഹികളായ കെ.പി.എ മജീദ് എം.എൽ എ, ഡോ.എം.കെ മുനീർ എം.എൽ എ, പ്രൊഫ.കെ.കെ ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ, ടി.വി ഇബ്രാഹിം എം.എൽ.എ, കുറുക്കോളി മൊയ്തീൻ എം.എൽ എ എന്നിവർ ക്യാമ്പയിന് നേതൃത്വം വഹിക്കും. ജില്ലാ തല ഏകോപനത്തിനായി ഭാരവാഹികളായ യു.സി രാമൻ എക്സ് എം.എൽഎ (കോഴിക്കോട്), മൺവിള സൈനുദ്ധീൻ (തിരുവനന്തപുരം), ഐ ഇബ്രാഹിം കുട്ടി കരുനാഗപള്ളി (കൊല്ലം), ടി എം സലീം (ഇടുക്കി, ആലപ്പുഴ), അഡ്വ കെ.ഐ റഷീദ് (എറണാകുളം, കോട്ടയം), അഡ്വ ഹലീം കണിയാപുരം (പത്തനംതിട്ട, തൃശൂർ), ഹുമയൂൺ കബീർ ( പാലക്കാട്), നസീം ഹരിപ്പാട് (വയനാട്), സി.എച്ച് മഹ്മൂദ് ഹാജി തിരൂരങ്ങാടി (മലപ്പുറം), പി.കെ മുനീർ (കണ്ണൂർ, കാസർകോട്), നിസാർ കാടേരി (മീഡിയ കോഡിനേറ്റർ) എന്നിവർക്ക് ചുമതല നൽകി.



തിരുവനന്തപുരം സി.എച്ച് സെന്ററിനോടനുബന്ധിച്ചു നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ മാതൃക

2004 മുതൽ തിരുവനന്തപുരം മെഡിക്കൽ കോളജ് കേന്ദ്രീകരിച്ച് ഇ.ടി മുഹമ്മദ് ബഷീർ എംപി പ്രസിഡന്റായ സി.എച്ച് സെന്റർ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ദിനംപ്രതി രോഗികളും കൂട്ടിരിപ്പുകാരുമായ 250 ലധികം ആളുകൾക്ക് സൗജന്യ താമസവും ഭക്ഷണവും, മാസംതോറും മൂന്ന് ലക്ഷം രൂപയുടെ സാമ്പത്തിക സഹായം, അടിയന്തര ഘട്ടങ്ങളിൽ രക്തദാനം, അർഹതയുള്ളവർക്ക് സൗജന്യ ആംബുലൻസ് തുടങ്ങിയ സേവനങ്ങൾ ചെയ്ത് വരികയാണ്. മാസം തോറും 13 ലക്ഷം രൂപയാണ് സി.എച്ച് സെന്ററിൽ ചെലവ് വരുന്നത്.

സി.എച്ച് സെന്ററിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ വേണ്ടി സെന്ററിനോട് ചേർന്ന് വാങ്ങിയ 17 സെന്റ് സ്ഥലത്ത് നാല് നിലകളിലുള്ള അനക്സ് കെട്ടിടമാണ് നിർമ്മിക്കുന്നത്. മൾട്ടി സ്പെഷ്യാലിറ്റി ന്യൂറോ ആന്റ് ഫിസിയോ തെറാപ്പി സെന്റർ, വെയ്റ്റിങ്ങ് ലോഞ്ച്, റൂമുകൾ, ആധുനിക കിച്ചൺ എന്നിവ അടങ്ങുന്ന പ്രൊജക്റ്റിന് എട്ട് കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. രണ്ട് വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് തുറന്നു നൽകാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പൂർത്തീകരിക്കാനാണ് 'തിരുവനന്തപുരം സി.എച്ച് സെന്റർ ഇനി കൂടുതൽ വിശാലതയിലേക്ക് ' എന്ന ശീർഷകത്തിൽ സ്പെഷ്യൽ ക്യാമ്പയിൻ സംഘടിപ്പിച്ച് ഫണ്ട് കണ്ടെത്തുന്നത്. തിരുവനന്തപുരം സി.എച്ച് സെന്ററിനായി ആദ്യമായാണ് ഇത്തരത്തിൽ ഒരു ക്രൗഡ് ഫണ്ടിങ് നടത്തുന്നത്.

## ഫ്ളാറ്റിൽ നിന്നു നവജാത ശിശുവിനെ വലിച്ചെറിഞ്ഞ മാതാവിന് ജാമ്യം

കൊച്ചി: പനമ്പിള്ളി നഗറിൽ നവജാത ശിശുവിനെ ഫ്ലാറ്റിൽ നിന്നു വലിച്ചെറിഞ്ഞു കൊലപ്പെടുത്തിയ കേസിൽ അമ്മയ്ക്ക് ഹൈക്കോടതി ജാമ്യം അനുവദിച്ചു. കർശന ഉപാധികളോടെയാണ് ജസ്റ്റിസ് സി.എസ്.ഡയസ് ജാമ്യം അനുവദിച്ചത്. മേയ് മൂന്നിന് ഫ്ളാറ്റിനു താഴെ പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ നിലയിൽ ചോരക്കുഞ്ഞിന്റെ മൃതദേഹം വഴിയാത്രക്കാരാണ് ആദ്യം കണ്ടത്. ഓൺലൈൻ വഴി പരിചയപ്പെട്ട യുവാവിൽനിന്നാണ് താൻ ഗർഭിണിയായതെന്നു യുവതി പിന്നീട് പൊലീസിന് മൊഴി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പൊലീസ് ബലാൽസംഗ കുറ്റത്തിന് ഇയാൾക്കെതിരെ കേസെടുത്തിട്ടുണ്ട്. യുവതി ഗർഭിണിയായ കാര്യം വീട്ടുകാരിൽ നിന്നും മറച്ചുവച്ചിരുന്നു. മുറിയിലെ കുളിമുറിയിൽ വെളുപ്പിനെ അഞ്ച് മണിയോടെ പ്രസവിച്ച യുവതി എട്ടു മണിയോടെയാണു കുഞ്ഞിനെ താഴേക്ക് വലിച്ചെറിഞ്ഞത്. പ്രസവശേഷം ലഭിക്കേണ്ട ശുശ്രൂഷകളൊന്നും ലഭിക്കാതിരുന്നതിനെ തുടർന്ന് അവശനിലയിലായ യുവതിയെ പിന്നീട് ആശുപത്രിയിൽ പ്രവശിപ്പിക്കുകയും ഒരു മാസത്തോളം ചികിത്സ നൽകുകയും ചെയ്തിരുന്നു. മാനസികനില നേരെയാവാൻ കൗൺസിലിങ് അടക്കമുള്ളവയും നൽകിയിരുന്നു. കേസിൽ യുവാവിന്റെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## സേവനങ്ങൾക്ക് ഉയർന്ന ഫീസ് നീക്കം ഉപേക്ഷിക്കണം: കെ. സുധാകരൻ

തിരുവനന്തപുരം: ജനങ്ങൾക്ക് ഇരട്ടി പ്രഹരം നൽകി സർക്കാർ സേവനങ്ങൾക്ക് ഉയർന്ന ഫീസ് ഈടാക്കാനുള്ള നീക്കം പിണറായി മന്ത്രിസഭ ഉപേക്ഷിക്കണമെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ പൊതുജനത്തിന്റെ മടിക്കുത്തിന് പിടിക്കുകയല്ല ചെയ്യേണ്ടത്. അഞ്ചുമാസത്തെ സാമൂഹിക സുരക്ഷാ പെൻഷൻ ഇപ്പോഴും കുടിശ്ശികയാണ്. അത് കൃത്യമായി വിതരണം ചെയ്യാൻ കഴിയാത്ത പിണറായി സർക്കാർ കേരളീയം നടത്താൻ കാട്ടുന്ന ആത്മാർത്ഥതയ്ക്ക് പിന്നിൽ സാമ്പത്തിക താൽപ്പര്യമാണ്. പൊതുജനത്തെ പിഴിഞ്ഞായാലും പണം കൊള്ളയടിക്കണമെന്ന് ചിന്തയാണ് പിണറായി സർക്കാരിനെ നയിക്കുന്നതെന്നും സുധാകരൻ പറഞ്ഞു.

വർധിച്ച ജീവിതച്ചെലവ് കാരണം ജനം ശ്വാസം മുട്ടുമ്പോൾ എൽ.ഡി.എഫ് സർക്കാർ പണം ധൂർത്തടിക്കാനുള്ള വഴികൾ തേടുകയാണ്. സംസ്ഥാനത്ത് പകർച്ചാവ്യാധിയും മറ്റും പടർന്ന് പിടിക്കുകയാണ്. ആരോഗ്യവകുപ്പ് കുത്തഴിഞ്ഞു. ചികിത്സാപ്പിഴവും കുറ്റകരമായ അനാസ്ഥയും വെളിവാക്കുന്ന നിരവധി സംഭവങ്ങളാണ് ഓരോ ദിവസവും സർക്കാർ ആശുപത്രികളിൽ നിന്നും പുറത്തുവരുന്നത്. കെടുകാര്യസ്ഥത മുഖമുദ്രയാക്കിയ ആഭ്യന്തരം ഉൾപ്പെടെയുള്ള മറ്റുവകുപ്പുകളുടെ പ്രവർത്തനക്ഷമത പറയാതിരിക്കുകയാണ് ഭേദം. അതിനിടെയാണ് സംസ്ഥാനത്തിന്റെ അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെന്നും സുധാകരൻ പറഞ്ഞു.



# അൽവാരസാണ് പ്രതീക്ഷ

## ഫുട്ബോൾ നാളെ മുതൽ

പാരീസ്:ഒളിംപിക്സിൽ പുരുഷ-വനിതാ വിഭാഗങ്ങളിൽ ഫുട്ബോൾ മൽസരങ്ങൾ നാളെ ആരംഭിക്കുകയാണ്. വെള്ളിയാഴ്ച്ചയാണ് സെൻ നദിക്കരയിൽ ഒളിംപിക്സിന് ഔദ്യോഗിക തുടക്കമെങ്കിലും ഗെയിംസ് ഇനങ്ങളുടെ തുടക്കം നാളെ മുതലാണ്. ഫ്രാൻസിലെ പ്രധാന ഏഴ് നഗരങ്ങളിലായാണ് കാൽപ്പന്ത് മാമാങ്കം. നാല് വർഷം മുമ്പ് സ്വർണം സ്വന്തമാക്കിയ ബ്രസീൽ ഇത്തവണ യോഗ്യത നേടിയിട്ടില്ലെങ്കിൽ ഫ്രഞ്ചുകാരുടെ സ്വപ്ന ടീം സ്വന്തം ടീം തന്നെ. ഒളിംപിക്സ് ഫുട്ബോളിൽ ഫ്രാൻസ് സ്വർണം സ്വന്തമാക്കുന്നത് കാണാനാണ് അവർ കാത്തിരിക്കുന്നതെങ്കിൽ സാധ്യതാ പട്ടികയിൽ ഒന്നാമത് ലോക, കോപ്പ ജേതാക്കളായ അർജൻറീനയാണ്. മെസി എന്ന ഇതിഹാസത്തെ പാരിസുകാർക്ക് നന്നായി അറിയാം. രണ്ട് വർഷം അദ്ദേഹം പി.എസ്.ജി താരമായി നഗരത്തിലുണ്ടായിരുന്നു. എന്നാൽ ഒളിംപിക്സിൽ അദ്ദേഹത്തെ കാണാൻ എല്ലാവരും കൊതിച്ചതെങ്കിൽ പരുക്കിൽ തളർന്ന മെഗാ താരത്തിന് പകരം ജൂലിയൻ അൽവാരസ് എന്ന താരത്തിലേക്കാണ് കാണികളുടെ നോട്ടം. ഓട്ടോമെൻഡി, ഗോൾക്കീപ്പർ ജെറോനിമോ റൂളി എന്നിവരുമുണ്ട്.

## ലാസ്റ്റ് ചാൻസ്



പാരീസ്: ഒളിംപിക്സ് പുരുഷ ഫുട്ബോളിൽ ബ്രസീൽ ഇല്ല. പക്ഷേ വനിതാ ഫുട്ബോളിൽ സ്വർണത്തിനായി അവർ രംഗത്ത് വരുന്നത് വലിയ ലക്ഷ്യത്തിലാണ്. ഒളിംപിക്സോടെ രാജ്യാന്തര ഫുട്ബോൾ വിടുന്ന ഇതിഹാസതാരം മാർത്തക്ക് ഗംഭീര സ്വർണ യാത്രയയപ്പ് നൽകണം. മാർത്ത എന്ന താരത്തിന് ഇത് വരെ ഒളിംപിക്സ് സ്വർണമില്ല. 2004 ലെ ഏതൻസ് ഒളിംപിക്സിലും 2008 ലെ ബെയ്ജിംഗ് ഒളിംപിക്സിലും വെള്ളി നേടിയ ബ്രസീൽ സംഘത്തിലും മാർത്തയുണ്ടായിരുന്നു. വിരമിക്കുന്ന ഒളിംപിക്സിൽ സ്വർണമാണ് 38-കാരിയായ നായികയുടെ ലക്ഷ്യം. ടോക്കിയോ ഒളിംപിക്സ് മാർത്തയുടെ അഞ്ചാമത് ഒളിംപിക്സായിരുന്നു. ആ വേദിയിലും സ്കോർ ചെയ്തതോടെ കളിച്ച അഞ്ച് ഒളിംപിക്സിലും ഗോൾ നേടിയ ആദ്യ താരമെന്ന ബഹുമതി സ്വന്തമാക്കാനായി. എന്നാൽ പാരീസിൽ മാർത്തക്ക് ഗോൾ മാത്രം പോര, സ്വർണം തന്നെ വേണം. നിലവിലെ സീസണിൽ നല്ല ഫോമിലാണ് മാർത്ത. അമേരിക്കൻ ലീഗിൽ ഓർലാൻഡോ പ്രൈഡ് സംഘത്തിനായി കളിക്കുന്ന മാർത്ത സീസണിൽ അഞ്ച് ഗോലുകളും നേടിയിട്ടുണ്ട്. സ്വർണത്തോടെ മാർത്തക്ക് വിരമിക്കാനാവുമെന്നാണ് ബ്രസീൽ വനിതാ സംഘത്തിന്റെ പരിശീലക ആർതൽ എലിയാസ് പറയുന്നത്.

# ചന്ദ്രിക സ്പോർട്സ്



*പാരീസ് റെഡിയാണ്. സംഘാടക സമിതി തലവൻ എന്ന നിലയിൽ ലോകത്തെ ഞാൻ ഞങ്ങളുടെ നഗരത്തിലേക്ക് സ്വാഗതം ചെയ്യുന്നു. എട്ട് വർഷത്തെ ഒരുക്കമാണ്. പാരിസ് നഗരം മാത്രമല്ല ഫ്രാൻസിലെ ഏഴ് പ്രധാന നഗരങ്ങൾ ഒളിംപിക്സ് മൽസര വേദികളാണ്. ഉന്നത നിലാവരത്തിലുള്ള സംവിധാനങ്ങളാണ് എല്ലായിടത്തും. ആധുനിക സാങ്കേതിക വിദ്യയെ പുർണമായും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ആർക്കും പരാതിക്കിട നൽകാത്ത വിധമാണ് കാര്യങ്ങൾ. രണ്ടാഴ്ച്ചക്കാലം ലോകം പാരിസിനെ ആസ്വദിക്കണം*

**-ടോണി എസ്റ്റാൻഗട്**

www.chandrikadaily.com

**BREAKING** പാരീസ് ഒളിംപിക്സ് ടെന്നിസിന് കരുത്തുറ്റ സംഘവുമായി സ്പെയിൻ. കാർലോസ് അൽകറാസിനൊപ്പം റഫേൽ നദാൽ



### ഇന്ന്

ഏഷ്യാ കപ്പ്
വനിതാ ടി-20
പാക്കിസ്താൻ-യു.എ.ഇ
(ഉച്ചക്ക് 2-00)
ഇന്ത്യ-നേപ്പാൾ
(രാത്രി 7-00)
സ്റ്റാർ സ്പോർട്സ് ലൈവ്



## രോഹിതിന് കളിക്കാം

മുംബൈ: 2027 ലെ ഏകദിന ലോകകപ്പ് വരുമ്പോൾ നിലവിലെ ഇന്ത്യൻ നായകൻ രോഹിത് ശർമക്ക് പ്രായം 40 ആവും. പോയ വർഷം ഫൈനലിൽ തോറ്റ നിരാശ അകറ്റി ഏകദിന ലോകകപ്പിൽ മുത്തമിടാനുള്ള ചെറിയ വാതിൽ രോഹിതിനായി തുറന്നിരിക്കുന്നു ഇന്ത്യൻ കോച്ച് ഗൗതം ഗാംഭീർ. ഫിറ്റ്നസ് തെളിയിച്ചാൽ രോഹിതിനും വിരാത് കോഹ്ലിക്കും അടുത്ത ഏകദിന ലോകകപ്പിൽ കളിക്കാനാവുമെന്നാണ് കോച്ചിന്റെ പ്രഖ്യാപനം. രണ്ട് പേരും സീനിയേഴ്സാണ്. ഇനിയും അവരിൽ ധാരാളം ക്രിക്കറ്റ് ബാക്കി നിൽക്കുന്നു. എന്നാൽ ഫിറ്റ്നസ് കാര്യത്തിൽ വിട്ടുവീഴ്ച്ചയില്ല. ആരോഗ്യം തെളിയിക്കുന്നപക്ഷം 2027 ലെ ലോകകപ്പിൽ ഇവർക്ക് കളിക്കാനാവുമെന്നാണ് പുതിയ കോച്ച് വിശദീകരിച്ചത്. ശ്രീലങ്കയിലേക്ക് പുറപ്പെടും മുമ്പ് സെലക്ഷൻ കമ്മിറ്റി തലവൻ അജിത് അഗർക്കർക്കൊപ്പം നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കവെ മികവ് തെളയിക്കുന്ന ആരെയും അവഗണിക്കില്ല എന്നാണ് കോച്ച് വ്യക്തമാക്കിയത്. ശ്രീലങ്കൻ പര്യടനത്തിനുള്ള ഏകദിന സംഘത്തിൽ നിന്നും സഞ്ജു സാംസണെ തഴഞ്ഞതിനെക്കുറിച്ച് ചോദിച്ചപ്പോൾ തികച്ചും നിർഭാഗ്യകരം എന്നായിരുന്നു അഗർക്കറുടെ പ്രതികരണം. സഞ്ജു മികച്ച ബാറ്ററാണ്. വിക്കറ്റ് കീപ്പറാണ്. പക്ഷേ ചിലപ്പോൾ മികവിലും നിർഭാഗ്യകരമായ കാര്യങ്ങളുണ്ടാവും. പക്ഷേ പ്രതീക്ഷയോടെ യുവതാരങ്ങൾ ശ്രമം തുടരണമെന്നും അഗർക്കർ പറഞ്ഞു. രാജ്യത്തിനായി അവസാനം കളിച്ച ഏകദിനത്തിൽ സെഞ്ചുറി സ്വന്തമാക്കി കരുത്ത് തെളിയിച്ച സഞ്ജുവിനെ ലങ്കൻ പര്യടനത്തിനുള്ള ടി-20 സംഘത്തിൽ മാത്രമാണ് ഉൾപ്പെടുത്തിയത

## വൻ വിജയം

ട്രെൻഡ് ബ്രിഡ്ജ്: വിൻഡീസിനെതിരായ രണ്ടാം ടെസ്റ്റിൽ ഇംഗ്ലണ്ട് 241 റൺസിന് വിജയിച്ചു. ഒന്നാം ടെസ്റ്റിലും ഇംഗ്ലണ്ട് കൂറ്റൻ വിജയം നേടിയിരുന്നു.

# വൻമതിൽ വിരമിക്കുന്നു

## ഒളിംപിക്സ് അവസാന ചാമ്പ്യൻഷിപ്പ്

PARIS 2024

ഇനി 03 നാൾ

പാരീസ്:പി.ആർ ശ്രീജേഷ്-മേൽവിലാസങ്ങൾ ആവശ്യമില്ലാത്ത, ആമുഖം തെല്ലും വേണ്ടാത്ത ഇന്ത്യൻ ഹോക്കി ഗോൾക്കീപ്പർ. മൂന്ന് ഒളിംപിക്സുകളിൽ രാജ്യത്തിന്റെ ഗോൽ വാല കാത്ത 36-കാരൻ. നാലാം ഒളിംപിക്സിനായി ഇപ്പോൾ പാരീസിലുള്ള അനുഭവ സമ്പന്നൻ. ഇന്നലെ അദ്ദേഹം സാമുഹ്യ മാധ്യമമായ എക്സിൽ ഇങ്ങനെക്കുറിച്ചു- രാജ്യാന്തര ഹോക്കിയിൽ ഞാൻ എന്റെ അവസാന അധ്യായത്തിന്റെ ആരംഭത്തിലാണ്. സ്നേഹവും കടപ്പാടും മനസിൽ നിറയുന്നു. എന്റെ യാത്ര അസാധാരണമായിരുന്നു. കുടുംബം നൽകിയ പിന്തുണ, സഹതാരങ്ങളും പരിശീലകരും ആരാധകരും നൽകിയ പിന്തുണ. അതൊരിക്കലും മറക്കാനാവില്ല.... അതെ, ശ്രീജേഷ് വിരമിക്കുകയാണ്. പാരീസ് ഒളിംപിക്സിൽ രാജ്യത്തിന്റെ കുപ്പായമിട്ട് കളിച്ചായിരിക്കും കൊച്ചിക്കാരന്റെ വിടവാങ്ങൽ. 2006 മുതൽ ആരംഭിച്ച കരിയർ. രാജ്യത്തിനായി 328 മൽസരങ്ങൾ. അതിൽ ഒളിംപിക്സുകൾ, ഏഷ്യൻ ഗെയിംസുകൾ, കോമൺവെൽത്ത് ഗെയിംസുകൾ, ലോകകപ്പ് ഹോക്കി തുടങ്ങി എത്രയെത്ര മൽസരങ്ങൾ. ഏറ്റവും വലിയ നേട്ടമായി മൂന്ന് വർഷം മുമ്പ് ടോക്കിയോവിൽ നേടിയ വെങ്കലം. ജർമനിക്കെതിരായ ലൂസേഴ്സ് ഫൈനലിൽ ശ്രീജേഷിന്റെ മികവിലായിരുന്നു ഇന്ത്യ വെങ്കലം സ്വന്തമാക്കിയത്. മുൻ ലോക ചാമ്പ്യന്മാർ ഇന്ത്യയെ വിറപ്പിച്ച് നിർത്തിയ കാഴ്ച്ചയിൽ, ഗോളുകൾ പറന്ന് വന്ന വേളയിൽ, ഇന്ത്യൻ പ്രതിരോധം വിറങ്ങലിച്ച വേളകളിൽ-ഗോൾ മുഖത്ത് ശ്രീജേഷ് അചഞ്ചലനായിരുന്നു. 1980 ലെ മോസ്ക്കോ ഒളിംപിക്സിലായിരുന്നു അവസാനമായി ഇന്ത്യക്ക് ഹോക്കിയിൽ ഒരു മെഡൽ ലഭിച്ചത്. അതിന് ശേഷം രാജ്യത്തിന്റെ ഹോക്കി പാരമ്പര്യത്തിന് തിലകക്കുറി ചാർത്തിയായിരുന്നു ടോക്കിയോ വെങ്കലം. ടോക്കിയോ വെങ്കലം-അത് അസാമാന്യ നേട്ടമായിരുന്നു. ആ സന്തോഷവും കണ്ണീരും അഭിമാനവും പറഞ്ഞറിയിക്കാനാവില്ല-അദ്ദേഹം പറഞ്ഞു. 18 വർഷം ദീർഘിച്ച കരിയറിൽ തിരിഞ്ഞ് നോക്കുമ്പോൾ വേദനകളൊന്നുമില്ലെന്നാണ് ശ്രീജേഷ് പറയുന്നത്. എനിക്ക് ആദ്യ കിറ്റ് വാങ്ങാനായി പിതാവ് വീട്ടിലെ പശുവിനെ വിറ്റത് ഇപ്പോഴും ഓർമിക്കുന്നു. പിതാവിന്റെ ആ ത്യാഗമായിരുന്നു എന്നിലെ കനൽ. അത് കെടുത്തിയിട്ടില്ല- അദ്ദേഹം പറഞ്ഞു. പാരീസിലും ആ മികവ് നിലനിർത്തി മെഡൽ നേടണമെന്നും അദ്ദേഹം പറഞ്ഞു.



*ആധുനിക ഇന്ത്യൻ ഹോക്കിയിലെ മറക്കാനാവാത്ത താരമാണ് ഗോൾക്കീപ്പർ പി.ആർ ശ്രീജേഷ്. നാലാം ഒളിംപിക്സിനൊരുങ്ങുന്ന ഗോൾക്കീപ്പർ ഇതിനകം ഒരു ഒളിംപിക് മെഡൽ സ്വന്തമാക്കിയിട്ടുണ്ട്.*

## വിശ്വാസം അതാണ് ശ്രീജേഷ്..

കൊച്ചി: ഹോക്കിക്ക് വേരില്ലാത്ത മണ്ണാണ് കേരളം. മാനുവൽ ഫ്രെഡറിക്സ് എന്ന ഒരു കണ്ണൂരുകാരൻ ഇന്ത്യക്കായി ഹോക്കി കളിച്ചത് പലരുമറിയുന്നത് പോലും ടോക്കിയോ ഒളിംപിക്സിൽ ശ്രീജേഷ് മെഡൽ നേടിയ വേളയിലായിരുന്നു. എല്ലാവരും കരുതി ശ്രീജേഷായിരുന്നു ഒളിംപിക്സ് ഹോക്കിയിൽ മെഡൽ സ്വന്തമാക്കുന്ന ആദ്യ മലയാളിയെന്ന്. ശ്രീജേഷ് തന്നെ പലവട്ടം പറഞ്ഞിരിക്കുന്നു ഹോക്കിയിലേക്കുള്ള വരവ്. അത്‌ലറ്റിക്സും ഫുട്ബോളും ഇഷ്ടപ്പെട്ട പയ്യൻ. ഹോക്കിയെക്കുറിച്ച് ധാരാളം വീരഗാഥകൾ കേട്ടപ്പോൾ എന്ത് കൊണ്ട് സ്റ്റിക്ക് വഴങ്ങില്ല എന്ന വെല്ലുവിളി. അങ്ങനെ ഹോക്കി മൈതാനത്ത് ഒരു കൈ നോക്കാൻ ഇറങ്ങിയ താരമാണ് പിന്നീട് വളർന്ന് വലുതായി പതിനെട്ട് വർഷത്തോളം മുഖ്യധാരയിൽ നിറഞ്ഞ് നിന്നത്. ആത്മവിശ്വാസമായിരുന്നു ശ്രീജേഷിന്റെ കൈമുതൽ. ലോക ഹോക്കിയിൽ ഓസ്ട്രേലിയ, നെതർലൻഡ്സ്, കൊറിയ എന്നിവരെല്ലാം നിറഞ്ഞ വേളയിൽ അദ്ദേഹം സംസാരിക്കാറ് ഹോക്കിയിലെ ഇന്ത്യൻ പാരമ്പര്യത്തെക്കുറിച്ചായിരുന്നു. 2006 മുതലുള്ള കരിയറിൽ തല താഴ്ത്താതെയുള്ള പ്രകടനം. അതിന് ഏറ്റവും നല്ല ഉദാഹരണമായിരുന്നു ടോക്കിയോ ഒളിംപിക്സ്. രണ്ടാം മൽസരത്തിൽ ഇന്ത്യൻ സംഘം ഓസ്ട്രേലിയക്കാരോട് വലിയ മാർജിനിൽ തകർന്നപ്പോൾ (1-7) പലരും ഗോൾക്കീപ്പറെ കുറ്റം പറഞ്ഞു. എന്നാൽ ഒരു തോൽവിയിൽ തല താഴ്ത്താതെ കരുത്തർക്കെതിരെ ഇന്ത്യ മികച്ച പ്രകടനം നടത്തിയത് ശ്രീജേഷിന്റെ കരുത്തിലായിരുന്നു. റിയോ ഒളിംപിക്സിൽ സ്വർണം സ്വന്തമാക്കിയ അർജൻറീനക്കാർക്കെതിരെ ഗംഭീര വിജയം. സെമിയിൽ ഇന്ത്യ ബെൽജിയത്തിന് മുന്നിൽ കീഴടങ്ങിയിരുന്നു. സെമിയിൽ പരാജയപ്പെട്ടവർക്ക് ലൂസേഴ്സ് ഫൈനൽ സാധാരണ മൽസരമാവാറാണ് പതിവ്. എന്നാൽ ഒരു ഒളിംപിക് മെഡൽ എന്ന ലക്ഷ്യത്തിൽ എല്ലാവരും കരുത്തരായി കളിച്ചു. അതിന് ശ്രീജേഷ് നേതൃത്വം നൽകി. മെഡലും വന്നു. ഇത്തരത്തിൽ കളത്തിൽ ആത്മവിശ്വാസത്തിന്റെ അഴകായി നിൽക്കുന്ന താരത്തെയാണ് ഇന്ത്യൻ ഹോക്കിക്ക് നഷ്ടമാവാൻ പോവുന്നത്.

## ഞങ്ങൾ മെഡലടിക്കും, പി.ആറിനായി...

പാരീസ്: 2022 ലെ ഖത്തർ ഫിഫ ലോകകപ്പിൽ അർജന്റീനക്കാരുടെ മുദ്രാവാക്യം മെസിക്കൊരു ലോകകപ്പ് എന്നായിരുന്നു. 2011 ലെ ഏകദിന ലോകകപ്പിൽ മഹേന്ദ്രസിംഗ് ധോണി നയിച്ച ഇന്ത്യൻ ടീമിന്റെ മുദ്രാവാക്യം സച്ചിൻ ടെണ്ടുൽക്കർക്കൊരു ലോകകപ്പ് എന്നായിരുന്നു. ആ മുദ്രവാക്യങ്ങളെല്ലാം സത്യമായി. ഇതാ പാരീസ് ഒളിംപിക്സിൽ കളിക്കുന്ന ഇന്ത്യൻ പുരുഷ ഹോക്കി സംഘത്തിന്റെ നായകൻ ഹർമൻപ്രീത് പറയുന്നു- ഒളിംപിക്സിൽ ഇന്ത്യ മെഡൽ സ്വന്തമാക്കും-പി.ആർ ശ്രീജേഷിനായി... ഇന്നലെയായിരുന്നു എക്സിലൂടെ ശ്രിജേഷ് വിരമിക്കൽ സൂചന നൽകിയത്. നിലവിൽ ഇന്ത്യൻ ഹോക്കി സംഘത്തിലെ സീനിയറാണ് ശ്രീജേഷ്. നാലാമത് ഒളിംപിക്സാണ് കളിക്കാൻ പോവുന്നത്. ടോക്കിയോവിൽ സ്വന്തമാക്കിയത് വെങ്കലമായിരുന്നെങ്കിൽ അതിലും മികച്ച നേട്ടമാണ് ടീം പ്രതീക്ഷിക്കുന്നതെന്ന് ഹർമൻ വ്യക്തമാക്കി.

## അവർ കാത്തിരുന്നു

ന്യൂഡൽഹി: അഭിനവ് ബിന്ദ്ര എന്ന ഇന്ത്യയുടെ ആദ്യ വ്യക്തിഗത ഒളിംപിക് സ്വർണജേതാവ് ഒരിക്കലും മറക്കാത്ത ഒരു ഒളിംപിക് അനുഭവമുണ്ട്. അദ്ദേഹം തന്നെ അത് പറയുന്നു. ഒളിംപിക്സ് വില്ലേജ് എന്നത് വലുപ്പ ചെറുപ്പമില്ലാതെ എല്ലാ കായിക താരങ്ങളും ഒരുമിക്കുന്ന വേദിയാണ്. 2000 ത്തിലെ സിഡ്നി ഒളിംപിക്സ്. നീന്തൽ ഇതിഹാസം മൈക്കൽ ഫെൽപ്സ്, ടെന്നിസ് ഇതിഹാസം റോജർ ഫെഡ്ററ തുടങ്ങി അതിവിഖ്യാതരെല്ലാം സിഡ്നി ഗെയിംസ് വില്ലേജിലുണ്ടായിരുന്നു. ഞാനും ഇന്ത്യൻ ഷൂട്ടിംഗ് സംഘത്തിലെ അൻവർ സുൽത്താനും ഡിന്നറിനായി വന്നതായിരുന്നു. അവിടെ ലോക വനിതാ ടെന്നിസിലെ കരുത്തരായ സഹോദരങ്ങൾ- വീനസും സറീനാ വില്ല്യംസുമുണ്ടായിരുന്നു. ഇവർക്കൊപ്പം ഒരു ചിത്രമെടുക്കാൻ അൻവറിന് വലിയ താൽപ്പര്യം. പക്ഷേ എനിക്ക് ചോദിക്കാൻ മടി. അവസാനം അൻവർ തന്നെ ചോദിച്ചു. വീനസും സറീനയും റെഡിയായി. പക്ഷേ ഇന്നത്തെ പോലെ അന്ന് മൊബൈൽ ഫോണും ക്യാമറയുമൊന്നുമില്ല. ആകെയുണ്ടായിരുന്നത് അൻവറിന്റെ ഒരു ക്യാമറയാണ്. അതാണെങ്കിൽ ഞങ്ങളുടെ മുറിയിലും. അത് പറഞ്ഞപ്പോൾ അവർ കാത്തുനിൽക്കാൻ തയ്യാറായി. അൻവർ ക്യാമറയെടുത്ത് വന്നു. അപ്പോഴാണ് മനസിലാവുന്നത് ക്യാമറയിൽ ഫിലിം ഇല്ലെന്നത്. അത് പറഞ്ഞ ഉടൻ തന്നെ വില്ലേജിലെ കടയിലേക്ക് ഓടി. തിരികെ വരുമ്പോൾ പതിനഞ്ച് മിനുട്ടോളമായി. അപ്പോഴും ആ സഹോദരങ്ങൾ പോയിരുന്നില്ല. ഞങ്ങൾക്കൊപ്പം ഫോട്ടോയെടുത്താണ് ആ സൂപ്പർ താരങ്ങൾ മടങ്ങിയത്.

# മറക്കാനാവാത്ത ബെയ്ജിംഗ് സുദിനം

■ കമാൽ വരദൂർ

കോഴിക്കോട്:: അഭിനവ് ബിന്ദ്ര എന്ന ഷൂട്ടറെ ഇന്ത്യൻ കായികലോകം മറക്കില്ല. ഒളിംപിക്സ് ചരിത്രത്തിൽ ആദ്യമായി വ്യക്തിഗത സ്വർണം സ്വന്തമാക്കിയ ഇന്ത്യൻ താരം. ഇന്നും കൺമുന്നിലുണ്ട് 2008 ബെയ്ജിംഗ് ഒളിംപിക്സിലെ ആ നിമിഷം. ചൈനീസ് ആസ്ഥാന നഗരത്തിലെ പക്ഷിക്കൂടും ആ മഹാമാമാങ്ക നാളുകളും ഒരാഴ്ച്ച പിന്നിട്ട വേളയിലായിരുന്നു അഭിനവ് എന്ന മാന്യനായ ഡൽഹിക്കാരൻ സ്വർണത്തിലേക്ക് വെടിവെച്ചത്. പുരുഷ വിഭാഗം പത്ത് മീറ്റർ എയർ റൈഫിൾ ഇനത്തിന്റെ കലാശത്തിൽ അപ്രതീക്ഷിത സ്വർണമായിരുന്നില്ല അത്. ആത്മവിശ്വാസത്തിന്റെ കരുത്തിലുള്ള കന്നിസ്വർണം. ഷൂട്ടിംഗിൽ ഇന്ത്യക്ക് ഗഗൻ നരാംഗ് ഉൾപ്പെടെ വലിയ സംഘമുണ്ടായിരുന്നു. അവരിൽ ആരെങ്കിലും മെഡൽ സ്വന്തമാക്കുമെന്ന വിശ്വാസവും. അഭിനവ് സ്വർണത്തിലേക്ക് വന്നപ്പോഴാവട്ടെ അത് ചരിത്രവുമായി. ഇന്ത്യ എന്ന വലിയ രാജ്യം. അത് വരെ ഒരു വ്യക്തിഗത സ്വർണം നേടാൻ ആർക്കുമായില്ലെന്നത് പലപ്പോഴും ഒളിംപിക്സ് ചരിത്രം ചികയുമ്പോൾ വലിയ ആഘാതവുമായിരുന്നു. അതെല്ലാം നികത്തി അഭിനവ് ഒന്നാമനായപ്പോൾ രാജ്യം കണ്ടത് ഷൂട്ടിംഗ് എന്ന ഗെയിമിന് ലഭിച്ച ജനകീയത. പിന്നീട് ഷൂട്ടിംഗിലേക്ക് കൂടുതൽ താരങ്ങളെത്തി.



*2008 ലെ ബെയ്ജിംഗ് ഒളിംപിക്സിൽ സ്വർണം സ്വന്തമാക്കിയ നിമിഷത്തിൽ അഭിനവ് ബിന്ദ്ര (ഫയൽ)*

ഒളിംപിക്സ് ഉൾപ്പെടെ വലിയ വേദികളിൽ ഷൂട്ടിംഗിൽ ഇന്ത്യ സ്ഥിരം സാന്നിദ്ധ്യവുമായി. ഇത്തവണ പാരീസിലേക്ക് വരുമ്പോൾ 21 പേരാണ് ഷൂട്ടിംഗിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്നത്. ഒളിംപിക്സ് ചരിത്രത്തിലെ ഏറ്റവും വലിയ ഷൂട്ടിംഗ് സംഘം. എല്ലാ ഇനങ്ങളിലും ഇന്ത്യൻ താരങ്ങൾ മൽസരിക്കുന്നു. വനിതകളുടെ 50 മീറ്റർ റൈഫിൾ-3 പൊസിഷനിൽ മൽസരിക്കുന്ന സിഫ്റ്റ് കൗർ സാംറ, വനിതകളുടെ പത്ത് മീറ്റർ എയർ പിസ്റ്റൾ ഇനത്തിലും 25 മീറ്റർ പിസ്റ്റൾ ഇനത്തിലും മൽസരിക്കുന്ന മനു ബാക്കർ തുടങ്ങിയവരിൽ നിന്നും രാജ്യം പ്രതീക്ഷിക്കുന്നത് മെഡലുകൾ തന്നെയാണ്. 21 ഇനങ്ങളിലാണ് ഒളിംപിക്സ് ഷൂട്ടിംഗ് മൽസരങ്ങൾ. ഇതിൽ 16 ഇനങ്ങളിലും മെഡൽ സാധ്യത. വ്യക്തിഗത ഇനത്തിൽ എട്ടിനങ്ങളിലും ചെറുതല്ലാത്ത പ്രതീക്ഷ. അനുഭവ സമ്പത്താണ് മനുവിന്റെ ശക്തി. ലോക റാങ്കിംഗിൽ ഒന്നാം സ്ഥാനത്തുണ്ടായിരുന്ന താരം. 2018 ലെ ഐ.എസ്.എസ്.എഫ് ലോകകപ്പിലൂടെ മുഖ്യധാരയിലേക്ക് വന്ന മനുവിൽ നിന്ന് ടോക്കിയോ ഒളിംപിക്സിൽ ഇന്ത്യ മെഡൽ പ്രതീക്ഷിച്ചിരുന്നു. എന്നാൽ പത്ത് മീറ്റർ എയർ പിസ്റ്റൾ ഫൈനലിൽ റൈഫിൾ ചതിക്കുകയായിരുന്നു. അന്നത്തെ നിരാശ അകറ്റാനായി പാരീസിൽ മെഡൽ ഉറപ്പാണെന്നാണ് മനു വ്യക്തമാക്കുന്നത്. ലക്സംബർഗ്ഗിലെ പരിശീലനം കഴിഞ്ഞ് ടീം പാരിസിലെത്തിയതായും ത്രിവർണ പതാക ഉയർത്താൻ തനിക്കാവുമെന്നും അവർ പറയുന്നു. കോച്ച് ജസ്പാൽ റാണയുമായുള്ള പിണക്കമെല്ലാം അവസാനിപ്പിച്ച് വീണ്ടും അവർ ഒരുമിച്ചതും ശുഭവാർത്തയാണ്. ടോക്കിയോവിൽ മനുവിനൊപ്പം റാണയായിരുന്നു. എട്ടര വർഷമായി ഷൂട്ടിംഗ് സർക്കിളിൽ സജീവമാണെന്നും ആ അനുഭവസമ്പത്താണ് പാരീസിലെ ഊർജ്ജമെന്നും മനു പറയുമ്പോൾ പുരുഷ വിഭാഗം 50 മീറ്റർ റൈഫിൾ -3 പൊസിഷനിൽ മൽസരിക്കുന്ന ഐശ്വര്യ പ്രതാപ്സിംഗ് തോമാർ, സ്വപ്നിൽ കുസാലേ എന്നിവരും മെഡൽ വിശ്വാസത്തിലാണ്. 2008 ൽ അഭിനവ് ബിന്ദ്ര ഉയർത്തിയ ആ ദേശീയ പതാക പാരീസിലെ വേദിയിൽ ഉയർന്നാൽ അൽഭുതപ്പെടാനില്ലെന്ന് പറയുന്നു ഇന്ത്യൻ സംഘത്തെ നയിക്കുന്ന മുൻ ഷൂട്ടറായ ഗഗൻ നരാംഗ്.

## ഇവരാണ് ഇന്ത്യൻ ഷൂട്ടിംഗ് സംഘം

വനിതകളുടെ 50 മീറ്റർ റൈഫിൾ-3 പൊസിഷൻസ്-സിഫ്റ്റ് കൗർ സാംറ, അൻജും മോദ്ഗിൽ
പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾ 3 പൊസിഷൻസ്-ഐശ്വര്യ പ്രതാപ് സിംഗ് തോമാർ, സ്വപ്നിൽ കുസാലേ
10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീം: സന്ദിപ് സിംഗ്, എലവേനി വാലറിവൻ, അർജുൻ ബുത,
റമിതാ ജിൻഡൽ
പുരുഷന്മാരുടെ പത്ത് മീറ്റർ എയർ പിസ്റ്റൾ-സരബ്ജോത് സിംഗ്, അർജുൻസിംഗ് ചീമ
വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ-മനു ബാക്കർ, റിഥം സംഗ്വാൻ
പുരുഷന്മാരുടെ 25 മീറ്റർ റാപ്പിഡ് ഫയർ പിസ്റ്റൾ-അനീഷ് ബൻവാല, വിജയവീർ സിദ്ദു
വനിതകളുടെ 25 മീറ്റർ പിസ്റ്റൾ- മനു ബാക്കർ, ഇഷ സിംഗ്
10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം- സരബ്ജോത് സിംഗ്, മനു ബാക്കർ, അർജ്ജുൻ സിംഗ് ചീമ, റിഥം സാംഗ്വാൻ
ഷോട്ട് ഗൺ
പുരുഷന്മാരുടെ ട്രാപ്പ്-പ്രിഥിരാജ് തോൻഡിമാൻ
വനിതകളുടെ ട്രാപ്പ്-രാജേശ്വരി കുമാരി, ശ്രേയസി സിംഗ്
പുരുഷന്മാരുടെ സ്കിറ്റ്-അനത്ജിത് സിംഗ് നറുക
വനിതകളുടെ സ്കിറ്റ്-മഹേശ്വരി ചൗഹാൻ, റെയ്സ ധില്ലൻ

## മലപ്പുറം ജില്ലയിൽ ജനജീവിതത്തിന്റെ നട്ടെല്ലൊടിച്ച് കൊടുംകാറ്റ്

# കാറ്റൊടിച്ചു

## സൗത്ത് പല്ലാറിൽ തെങ്ങ് തലയിൽ വീണ് കർഷകതൊഴിലാളി മരിച്ചു

## കരിപ്പൂരിൽ രണ്ട് കാറുകൾക്ക് മുകളിൽ മരങ്ങൾ കടപുഴകി വീണു

കൊണ്ടോട്ടി: ശക്തമായ കാറ്റിൽ കരിപ്പൂർ വിമാനത്താവള റോഡിൽ നിർത്തിയിട്ട രണ്ട് കാറുകൾക്ക് മുകളിൽ മരങ്ങൾ കടപുഴകി വീണു. വാഴക്കോട് സ്വദേശി സുബൈറിന്റെ കാറും പട്ടാമ്പി പാറപ്പുറത്ത് സ്വദേശി കമ്മദിന്റെയും കാറുകളാണ് അപകടത്തിൽപെട്ടത്. എയർപോർട്ട് അതോറി റ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അപകടാവസ്ഥയിൽ റോഡിലേക്ക് ചാഞ്ഞുനിന്ന പടുകൂറ്റൻ മരങ്ങളാണ് കടപുഴകി വീണത്. മഞ്ചേരി യൂണിറ്റ് ഫയർഫോഴ്സ് ഉദ്യോഗസ്ഥരും നാട്ടുകാരും വൈറ്റ്ഗാർഡ് വളണ്ടിയർമാരും ചേർന്ന് മരം മുറിച്ചുമാറ്റി. ജെ.സി.ബി ഉപയോഗിച്ച് മരം ഉയർത്തിയതിനു ശേഷമാണ് വാഹനങ്ങൾ നീക്കിയത്. മരം വീണതറിഞ്ഞിട്ടും അതോറിറ്റി അധികൃതർ എത്താത്തതിൽ നാട്ടുകാർ പ്രതിഷേധിച്ചു. കരിപ്പൂർ പൊലീസ് സ്ഥലത്തെത്തി ഗതാഗതം നിയന്ത്രിച്ചു. ഇന്നലെ ഉച്ചക്കാണ് പ്രദേശത്ത് ശക്തമായ കാറ്റ് അടിച്ചത്. പലഭാഗത്തും മരങ്ങൾ വീണു. മേലങ്ങാടി ഗവ. ഹൈസ്കൂളിൽ നിർത്തിയിട്ട അധ്യാപികയുടെ കാറിന് മുകളിലും മരം പൊട്ടി വീണു. മേലങ്ങാടി, പുളിയഞ്ചാലി കോളനിയിൽ ചെറിയാത്തന്റെ വീടിന് മുകളിൽ മരം വീണ് മേൽക്കൂര പാടെ തകർന്നു.

### ചേലേമ്പ്രയിൽ മരങ്ങൾ വീണ് രണ്ട് വീടുകൾ തകർന്നു

ചേലേമ്പ്ര : ഇന്നലെ ഉച്ചക്ക് അടിച്ചു വീശിയ ശക്തായ കാറ്റിൽ മരങ്ങൾ വീണ് ചേലേമ്പ്രയിൽ രണ്ട് നാശനഷ്ടം.ചേലേമ്പ്ര ഇള്ളന്നുമ്മൽ വെള്ളേക്കാട്ട് നഫീസയുടെ ഓട് മേഞ്ഞ വീടിന് മുകളിൽ മരം വീണ് ഭാഗികമായി തകർന്നു. വൈറ്റ് ഗാർഡ് അംഗങ്ങളായ ഷമീർ പാറയിൽ, ഇഖ്ബാൽ ഇളന്നുമ്മൽ, പി.എ മുനവ്വർ, ഷമീർ ചോലയിൽ എന്നിവർ ചേർന്ന് വീടിന് മുകളിൽ നിന്നും മരങ്ങൾ നീക്കം ചെയ്തു. ചേലേമ്പ്ര കുറ്റിപ്പറമ്പിൽ മീമ്പാട്ട് പുറായിൽ ചിന്നമ്മുവിന്റെ ഓട് മേഞ്ഞ വീട് തെങ്ങ് വീണ് തകർന്നു.മരങ്ങൾ വീണും ഇലക്ട്രിക് പോസ്റ്റുകൾ മുറിഞ്ഞ് വീണും ചേലേമ്പ്ര, തേഞ്ഞിപ്പലം,പെരുവള്ളൂർ പഞ്ചായത്തുകളിൽ വൈദ്യുതി വിതരണം തടസപ്പെട്ടു. കടലുണ്ടി , ചേളാരി വൈദ്യുതി സെക്ഷന് കീഴിലെ ചേലേമ്പ്രയിൽ വൈദ്യുതി വിതരണം പൂർണമായും തടസപ്പെട്ടു. ചേളാരി സെക്ഷന് കീഴിലെ പള്ളിക്കലിൽ വൈദ്യുതി ലൈനിലേക്ക് മരങ്ങൾ വീണ് പതിനഞ്ചോളം പോസ്റ്റുകൾ തകർന്നു. കാലിക്കറ്റ് സർവകലാശാലയുടെ പുതിയ പ്രധാന കവാടത്തിന് മുന്നിലെ ദേശീയ പാതയിൽ മരം വൈദ്യുതി ലൈനിലേക്ക് വീണ് രണ്ട് പോസ്റ്റുകൾ നിലം പതിച്ചു. ഇത് കാരണം ദേശീയ പാതയിൽ ഏറെ നേരം ഗതാഗതം തടസപ്പെട്ടു.



ശക്തമായ കാറ്റിൽ ചേലേമ്പ്ര എളന്നുമ്മലിൽ വെള്ളേക്കോട്ട് നഫീസയുടെ വീടിന് മുകളിൽ വീണ മരം വൈറ്റ് ഗാർഡ് അംഗങ്ങൾ മുറിച്ച് മാറ്റാനുള്ള ശ്രമത്തിൽ

### വീടിന്റെ മേൽക്കൂരയിൽ മരം വീണു

പള്ളിക്കൽ: ഇന്നലെ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും വൻ നാശ നഷ്ടങ്ങൾ ഉണ്ടായി.പള്ളിക്കൽ ബസാർ പരുത്തിക്കോട് റോഡിൽ വിവിധ സ്ഥലങ്ങളിൽ മരങ്ങൾ വീണു.പുളിക്കൽ വൈദ്യുതി സെക്ഷനു കീഴിൽ വിവിധ സ്ഥലങ്ങളിലായി നിരവധി മരങ്ങളാണു വീണത്.പള്ളിക്കൽ ബസാർ ആണൂർ ഭാഗത്തായി പുളിക്കൽ വൈദ്യുതി സെക്ഷൻ പരിധിയിൽ ആറ് പോസ്റ്റുകളും ചേളാരി സെക്ഷനു പരിധിയിൽ പരുത്തിക്കോട് ഒരു വൈദ്യുതിക്കാലും മുറിഞ്ഞു വീണു.ഇവിടെ ഗതാഗതം ഏറെ നേരം തടസ്സപ്പെട്ടു.തൊഴിലാളികളും നാട്ടുകാരും ചേർന്ന് മരം മുറിച്ചു മാറ്റിയതിനാൽ ഗതാഗതം പുനഃരാരംഭിച്ചു. അമ്പലവളവിൽ പൈങ്ങോട്ടൂർ ചന്ദ്രന്റെ വീടിനുമുകളിലേക്ക് മരം മുറിഞ്ഞു വീണു.അയൽവാസിയായ എരഞ്ഞിപ്പുറവാൻ സുരേഷിന്റെ വീടിന്റെ മേൽക്കൂരയിലെ ഓട് ശക്തമായ മഴയിലും കാറ്റിലും പറന്നു പോയി. സലാമത്ത് നഗറിൽ കൃഷിഭവനു പിറകിൽ രണ്ട് വീടിനു മുകളിലേക്ക് മരം വീണു.അമ്പലവളവിൽ മറ്റൊരു വീടിനു മുകളിലേക്ക് മരം വീണു.വിവിധ സ്ഥലങ്ങളിൽ മരങ്ങൾ വീണത് കാരണം ഇന്നലെ രാത്രി ഏറെ വൈകിയും വൈദ്യുതി പുനഃസ്ഥാപിക്കാൻ കഴിഞ്ഞില്ല.


പള്ളിക്കൽ ബസാർ പൈങ്ങോട്ടൂർ വീട്ടിൽ ചന്ദ്രന്റെ വീടിന്റെ മേൽക്കൂരയിലേക്ക് കൂറ്റൻ മരം പതിച്ച നിലയിൽ

### തിരൂരിൽ വ്യാപക നാശനഷ്ടങ്ങൾ

തിരൂർ:നഗരത്തിലും പരിസര പ്രദേശങ്ങളിലും ഇന്നലെ ഉച്ചയോടെ പെയ്ത മഴക്കൊപ്പം ശക്തമായ കാറ്റ് അടിച്ചു വീശി. കണ്ണംകുളത്തിനടത്ത് ഇലക്ട്രിക് പോസ്റ്റ് റോഡിലേക്ക് ചെരിഞ്ഞു. പലിയിടത്തും കമ്പികൾ പൊട്ടി വീണു.ജനതാബസാർ ശാന്തി നഗർ ഭാഗങ്ങളിൽ അഞ്ചോളം ഇലക്ട്രിക് പോസ്റ്റുകൾ റോഡിലേക്ക് വീണു. തിരൂർ,പറവണ്ണ, ബി.പി അങ്ങാടി ഭാഗങ്ങളിൽ ചെറുതും വലുതുമായ രീതിയിൽ വ്യാപകമായ നാശനഷ്ടങ്ങളുണ്ടായി. പറവണ്ണ അരികാഞ്ചിറ, മുറിവഴിക്കൽ, ജനതാബസാർ, ബി.പി അങ്ങാടി മുസ്ല്യാരങ്ങാടി എന്നിവിടങ്ങളിൽ റോഡുകളിൽ വൻ മരങ്ങൾ കടപുഴകി വീണു. മിക്കയിടത്തും ഗതാഗതം ഏറെ നേരം തടസ്സപ്പെട്ടു.ഫയർ ഫോഴ്സ് എത്തിയാണ് പലയിടത്തും നാട്ടുകാർക്കൊപ്പം മരം മുറിച്ച് നീക്കി ഗതാഗതം പുനസ്ഥാപിച്ചത്. മുറിവഴിക്കൽ അങ്ങാടിയിൽ കടകൾക്ക് മീതെ മരങ്ങൾ വീണു. മുറിവഴിക്കൽ ജനതാബസാർ റോഡിലെ ഒരു വീട്ടിനു മുൻ വശത്തെ വലിയ മാവ് റോഡിലേക്ക് വീണതു കാരണം മണിക്കൂറുകളോളം ഗതാഗത തടസം ഉണ്ടായി. വള്ളിക്കാഞ്ഞിരം കല്ലിങ്ങൽ റോഡിലും മരങ്ങളും ഇലക്ട്രിക്ക് പോസ്റ്റുകളും വീണ് റോഡ് തടസ്സം ഉണ്ടായി. ഉച്ചക്ക് പന്ത്രണ്ട് മണിക്കും ഒരുമണിക്കുമിടയിലാണ് മഴയും അതിശക്തമായ കാറ്റുമുണ്ടായത്. ഇത് ഏറെ നേരത്തേക്ക് ജനങ്ങളിൽ ഭയപ്പാട് ഉണ്ടാക്കി.


തലക്കുമീതെ/ എ.ആർ നഗർ പഞ്ചായത്തിലെ കുന്നുംപുറം ചെപ്പിയാലം വാർഡിലെ എ.പി മുഹമ്മദ് ഹാജിയുടെ വീടിനു മുകളിൽ വീണ തെങ്ങ് മുറിച്ചു മാറ്റുന്ന പഞ്ചായത്ത് വൈറ്റ് ഗാർഡ് സംഘം


ശക്തമായ മഴയിൽ മുറിവഴിക്കൽ റോഡിലേക്ക് മരം വീണപ്പോൾ

### വളാഞ്ചേരിയിൽ വൈദ്യുതി തൂൺ സ്കൂട്ടറിനു മുകളിൽ വീണു

വളാഞ്ചേരി: ശക്തമായ കാറ്റിലും മഴയിലും എടയൂർ അധികാരിപടിയിൽ വൻ തേക്കുമരം കടപുഴകി റോഡിന് കുറുകെ വീണു. ഇന്നലെ ഉച്ചക്ക് ശേഷമാണ് സംഭവം. മരം കടപുഴകി 110 കെവി വൈദ്യുതി ലൈനിലേക്ക് വീണതിനാൽ മൂന്ന് വൈദ്യുതി തൂണുകൾ മുറിഞ്ഞുവീണു. ഒരു വൈദ്യുതി തൂൺ റോഡിലൂടെ വരികയായിരുന്ന സ്കൂട്ടറിൽ പതിച്ചു. യാത്രക്കാരനായ പാങ്ങ് സ്വദേശി ശുഹൈബ് പരിക്കേൽക്കാതെ രക്ഷപ്പെട്ടു.വൈദ്യുത തൂൺ മറിഞ്ഞുവീണതോടെ വൈദ്യുതി നിലച്ചതിനാൽ വൻ ദുരന്തം ഒഴിവായി. നിരവധി വാഹനങ്ങൾ കടന്നുപോകുന്ന റോഡിലാണ് അപകടം ഉണ്ടായത്. അപകട സമയത്ത് മറ്റു വാഹനങ്ങൾ ഒന്നുമില്ലാത്തതിനാൽ ദുരന്തം വഴിമാറി. തൊട്ടടുത്ത സ്കൂളിലെ വിദ്യാർഥികൾ ഉൾപ്പെടെ യാത്ര ചെയ്യുന്ന റോഡിൽ കുട്ടികളൊന്നും അപകട സമയത്ത് പരിസരത്ത് ഉണ്ടായിരുന്നില്ല എന്ന ആശ്വാസത്തിലാണ് നാട്ടുകാർ.മണിക്കൂറുകളോളം റോഡിൽ ഗതാഗതം തടസപ്പെട്ടു. പൂക്കാട്ടിരിയിൽ നിന്നും കെഎസ്ഇബി ഉദ്യോഗസ്ഥർ എത്തി വൈദ്യുതതൂൺ മാറ്റി സ്ഥാപിച്ചു റോഡ് ഗതാഗതയോഗ്യമാക്കി.


വളാഞ്ചേരിയിൽ വൈദ്യുതി തൂൺ മുറിഞ്ഞ് സ്കൂട്ടറിനു മുകളിലേക്ക് വീണപ്പോൾ


1. കുറൂർകുണ്ടിൽ തയ്യിൽ കുഞ്ഞീന്റെ വീടിന് മുകളിൽ വീണ മരം. 2. ചെമ്മങ്കടവിൽ റോഡിൽ വീണ മരം വെട്ടിമാറ്റുന്നു.3. കരിപ്പൂരിൽ കാറിനു മുകളിൽ മരം വീണപ്പോൾ

## പുതുമയുള്ള ആവിഷ്കാരങ്ങളുമായി ചിറക് യൂത്ത് ക്ലബ്ബ്: ആഗസ്റ്റ് 25ന് ജില്ലാതല ലോഞ്ചിങ്

മലപ്പുറം: മുസ്‌ലിം യൂത്ത് ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റിയുടെ കർമ പദ്ധതിയുടെ ഭാഗമായി രൂപം കൊണ്ട ചിറക് യൂത്ത് ക്ലബ്ബ് പുതുമയുള്ള ആവിഷ്കാരങ്ങളുമായി പ്രവർത്തന സജ്ജമാകുന്നു. ചിറക് വർക്ക് ഷോപ്പ് എന്ന പേരിൽ മണ്ഡലം, മുനിസിപ്പൽ, പഞ്ചായത്ത് യൂത്ത് ഓർഗനൈസർമാർ, ഇതിനകം രൂപീകൃതമായ ക്ലബ്ബുകളുടെ ചെയർമാൻമാർ, കൺവീനർമാർ എന്നിവർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടി ചെയർമാൻ അനസ് എടത്തൊടിക ഉദ്ഘാടനം ചെയ്തു. പ്രമുഖ പരിശീലകൻ കസാഖ് ബഞ്ചാലി നേതൃത്വം നൽകി. പ്രസിഡന്റ് ശരീഫ് കുറ്റൂർ അധ്യക്ഷനായി. ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തിഫ് സ്വാഗതം പറഞ്ഞു. ചിറക് ജനറൽ കൺവീനർ ശരീഫ് വടക്കയിൽ കർമ്മ പദ്ധതികൾ വിശദീകരിച്ചു. ഡോ. സക്കീർ ഹുസൈൻ, ശമീർ ബിൻസി, മുഹമ്മദ് അഷ്റഫ്, ഡോ. മുഹമ്മദലി, സക്കീർ മാസ്റ്റർ, നസീർ മേലേതിൽ, എസ്.എം.എസ് സിദ്ദീഖ്, ജില്ലാ യൂത്ത് ലീഗ് ട്രഷറർ ബാവ വിസപ്പടി, ഭാരവാഹികളായ എൻ.കെ ഹഫ്സൽ റഹ്മാൻ, കെ.എം അലി, ടി.പി ഹാരിസ്, യൂസുഫ് വല്ലാഞ്ചിറ, നിസാജ് എടപ്പറ്റ പ്രസംഗിച്ചു. ക്ലബിന്റെ ലോഞ്ചിങ്ങിന് മുമ്പായുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. പുതിയ കാലത്തെ പുതുമയുള്ള വിചാരങ്ങൾ കൊണ്ട് പുനർനിർമിക്കുന്ന ദൗത്യത്തിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വ്യത്യസ്തമായ ശൈലിയിലും പ്രവർത്തന രീതിയിലുമാണ് ഇതിനെ രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിദഗ്ധരായ ഒരു സംഘം ഇതിന് നേതൃത്വം നൽകി. ആഗസ്റ്റ് പത്തിനകം രൂപീകൃതമായ ക്ലബുകളുടെ നേതൃയോഗങ്ങൾ ചേരും. ആഗസ്റ്റ് 25ന് മലപ്പുറത്ത് ക്ലബ്ബിന്റെ ഔദ്യോഗിക ലോഞ്ചിങ്ങ് നടക്കും. തുടർന്ന് ക്ലബ്ബിന്റെ അംഗത്വ കാമ്പയിൻ തുടങ്ങും. ഉദ്ഘാടനത്തിന്റെ വിളംഭരമായും ക്ലബ്ബിന്റെ സന്ദേശം പ്രചരിപ്പിച്ചും ആഗസ്റ്റ് 15 ന് വൈകുന്നേരം 4 മണിക്ക് ചിറക് മാരത്തോൺ സംഘടിപ്പിക്കും. സെപ്തംബർ ഒന്നിന് ജില്ലയിൽ രൂപീകൃതമായ മുഴുവൻ ക്ലബുകളുടെയും ഉദ്ഘാടനവും ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങും നടക്കും.

കലാ കായിക സാമൂഹിക സാംസ്കാരിക ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ചെറുപ്പക്കാരുടെ പൊതുവേദിയാണ് ചിറക് യൂത്ത് ക്ലബ്ബ്. മത രാഷ്ട്രീയ ജാതി ചിന്താഗതികൾക്കതീതമായിട്ടായിരിക്കും ഇതിന്റെ പ്രവർത്തനം. എല്ലാ വിഭാഗം മനുഷ്യരെയും ഉൾക്കൊള്ളാവുന്ന വിധമാണ് ഇതിന്റെ ഘടന സംവിധാനിച്ചിരിക്കുന്നത്. വ്യത്യസ്ത മേഖലകളിൽ പ്രതിഭാശാലികളായവരാണ് ചിറക് യൂത്ത് ക്ലബ്ബിന് നേതൃത്വം നൽകുന്നത്. കലാ കായിക രംഗത്തെ ചെറുപ്പക്കാരുടെ അഭിരുചിയെ പ്രോത്സാഹിപ്പിക്കുക, മനുഷ്യന്റെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനം, ലഹരിക്കെതിരായിട്ടുള്ള പ്രതിരോധം എന്നിവ ക്ലബ്ബിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. പുലർച്ചെ 5 മണിക്ക് ഉണരുക, വ്യായാമം ചെയ്യുക, വയോജന യുവജന കൂട്ടായ്മ, റീഡിങ് ക്ലസ്റ്റർ, യൂത്ത് ഫെസ്റ്റിവൽ എന്നിവയും പ്രധാന അജണ്ടകളായിരിക്കും. ഫുട്ബോൾ താരം അനസ് എടതൊടിക ചെയർമാനായി ജില്ലാ തലത്തിൽ പ്രത്യേക സമിതി ചിറക് യൂത്ത് ക്ലബ്ബിന് വേണ്ടി പ്രവർത്തനം ആരംഭിച്ചു. ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വേണ്ടി നിയോജക മണ്ഡലം, മുനിസിപ്പൽ, പഞ്ചായത്ത് തലങ്ങളിൽ യൂത്ത് ഓർഗനൈസർമാർ നേരത്തെ ചുമതലയേറ്റെടുത്തിരുന്നു. പതിനാറ് നിയോജക മണ്ഡലം യൂത്ത് ഓർഗനൈസർമാരും 106 പഞ്ചായത്ത്, മുൻസിപ്പൽ ഓർഗനൈസർമാരും ഇതിനോടകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇവർക്കുള്ള പരിശീലനമാണ് ഇന്നലെ നടന്നത്. ജില്ലയിലുടനീളം ഇത് വരെയായി 109 ചിറക് യൂത്ത് ക്ലബ്ബുകൾ നിലവിൽ വരികയും ചെയ്തു. ഘട്ടം ഘട്ടമായി ക്ലബ്ബുകളുടെ എണ്ണം വർധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ക്ലബ്ബ് അംഗങ്ങൾക്കുള്ള മാർഗ രേഖയും നിയമാവലിയും ഇതിനായി പുറത്തിറക്കി. പ്രത്യേക ഭരണഘടന തയ്യാറാക്കുന്ന ജോലി പ്രമുഖരുടെ മേൽ നോട്ടത്തിൽ നടന്നു വരുന്നു. മണ്ഡലം യൂത്ത് ഓർഗനൈസർമാരായ ബാസിത്ത് മോങ്ങം, റഫീഖ് അയക്കോടൻ, സി ജൈസൽ, കെ.ടി യുസുഫ്, സി.കെ മുനീർ, ഹംസത്തലി ചെനങ്ങര, ജാഫർ കരുവാരകുണ്ട്, ജാസർ പുന്നതല, നൗഷാദ് പുളിക്കൽ പങ്കെടുത്തു.



ജില്ലാ മുസ്‌ലിം യൂത്ത്ലീഗ് ചിറക് ക്ലബ്ബുകളുടെ ചെയർമാൻ,കൺവീനർമാർക്ക് സംഘടിപ്പിച്ച പരിശീലനം അനസ് എടത്തൊടിക ഉദ്ഘാടനം ചെയ്യുന്നു

### വിടവാങ്ങിയത് ‘കനിവുമ്മ’



മലപ്പുറം: വേദനിക്കുന്ന അനേകർക്ക് ആശ്വാസം പകരാൻ മലപ്പുറം സി.എച്ച് സെന്ററിന് സ്ഥലം സൗജന്യമായി വിട്ടുനൽകിയ സൈനബ ഹജ്ജുമ്മ ഇനി ഓർമ. വാർധക്യ സഹജമായ അസുഖത്തെ തുടർന്ന് ഇന്നലെ രാത്രി 10 മണിയോടെയായിരുന്നു വിയോഗം. കിഡ്നി രോഗം ബാധിച്ച് മതിയായ ചികിത്സ കിട്ടാതെ മരണപ്പെട്ട സഹോദരന്റെ ഓർമക്കും ഇനിയൊരു രോഗിക്കും പ്രയാസമില്ലാതിരിക്കാനുമായിരുന്നു സ്ഥലം വിട്ടുനൽകാൻ ഹജ്ജുമ്മ തീരുമാനിച്ചത്. സ്ഥലം മുനവ്വറലി ശിഹാബ് തങ്ങൾക്ക് കൈമാറി, തീരുമാനത്തിനൊപ്പം പാണക്കാട് കുടുംബവും നിന്നപ്പോൾ ആ ഉമ്മയുടെ ആഗ്രഹം പോലെ കണ്ണടയും മുമ്പ് തന്നെ പാവപ്പെട്ട രോഗികൾക്കായി സ്ഥാപനം പണികഴിപ്പിച്ചു. മക്കളില്ലാത്ത സൈനബ ഹജ്ജുമ്മ ഒരു കുഞ്ഞ് വളരുന്ന വാത്സല്യത്തോടെ സ്ഥാപനത്തിന്റെ ഓരോ ചുവടും നോക്കി കണ്ടു. 2017 മെയ് 27 റമസാൻ 27ന് പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ കുറ്റിയടിച്ചതോടെ പദ്ധതിക്കു തുടക്കമായി. 17000 ചതുരശ്ര അടി ആധുനിക സൗകര്യങ്ങളോടെ പ്ലാൻ തയ്യാറാക്കി 2018 നവംബർ 5ന് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നിർമ്മാണ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. അവസാനം മലപ്പുറം സി.എച്ച് സെന്റർ മലപ്പുറത്തിന്റെ ഹൃദയഭാഗത്ത് ശിഹാബ് തങ്ങളുടെ പേരിൽ ഒരു ഡയാലിസിസ് സെന്റർ തുറന്നു. 2022 ജനുവരി 1 ഹൈദരലി തങ്ങൾ ഓൺലൈനായി ഉദ്ഘാടനം നിർവഹിച്ച സ്ഥാപനത്തിന്റെ ഡയാലിസിസ് മെഷീൻ സ്വിച്ച് ഓൺ കർമം നിർവഹിച്ചത് സൈനബ ഹജ്ജുമ്മ തന്നെയായിരുന്നു. നിലവിൽ 22 മെഷീനുകൾ മൂന്ന് ഷിഫ്റ്റിലായി പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് സൗജന്യ മരുന്ന് വിതരണം, സൗജന്യ നിരക്കിൽ ലബോറട്ടറി സേവനം, കിടപ്പിലായ രോഗികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങളുടെ വിതരണം, പൂക്കോയ തങ്ങൾ ഹോസ്പീസ്, ആംബുലൻസ് സേവനം, തുടങ്ങി തന്റെ കുഞ്ഞായ സി.എച്ച് സെന്ററിന്റെ വളർച്ചയുടെ ഓരോ ഘട്ടവും നേരിൽ കണ്ടതിന് ശേഷം ഇന്നലെയാണ് മലപ്പുറത്തിന്റെ കനിവുമ്മ നാഥനിലേക്ക് യാത്രയായത്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 23 ചൊവ്വ
ഗൾഫ് ചന്ദ്രിക



കേരളത്തിൽ വീണ്ടും നിപാ വൈറസ് ബാധയെ തുടർന്ന് സംസ്ഥാനത്തെ ജനങ്ങളുടെ ആശങ്കകൾ പരിഗണിച്ച്, കേന്ദ്ര സർക്കാരിൽനിന്ന് വിദഗ്ധ സംഘത്തെ അയച്ച് സ്ഥിതിഗതികൾ പരിശോധിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും കേന്ദ്രം തയാറാകണം. കേന്ദ്ര ആരോഗ്യമന്ത്രാലയം കാര്യങ്ങൾ ഗൗരവത്തോടെ പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സാഹചര്യം നിയന്ത്രണവിധേയമാക്കാൻ വേണ്ടിയുള്ള നടപടികൾ ഉടൻ സ്വീകരിക്കണം.

– ഹൈബി ഈഡൻ



കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം അപകടാവസ്ഥയിലാണ്. ഇതിന് പ്രധാന കാരണം മാലിന്യ നീക്കം നിലച്ചതാണ്. മഴക്കാല പൂർവ ശുചീകരണം നടന്നില്ല. അതിനാലാണ് രോഗങ്ങൾ പെരുകുന്നത്. കേരളത്തിൽ കോവിഡ് സജീവമാണ്. പരിശോധനകൾ നടക്കുന്നില്ല. കോളറ, മഞ്ഞപ്പിത്തം, മലമ്പനി തുടങ്ങിയ രോഗങ്ങളും പടരുകയാണ്. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് നിരവധി തവണ നിയമസഭയിൽ മുന്നറിയിപ്പുകൾ നൽകിയെങ്കിലും സർക്കാർ അതെല്ലാം അവഗണിച്ചു. പകർച്ച വ്യാധികൾ പടരുന്നുവെന്ന തങ്ങളുടെ ചോദ്യങ്ങൾക്ക് അവാർഡ് വാങ്ങിയെന്നാണ് ചിലർ നിയമസഭയിൽ മറുപടി പറഞ്ഞത്.

– വി.ഡി സതീശൻ

## കേരള വാർത്തകൾ

# കടലാക്രമണം: പരപ്പനങ്ങാടി ചാപ്പപ്പടിയിൽ പ്രാർത്ഥനക്കായി സാദിഖലി തങ്ങളെത്തി



പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പരപ്പനങ്ങാടി ചാപ്പപ്പടിയിൽ കടലാക്രമണ ശമനത്തിനായി പ്രാർത്ഥന നടത്തുന്നു

പരപ്പനങ്ങാടി: കടലാക്രമണപ്രദേശങ്ങൾ സന്ദർശിക്കാനും, മത്സ്യതൊഴിലാളികളുടെവേദനയും ദുരിതങ്ങളും നേരിട്ടറിയുന്നതിനും കടലാക്രമണ ശമനത്തിനായി പ്രാർഥിക്കാനും പാണക്കാട്സയ്യി ദ് സാദിഖലി ശിഹാബ്തങ്ങൾ ചാപ്പപ്പ ടി കടപ്പുറത്തെത്തി. ഖാസി, മഹല്ല് ഭാരവാഹികൾ, ഖത്തീബ്, മുദരിസുമാരും നാട്ടുകാരണവന്മാരും തങ്ങളെ സ്വീകരിച്ചു.

മാസങ്ങളായി മത്സ്യലഭ്യത കുറവും കടലാക്രമണവും കാരണം കടലോരം വറുതിയിലാണ്. പാണക്കാട്ടെ സയ്യിദുമാരെത്തി പ്രാർത്ഥന നടത്തിയാൽ കലിതുള്ളി ആഞ്ഞടിച്ച് നാശംവിതക്കുന്ന കടൽ ഉൾവലിഞ്ഞ് ശാന്തമാകുമെന്ന വിശ്വാസമുള്ളവരാണ് തീരത്തുള്ളവർ ഏറെയും. പതിറ്റാണ്ടുകളായി നടന്നുവരുന്ന പ്രാർത്ഥനക്ക് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ ആയിരുന്നു നേതൃത്വം നൽകി വന്നിരു ന്നത്.

തങ്ങളുടെ വിയോഗശേഷം സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളാണ് പ്രാർത്ഥനക്ക് നേതൃത്വം നൽകിവന്നിരുന്നത്. സാദിഖലി തങ്ങളും, അബ്ബാസലിതങ്ങളും മുനവ്വറലി തങ്ങളും പ്രാർത്ഥനക്കെത്താറുണ്ട്. പ്രാർത്ഥന കഴിഞ്ഞ അടുത്ത ദിവസം തന്നെ കടൽ ശാന്തമാവുകയും മൽസ്യബന്ധത്തിനായി പോകാനും സാധ്യമാകുന്ന അനുഭവമാണുള്ളത്. വർഷങ്ങളായുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഉടനെതന്നെ കടലിൽ പോകാനുള്ള ഒരുക്കത്തിലാണ് കടലിന്റെ മക്കൾ. പതിറ്റാണ്ടുകളായി കടലാക്രമണഘട്ടങ്ങളിൽ മഹാരഥന്മാരായ പണ്ഡിത ശ്രേഷ്ഠരുടെ പ്രാർത്ഥനക്കൊടുവിൽ കടൽ ശാന്തമായി പിന്മാറിയ സംഭവങ്ങൾ പഴമക്കാർ സാക്ഷ്യപ്പെടുത്തുന്നു.

പരപ്പനങ്ങാടി ഖാസി പനയത്തിൽ സയ്യിദ് സൈതുമുഹമ്മദ്കോയതങ്ങൾ, നാട്ടുകാരണവരായ പി.പി.ഇബ്രാഹിം, മഹല്ല് പ്രസിഡന്റ് കെ.എസ്.സൈതലവി, എം.എച്ച്.മുഹമ്മദ് ഹാജി, അലിഹാജി തെക്കേപാട്, നഗരസഭാ ചെയർമാൻ പി.പി.ഷാഹുൽ ഹമീദ്, മുദരിസുമാരായ ഇഖ്ബാൽ ഫൈസി കോൽമണ്ണ, ഷറഫുദ്ദീൻ ഫൈസി കോട്ടമല, ആദിൽ ഫൈസി, പി.എസ് സൈതലവി,ടി.ആർ റസാഖ് പങ്കെടുത്തു.

## 108 ജീവനക്കാരുടെ സമരം അന്വേഷിക്കണം മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം: പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ 108 ജീവനക്കാർ അടിക്കടി സമരം ചെയ്യുന്നത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ആരോഗ്യവകുപ്പ് ഡയറക്ടർക്കാണ് കമ്മീഷൻ ആക്ടിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജുനാഥ് നിർദ്ദേശം നൽകിയത്.

ശമ്പളം കിട്ടാൻ വൈകുമ്പോൾ സേവനം നിർത്തുന്ന പ്രവണത അടിയന്തരമായി തടയണമെന്ന് പരാതിക്കാരനായ അനീഷ് മണിയൻ ആവശ്യപ്പെട്ടു. അധികൃതർ മൗനം പാലിക്കുന്നത്കൊണ്ടാണ് ഇത്തരം സമരങ്ങൾ നടത്തുന്നത്.

# അമീബിക് മസ്തിഷ്ക ജ്വരം
# 14 കാരന് രോഗമുക്തി

കോഴിക്കോട്: അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് (മസ്തിഷ്ക ജ്വരം) ബാധിച്ച് ചികിത്സയിലായിരുന്ന 14 വയസുകാരന് രോഗമുക്തി നേടി. കോഴിക്കോട് മേലടി സ്വദേശിയായ കുട്ടിയ്ക്കാണ് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ രോഗം ഭേദമായത്. രാജ്യത്ത് തന്നെ അപൂർവമായാണ് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച ഒരാൾ രോഗമുക്തി നേടുന്നത്. ലോകത്ത് തന്നെ ഇത്തരത്തിൽ രോഗമുക്തി കൈവരിച്ചിട്ടുള്ളത് 11 പേർ മാത്രമാണ്. 97 ശതമാനം മരണ നിരക്കുള്ള രോഗത്തിൽനിന്നാണ് കുട്ടിയെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാൻ സാധിച്ചത്.

മേലടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകർ കുട്ടിയുടെ രോഗലക്ഷണങ്ങൾ മസ്തിഷ്ക ജ്വരത്തിന്റേതാകാം എന്ന് സംശയം പ്രകടിപ്പിക്കുകയും അപകട സാധ്യതകൾ അറിയിക്കുകയും ചെയ്തു. അന്നേദിവസം തന്നെ കുട്ടിയ്ക്ക് അപസ്മാരം ഉണ്ടാകുകയും കോഴിക്കോടുള്ള സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയുമായിരുന്നു. മൂന്നാഴ്ച നീണ്ട ചികിത്സയ്ക്കൊടുവിലാണ് കുട്ടി രോഗമുക്തി നേടിയത്.

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുമായി ചേർന്ന് പ്രാരംഭഘട്ടത്തിൽതന്നെ രോഗം സ്ഥിരീകരിക്കാനുള്ള മോളിക്യുലർ പരിശോധനാ സംവിധാനങ്ങൾ ഒരുക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

മേയ് 28ന് വിദഗ്ധരുടെ നേതൃത്വത്തിൽ ചികിത്സാ മാർഗനിർദേശങ്ങൾ തയാറാക്കുന്നതിന് തീരുമാനിക്കുകയും ഇതനുസരിച്ച് ജൂലൈ 20ന് അമീബിക് മസ്തിഷ്ക ജ്വരത്തിന് ചികിത്സാ മാർഗരേഖ പുറത്തിറക്കുകയും ചെയ്തു. രാജ്യത്ത് തന്നെ ആദ്യമായാണ് അമീബിക് മസ്തിഷ്ക ജ്വരത്തിന് സമഗ്ര മാർഗരേഖ പുറത്തിറക്കിയത്.

## നിപ: അതിർത്തിയിൽ പരിശോധന ശക്തമാക്കി തമിഴ്നാട്

പാലക്കാട്: കേരളത്തിൽ നിപ ബാധിച്ച് 14കാരൻ മരിച്ച സാഹചര്യത്തിൽ അതിർത്തി മേഖലകളിൽ പരിശോധന ശക്തമാക്കി തമിഴ്നാട്. പാലക്കാട് ജില്ലയിൽ തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന മുഴുവൻ ചെക്ക്പോസ്റ്റുകളിലും ഇന്നലെ രാവിലെ മുതൽ തമിഴ്നാട് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പരിശോധനകൾ ആരംഭിച്ചു.

വാളയാർ, മീനാക്ഷിപുരം, ഗോവിന്ദാപുരം, ആനക്കട്ടി തുടങ്ങി കേരള-തമിഴ്നാട് അതിർത്തികളിൽ വാഹനയാത്രക്കാർക്ക് നിപ രോഗലക്ഷണങ്ങളുണ്ടോ എന്ന് പരിശോധിച്ച ശേഷമാണ് തുടർയാത്ര അനുവദിക്കുന്നത്. 100 ഡിഗ്രി സെൽഷ്യസിന് മുകളിൽ ടെംപറേച്ചറുണ്ടെങ്കിൽ അവരുടെ പേരും വിവരങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തിയ ശേഷം ആശുപത്രിയിൽ പ്രവേശിപ്പിക്കും. 24 മണിക്കൂറും അതിർത്തി ചെക്ക്പോസ്റ്റുകളിൽ ആരോഗ്യവകുപ്പിന്റെ പരിശോധനയുണ്ടാകും. കൊവിഡ് കാലത്തും മുമ്പ് കേരളത്തിൽ നിപ സ്ഥിരികരിച്ച സമയത്തും സമാനരീതിയിൽ പരിശോധനകൾ ഉണ്ടായിരുന്നു. മുൻ കരുതലിന്റെ ഭാഗമായാണ് നടപടിയെന്ന് തമിഴ്നാട് ആരോഗ്യവകുപ്പ് അധികൃതർ വ്യക്തമാക്കി.

എന്നാൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും തമിഴ്നാട്ടിൽ ആർക്കും നിപ ബാധയില്ലെന്നും നിലവിലുള്ള ആരോഗ്യ മാർഗനിർദേശങ്ങൾ പാലിച്ചാൽ മതിയെന്നും തമിഴ്നാട് ആരോഗ്യവകുപ്പ് വ്യക്തമാക്കി. കേരള അതിർത്തിയിൽ കോയമ്പത്തൂർ, നീലഗനിരി, തിരുപ്പൂർ, തേനി, തെങ്കാശി, കന്യാകുമാരി ചെക്പോസ്റ്റുകളിൽ ആരോഗ്യവകുപ്പ് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. നിപയോട് സാമ്യമുള്ള രോഗലക്ഷണങ്ങളുള്ളവരെ നിരീക്ഷിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. സമാന ലക്ഷണങ്ങളുള്ളവരെ വിദഗ്ധ പരിശോധനയ്ക്കു വിധയമാക്കാൻ ആശുപത്രികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. വവ്വാലുകളുടെ ആവാസകേന്ദ്രങ്ങൾക്കടുത്ത് താമസിക്കുന്നവർ ശ്രദ്ധിക്കണമെന്നും നിർദേശമുണ്ട്.



ശക്തമായ കാറ്റിൽ കൊണ്ടോട്ടി കരിപ്പൂർ റോഡിൽ കാറിനു മുകളിൽ മരം വീണ നിലയിൽ

## നിപ ഭീതി അകറ്റണം: കേന്ദ്ര ആരോഗ്യ മന്ത്രിക്ക് ഇ.ടി കത്ത് നൽകി


ന്യൂഡൽഹി: മലപ്പുറം ജില്ലയിൽ നിപ വൈറസ് ബാധിച്ചതിനെതുടർന്ന് 14 വയസുള്ള കുട്ടി മരണമടഞ്ഞ സംഭവത്തിൽ സംസ്ഥാനമാകെതന്നെ മുൾമുനയിലാണെന്നും ഇക്കാര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ യോജിച്ച പ്രവർത്തനങ്ങൾ നടത്തി ജനങ്ങളുടെ ഭീതി അകറ്റണമെന്നും ആവശ്യപ്പെട്ട് ഇ.ടി മുഹമ്മദ് ബഷീർ എം.പി കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നദ്ദയെ കണ്ട് കത്ത് നൽകി. പൂനെ ആസ്ഥാനമായുള്ള വൈറോളജി ഡിപ്പാർട്ട്മെന്റ് നിപ വൈറസിന്റെ സാന്നിധ്യം സ്ഥിരീകരിച്ച സാഹചര്യത്തിൽ ജനങ്ങൾക്ക് ഇക്കാര്യത്തിൽ വലിയ പരിഭ്രാന്തിയുണ്ട്. ഇത്തരം വൈറസിന്റെ സാന്നിധ്യം സംസ്ഥാനത്ത് നേരത്തെ ഉണ്ടായ സന്ദർഭങ്ങളിൽ നടന്ന മുൻകരുതലുകളും പ്രതിരോധ പ്രവർത്തനങ്ങളും കത്തിൽ സൂചിപ്പിച്ചു.ജില്ലക്ക് അനുവദിച്ച വൈറോളജി ലാബ് ഉടൻ യാഥാർഥ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും എം.പി ആവശ്യപ്പെട്ടു. നിലവിലെ സാഹചര്യത്തിൽ ജനങ്ങളുടെ ഭീതി അകറ്റാനും രോഗ വ്യാപനം തടയാനുമുള്ള പരിശ്രമങ്ങൾക്ക് കൂടുതൽ വിദഗ്ധരുടെ സേവനം ആവശ്യമാണെങ്കിൽ കേന്ദ്ര ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ നൽകണമെന്നും എം.പി ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ എല്ലാവിധ സഹകരണവും ഉണ്ടാകുമെന്നും ഏത് വിധത്തിലും സഹായിക്കുമെന്നും മന്ത്രി എം.പിക്ക് ഉറപ്പ് നൽകി. വി.കെ ഹാരിസ് ബീരാൻ എം.പിയും കൂടിക്കാഴ്ചയിൽ പങ്കെടുത്തു.



നിപ ഭീതി അകറ്റണമെന്നാവശ്യപ്പെട്ട് ഇ.ടി മുഹമ്മദ് ബഷീർ എം.പി കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നദ്ദക്ക് കത്ത് നൽകുന്നു

## ഓടിക്കൊണ്ടിരുന്ന കാറിന് തീ പിടിച്ച് ഒരാൾ മരിച്ചു

കുമളി: ഓടിക്കൊണ്ടിരുന്ന കാറിന് തീ പിടിച്ച് ഒരാൾ മരിച്ചു. ആളെ തിരിച്ചറിഞ്ഞിട്ടില്ല. ഇന്നലെ രാത്രി എട്ടു മണിയോടുകൂടി കുമളി സ്പ്രിങ് വാലി സെന്റ് ജോൺസ് സെന്റ് അഗസ്റ്റിൻ ആശുപത്രിക്ക് സമീപത്ത് വച്ചായിരുന്നു സംഭവം. കുമളിയിൽ നിന്നും കോട്ടയത്തേയ്ക്കു പോവുകയായിരുന്ന കെ.എസ്.ആർ.ടി.സി ബസ്സിലെ യാത്രക്കാരാണ് കാറിന് തീപിടിക്കുന്നത് ആദ്യം കണ്ടത്.ബസ്സിൽ നിന്നും ആളുകൾ ഇറങ്ങി ഓടിയെത്തി റോഡിൽ കിടന്നിരുന്ന മരക്കഷണം എടുത്ത് കാറിന്റെ ഡ്രൈവിംഗ് സീറ്റിന്റെ ചില്ല് അടിച്ചു തകർത്ത് വാഹനത്തിൽ ഉണ്ടായിരുന്ന ആളെ രക്ഷപ്പെടുത്താൻ ശ്രമിച്ചു. എന്നാൽ സീറ്റ് ബെൽറ്റിൽ കുടുങ്ങി. ഇതിനിടെ വാഹനത്തിനുള്ളിൽ തീ ആളി പടർന്നതോടെ രക്ഷാപ്രവർത്തനത്തിനുള്ള ശ്രമം മുടങ്ങി. പിന്നീട് പൊലീസും നാട്ടുകാരും ചേർന്ന് വെള്ളം ഒഴിച്ചാണ് തീയണച്ചത്. മൃതദേഹം പീരുമേട് താലൂക്ക് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. കാറിന്റെ മുൻവശത്തുനിന്നുമാണ് തീ പടർന്നതെന്ന് രക്ഷാപ്രവർത്തനത്തിന് ആദ്യം എത്തിയവർ പറഞ്ഞു.



കുമളിയിൽ ഓടിക്കൊണ്ടിരുന്ന കാറിന് തീപിടിച്ചുണ്ടായ അപകടം

# പിണറായിക്ക് ശൈലി മാറ്റം ബാധകമാക്കാതെ സി.പി.എം

### കീഴ്ഘടകങ്ങളുടെ അഭിപ്രായം നേതൃത്വം തള്ളി

**സ്വന്തം ലേഖകൻ**
തിരുവനന്തപുരം

മുഖ്യമന്ത്രി പിണറായി വിജയന്റെ ശൈലി ലോക്സഭാ തിരഞ്ഞെടുപ്പിൽ പരാജയത്തിന് കാരണമായെന്ന പാർട്ടി കീഴ്ഘടകങ്ങളുടെ അഭിപ്രായം തള്ളി സി.പി.എം നേതൃത്വം. സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും ശൈലിയല്ല തിരഞ്ഞെടുപ്പിലെ തിരിച്ചടിക്ക് കാരണമെന്നാണ് ഏ.കെ.ജി സെന്ററിൽ ചേർന്ന സി.പി.എം നേതൃയോഗത്തിന്റെ വിലയിരുത്തൽ. ക്ഷേമപ്രവർത്തനങ്ങളിൽ നേരിട്ട കാലതാമസം പരാജയ കാരണമായെന്നും വിലയിരുത്തി. അതേസമയം, മുഖ്യമന്ത്രിയുടെ ശൈലിക്കെതിരെ ജില്ലാ കമ്മിറ്റികളിൽ നിന്നടക്കം ഉയർന്ന വിമർശനങ്ങളെ യോഗം മുഖവിലയ്ക്ക് എടുത്തില്ല.

അതിനാൽ തെറ്റുതിരുത്തൽ നടപടിയിൽ മുഖ്യമന്ത്രിയുടെ ശൈലിമാറ്റം വേണ്ടെന്നാണ് പാർട്ടി തീരുമാനം. ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളിൽനിന്ന് പാർട്ടി അകന്നു. പാർട്ടിയുടെ പ്രവർത്തനത്തിന് യുവാക്കളെത്തുന്നില്ല എന്നുള്ളതും സംസ്ഥാന സമിതിയോഗത്തിൽ ഉയർന്നു. അതിനാൽ പാർട്ടി പ്രവർത്തനങ്ങളിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കാനുള്ള നടപടിയുണ്ടാകും.

പാർട്ടിയിലേക്ക് യുവാക്കളെ ആകർഷിക്കാൻ താഴെതട്ടിൽ കാര്യക്ഷമമായി ഇടപെടലുണ്ടാകണമെന്നും പാർട്ടി വിലിയിരുത്തുന്നു. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് വലിയ ഭരണനേട്ടങ്ങൾ നിരത്തി കേരളീയവും നവകേരള സദസും നടത്തിയെങ്കിലും ജനം അകന്നു. വികസന നേട്ടങ്ങൾ അവതരിപ്പിച്ചുള്ള നവകേരള യാത്ര ഗുണം ചെയ്തില്ല.

നവകേരള സദസ്സും കേരളീയവും നടത്തിയിരുന്ന സമയത്ത് സാമൂഹിക ക്ഷേമ പെൻഷൻ ഉൾപ്പെടെയുള്ളവ മുടങ്ങി. ലൈഫ് മിഷനിൽ വീടുകിട്ടിയവർക്കു പോലും അത് പൂർത്തിയാക്കാൻ ഫണ്ടുകിട്ടുന്നത് വൈകി. സാധാരണക്കാർ ഏറെ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളിൽ മരുന്നുകളുൾപ്പെടെ കിട്ടാതെ ജനം വലഞ്ഞു. തുടങ്ങി നിരവധി കാരണങ്ങൾ ജനങ്ങളിൽ സർക്കാരിനോട് അമർഷമുണ്ടാക്കിയെന്നും പാർട്ടി വിലയിരുത്തി.

ബി.ജെ.പിയിലേക്ക് പോയ പാർട്ടി വോട്ടുകൾ തിരികെ കൊണ്ടുവരണം. അതിനായി ഊർജിത നടപടികൾ വേണം. ഇതിന്റെ ഭാഗമായി ക്ഷേത്രകാര്യങ്ങളിൽ സി.പി.എം കൂടുതൽ ഇടപെടേണ്ടതുണ്ട്. അതിലൂടെ ബി.ജെ..പി- ആർ.എസ്.എസ് പ്രവർത്തകർ ക്ഷേത്രകാര്യങ്ങളിൽ ഇടപെടുന്നതിലൂടെ ഉണ്ടാക്കുന്ന സ്വാധീനം കുറയ്ക്കാനാകുമെന്നും സി.പി.എം യോഗം വിലയിരുത്തി.

## തോൽവിയിൽ സമനില തെറ്റിയ സി.പി.എം മുസ്ലിംലീഗിനെയും എസ്.എൻ.ഡി.പിയെയും പഴിചാരുന്നു

തിരുവനന്തപുരം: തോൽവിഭാരം ആരുടെ തലയിൽ കെട്ടിവെക്കണമെന്നറിയാതെ സി.പി.എം. നേരത്തേ മുസ്ലിം ലീഗിനെ ഇടതുമുന്നണിയിലേക്ക് ക്ഷണിച്ച സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദന് തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ മുസ്ലിം ലീഗ് വർഗീയ പാർട്ടിയായി. തോൽവിക്ക് കാരണം നേതാക്കളുടെ ധാർഷ്ട്യവും സർക്കാരിന്റെ പരാജയവുമാണെന്ന പൊതുവിലയിരുത്തൽ ഉണ്ടാകുകയും തുടർന്ന് തെറ്റുതിരുത്തൽ രേഖക്ക് രൂപം നൽകുകയും ചെയ്തിരുന്നു. എന്നാൽ തോൽവിയിലും ‘സ്വയം തോൽക്കാൻ’ തയാറായാതെയാണ് സി.പി.എം പുതിയ ന്യായീകരണവുമായി രംഗത്തെത്തുന്നത്.

ലീഗിന്റെ വർഗീയത തുറന്നുകാട്ടുമെന്ന് പ്രഖ്യാപിച്ച് പരിഹാസ്യനാകുന്ന സി.പി.എം സെക്രട്ടറിയെയാണ് ഇന്നലെ വാർത്താസമ്മേളനത്തിൽ കണ്ടത്. മുസ്ലിം ലീഗ് മതരാഷ്ട്രവാദികളുമായി യോജിച്ച് പ്രവർത്തിക്കുകയാണെന്ന് അദ്ദേഹം വിമർശിച്ചു. മുസ്ലിം ലീഗിന്റെ വർഗീയ നിലപാടിനെ തുറന്ന് കാണിക്കും. വർഗീയ ശക്തികൾ പരസ്പരം കുറ്റപ്പെടുത്തി ശക്തിപ്പെടുന്ന അവസ്ഥയാണ് കേരളത്തിലുള്ളത്. ന്യൂനപക്ഷങ്ങളെ പരസ്പരം ഏറ്റുമുട്ടിക്കാനും ആർ.എസ്.എസ് ശ്രമിക്കുന്നുണ്ട്. ന്യൂനപക്ഷ പരിരക്ഷക്ക് പ്രാധാന്യം നൽകും. ഇടതുപക്ഷം പ്രധാന ചുമതലയായി ന്യൂനപക്ഷ പരിരക്ഷ ഏറ്റെടുക്കും. നഗര മേഖലയിൽ സി.പി.എം സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തും. നവ മാധ്യമങ്ങളിൽ സി.പി.എം വിരോധം വലിയ തോതിൽ പ്രചരിപ്പിക്കുന്നുണ്ട്. എന്തും ചെയ്യാൻ മടിയില്ലാത്ത മാധ്യമ ശൃംഖല സി.പി.എമ്മിനെതിരെ തിരിയുകയാണ്. ഈ സാഹചര്യത്തിൽ ഇടതുപക്ഷ ആശയ പ്രചാരണം ശക്തിയായി നവമാധ്യമങ്ങളിൽ നടപ്പാക്കുമെന്നും ഗോവിന്ദൻ പറഞ്ഞു. തോൽവിയിൽ സമനിലതെറ്റിയ സി.പി.എം എസ്.എൻ.ഡി.പിയെയും വെറുതെവിട്ടില്ല. ശ്രീനാരായണ ഗുരു സ്ഥാപിച്ച എസ്.എൻ.ഡി.പിയുടെ നേതാക്കൾ സി.പി.എം വിമർശനം നടത്തുകയാണെന്ന് ഗോവിന്ദൻ കുറ്റപ്പെടുത്തി. എസ്.എൻ.ഡി.പി നേതാക്കൾ വ്യക്തിപരമായ വിമർശനങ്ങൾ പോലും നടത്തുന്നു. ബി.ഡി.ജെ.എസിനെ ഒരു ഉപകരണമാക്കി ആർ.എസ്.എസ് അജണ്ട നടപ്പാക്കുകയാണ്. ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി ഒറ്റക്ക് ഭൂരിപക്ഷം നേടുമെന്ന് പ്രചരിപ്പിച്ചു.

## ഉമ്മൻ ചാണ്ടി കൃത്രിമ രാഷ്ട്രീയാരോപണത്തിന് ബലിയാടായ നേതാവ്: പി.എസ്. ശ്രീധരൻപിള്ള

തിരുവനന്തപുരം: ഉമ്മൻ ചാണ്ടി കൃത്രിമമായി ആരോപണമുന്നയിക്കുന്ന രാഷ്ട്രീയ സംസ്കാരത്തിന്റെ ബലിയടാണെന്ന് ഗോവ ഗവർണ്ണർ പി.എസ്.ശ്രീധരൻപിള്ള. ഉമ്മൻചാണ്ടി വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ പരമാധികാരത്തെ നെഞ്ചിലേറ്റിയ നേതാവാണ് ഉമ്മൻചാണ്ടി. ഉമ്മൻചാണ്ടി തന്റെ പൊതുപ്രവർത്തനത്തിന് മാതൃകയാണ്. ഉമ്മൻചാണ്ടിക്ക് കേരളം നൽകിയ യാത്രയയപ്പ് സമാനതകളില്ലാത്തതാണെന്നും അദ്ദേഹം പറഞ്ഞു. ഉമ്മൻചാണ്ടി ഫൗണ്ടേഷനാണ് ആയിരം കുട്ടികൾക്കായി പത്ത് ലക്ഷം രൂപയുടെ സ്കോളർഷിപ്പ് ഏർപ്പെടുത്തിയത്. ഉമ്മൻ ചാണ്ടി ഫൗണ്ടേഷൻ ചെയമാൻ ചാണ്ടി ഉമ്മൻ എം.എൽ.എ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കോൺഗ്രസ് പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തല, സി.പി.ഐ നേതാവ് പന്ന്യൻ രവീന്ദ്രൻ, മറിയാമ്മ ഉമ്മൻ, മുൻ എം.എൽ.എ തമ്പാനൂർ രവി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.